| | |
|---|---|
| എൽ.എഫ്.ക്യൂ/എം.എൽ/332/2013 | ലോക്കൽ ഫണ്ട് ഓഡിറ്റ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,<br>കൊല്ലം ജില്ല<br><br>തീയതി: 09 ഏപ്രിൽ 2013 |

കൊല്ലം ജില്ലയിലെ, പുനലൂർ നഗരസഭയുടെ 2010-11 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്. (1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്/ 1994-ലെ കേരളാ നഗരപാലികാ നിയമം 295(4)-ാം വകുപ്പ്, 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | *ശ്രീ. ബി. സ്കന്ദകുമാർ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,<br>ലോക്കൽ ഫണ്ട് ഓഡിറ്റ്,<br>ജില്ലാ ഓഫീസ്, കൊല്ലം* |

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പുനലൂർ നഗരസഭയുടെ 2010-11 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

നഗരസഭ 17-05-2012 മുതൽ 08-02-2013 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം (വരവ്/ചെലവ്/വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം |
|---|---|---|
| 11-02-2013 മുതൽ | 2010-11 വാർഷികം | ശ്രീ. ജി. സജികുമാർ (ഓഡിറ്റ് ഓഫീസർ)<br>ശ്രീ. ഐസക് ജോൺ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)<br>ശ്രീ. എം.എസ്. സുരേഷ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. എസ്. രാജേഷ് ഖന്ന (ഓഡിറ്റർ) |

Local Fund Audit Department

# നിർവ്വഹണാധികാരികൾ

**ചെയർമാൻ : (1) അഡ്വ: എസ്.എം. ഖലീൽ, 01-04-2010 മുതൽ 01-10-2010 വരെ**
**(2) അഡ്ഹോക്ക് കമ്മിറ്റി, 02-10-2010 മുതൽ 31-10-2010 വരെ**
**(3) ശ്രീമതി. വിമലാ ഗുരുദാസൻ, 01-11-2010 മുതൽ 31-03-2011 വരെ**

**സെക്രട്ടറി : (1) ശ്രീ. എസ്. ജയകുമാർ, 01-04-2010 മുതൽ 17-12-2010 വരെ**
**(2) ശ്രീ. വി.എ. ബാബുജാൻ, മുനിസിപ്പൽ എഞ്ചിനീയർ**
**(സെക്രട്ടറിയുടെ അധിക ചുമതല) 18-12-2010 മുതൽ 21-12-2010 വരെ**
**(3) ശ്രീ. പി. രാമകൃഷ്ണൻ, 22-12-2010 മുതൽ 31-03-2011 വരെ**

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ള തുമാകുന്നു.

**ഭാഗം 1:-പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2:-വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീത് പരിശോധനയിലും നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3:-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.**

നഗരസഭയുടെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4:- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

നഗരസഭയുടെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തികനില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

Local Fund Audit Department

## ഭാഗം – 1

## പൊതു അവലോകനം

പുനലൂർ നഗരസഭയുടെ 2010-11 വർഷത്തെ പുതുക്കിയ ബജറ്റ് 28-02-2011 തീയതിയിൽ കൂടിയ നഗരസഭാ യോഗത്തിൽ അംഗീകരിക്കുകയുണ്ടായി. 2010-11 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 18,80,09,115/- രൂപയും, ആകെ ചെലവ് 17,48,18,700/- രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2010-11 വർഷത്തെ ആകെ വരവ് 16,05,46,756/- രൂപയും, ആകെ ചെലവ് 16,34,82,377/- രൂപയും ആണ്

2010-11 സാമ്പത്തിക വർഷത്തെ ആകെ വരവിൽ സർക്കാരിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ഇനത്തിൽ ലഭിച്ച 4,29,92,312/- രൂപയും, ഗുണഭോക്തൃ വിഹിതം ഇനത്തിൽ ലഭിച്ച 5,56,200/- രൂപയും, നഗരസഭയുടെ തനത് വരുമാനമായ 2,59,62,692.04/- രൂപയും ഉൾപ്പെടുന്നു. (വിശദ വിവരത്തിന് ഭാഗം-4 കാണുക).

മേൽപ്പറഞ്ഞ വരവുചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 2010-11 വർഷത്തിൽ നഗരസഭയ്ക്ക് വരവ് ഇനങ്ങളിൽ ₹ 8,16,314/- നഷ്ടം ഉണ്ടായതായും, ₹ 6,09,626/- ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കണ്ടെത്തി. വിവിധ കാരണങ്ങളാൽ 60,90,379/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. (വിശദ വിവരത്തിനായി ഈ റിപ്പോർട്ടിൻെറ 2,3 ഭാഗങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു)

ഓഡിറ്റിൻെറ ശ്രദ്ധയിൽപ്പെട്ട മറ്റ് പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പുനലൂർ നഗരസഭയുടെ പുതുക്കിയ ബജറ്റ് നഗരസഭാ കൗൺസിൽ അംഗീകരിക്കുകയുണ്ടായി. ബജറ്റ് അവതരിപ്പിക്കുമ്പോൾ ഗവൺമെന്റ് നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിലവിലുള്ള അവസ്ഥകൾ കണക്കിലെടുത്തും, യാഥാർത്ഥ്യബോധത്തോടുകൂടി ഉള്ളതാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

Local Fund Audit Department

വൗച്ചറുകൾ കുറ്റമറ്റരീതിയിൽ ക്രമത്തിൽ സൂക്ഷിക്കുകയും, ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭയിൽ യഥാസമയം പ്രോജക്റ്റുകൾക്ക് ഡി.പി.സിയിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ പല പ്രോജക്റ്റുകളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. നഗരസഭയിൽ കേരളാ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൊതുടാപ്പുകളുടെ വ്യക്തമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നീ കണക്കുകൾ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. തൻവർഷവും നഗരസഭയിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വൻതുക ചെലവഴിച്ച് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങി വരുന്നുണ്ട്. സംരക്ഷണ ഗ്രാന്റ് (റോഡ് ഇതരം) പ്രധാനമായും വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ അടവാക്കുവാൻ ആണ് ഉപയോഗിച്ചു വരുന്നത്. ആയതിനാൽ സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് തനത് ആസ്തികൾ പുതിയതായി സൃഷ്ടിക്കുവാൻ കഴിയുന്നില്ല.

2010-11 വർഷത്തെ ഓഡിറ്റിലും സാമ്പത്തിക പരിമിതി മൂലം ബുദ്ധിമുട്ടുന്ന നഗരസഭയെയാണ് കാണുവാൻ കഴിയുന്നത്. ദൈനംദിന ചെലവുകൾ നടത്തുവാനും, ജീവനക്കാരുടെ ശമ്പള, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ ഒടുക്ക് വരുത്തുന്നതിനും നഗരസഭ ബുദ്ധിമുട്ടുന്നു. എന്നാൽ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് കാര്യക്ഷമമായ നടപടികൾ ഒന്നും തന്നെ നഗരസഭ സ്വീകരിച്ചു കാണുന്നില്ല. വാടക കുടിശ്ശിക പിരിച്ചെടുക്കാത്തതുമൂലം 5,58,686/- രൂപയുടെ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിവ്, മാർക്കറ്റ് ഗേറ്റ് ഫീ എന്നിവ സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാടക കുടിശ്ശിക വരുത്തുന്നവർക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ല.

കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ നഗരസഭയിൽ പരിപാലിച്ചു വരുന്നില്ല. സ്ഥാപന തൊഴിൽ നികുതി പിരിക്കുന്നതിലെ അപാകതകൾ മൂലം 28,000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന പല പ്രമുഖ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിൽ നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാത്തതിനാൽ വൻനഷ്ടം നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്.

Local Fund Audit Department

ടെൻഡർ എക്സസ് അനുവദിച്ച മരാമത്ത് പ്രവൃത്തികളിൽ ടാറിന്റെ വിപണി വില കരാറുകാരിൽ നിന്നും ഈടാക്കാത്തതുമൂലം 2,15,108/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. (ഖണ്ഡിക 3(1) കാണുക). മരാമത്ത് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് മുമ്പ് തന്നെ ടാർ സ്വകാര്യ വ്യക്തിയ്ക്ക് നൽകിയ സംഭവവും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (ഖണ്ഡിക 3(3) കാണുക). 2010-11 വർഷത്തെ മരാമത്ത് പ്രവൃത്തികൾക്കായി 676 ബാരൽ ടാറിന്റെ വില ഭാരത് പെട്രോളിയം കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട് എങ്കിലും 36 ബാരൽ ടാർ നാളിതുവരെ നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല (ഖണ്ഡിക 3(4) കാണുക).

2010-11 വർഷത്തിൽ നൽകിയിട്ടുള്ളതും, നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതുമായ 5,86,853/- രൂപയുടെ മുൻകൂറുകൾ 18% പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ് (ഖണ്ഡിക 3(5) കാണുക). അർഹതയില്ലാത്ത കാലയളവിലേയ്ക്ക് ചെയർമാന് ഓണറേറിയം ഇനത്തിൽ അനുവദിച്ച ₹ 19,963/- തിരികെ ഈടാക്കേണ്ടതാണ് (ഖണ്ഡിക 3(6) കാണുക). 2010-11 വർഷത്തിൽ ദിവസവേതനക്കാർക്ക് ₹ 25,490/- അധികം നൽകി. യു.ഐ.ഡി.എസ്.എസ്. എം.ടി.യുടെ പ്രവർത്തനത്തിൽ 81,657/- രൂപയുടെ പാഴ്ച്ചെലവുകൾ സംഭവിച്ചിട്ടുണ്ട്. നിയമാനുസൃത കരാർ ഇല്ലാത്തതിനാൽ വാടകക്കാരുടെ വെള്ളക്കരവും നഗരസഭ ഒടുക്കേണ്ടി വന്നു. കൂടാതെ ₹ 1,12,415/- രണ്ട് തവണ ഒടുക്ക് വരുത്തുകയും ചെയ്തു (ഖണ്ഡിക 3(9) കാണുക).

Local Fund Audit Department

ആശ്രയ ചലഞ്ച് ഫണ്ടിൽ-മുനിസിപ്പൽ ഫണ്ടിൽ അവശേഷിക്കുന്ന തുക കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതുണ്ട് (ഖണ്ഡിക 3(11) കാണുക). സ്യൂട്ട് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതുമൂലം ₹ 40,250/- തടസ്സപ്പെടുത്തിയിട്ടുണ്ട്. നഗരസഭയിൽ പ്രൊവിഡന്റ് ഫണ്ട് വിഹിതം കൃത്യമായി അടവ് വരുത്തുന്നില്ല. ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. കൂടാതെ ഭവന നിർമ്മാണ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വെട്ടിപ്പുഴയിലുള്ള നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിന് ബാക്കി ഭാഗം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പാർട്ട് ബില്ലിൽ നിന്നും നിയമാനുസൃത റീടെൻഷൻ തുക ഈടാക്കിയിട്ടില്ലാത്തതിനാൽ കരാറുകാരന് ₹ 11,58,385/- താൽക്കാലികമായി അധികം നൽകിയിരിക്കുന്നു. നഗരസഭാ കരിയർ ഹബ്ബിന്റെ പ്രവർത്തനത്തിനായി ₹ 1,48,655/- ചെലവഴിച്ചു എങ്കിലും കരിയർ ഹബ്ബിന്റെ പ്രവർത്തനം നടക്കുന്നില്ല. സമഗ്ര പൂരക പോഷകാഹാര പദ്ധതി, സമഗ്ര നെൽകൃഷി വികസനം എന്നീ പ്രോജക്റ്റുകളുടെ നിർവ്വഹണത്തിൽ ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചിട്ടുണ്ട്.

നഗരസഭയിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വളരെയേറെ അപാകതകൾ കാണപ്പെടുന്നു (ഖണ്ഡിക 3(26) കാണുക). നഗരസഭയ്ക്ക് ആവശ്യമായതിലും അധികം വാഹനം ഉണ്ട്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുത്തുന്ന രീതിയിലേയ്ക്ക് വാഹന ഉപയോഗം മാറിയിരിക്കുന്നു. വാഹന ഉപയോഗത്തിൽ ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തി ഇന്ധന/വാഹന ഉപയോഗം പരിമിതപ്പെടുത്തുവാൻ ശ്രമിക്കേണ്ടതുണ്ട്.

ഭാഗം –2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### *ഖണ്ഡിക 2(1) ധനസ്ഥിതി മോശമായിട്ടും വാടക കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി ഇല്ല നഷ്ടം 2010-11-ൽ ₹ 5,73,774/-*

നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടകക്കാർ വരുത്തിയ 53,90,907/- രൂപയുടെ വെള്ളക്കരം കുടിശ്ശിക പരമാവധി കുറച്ചു കൊടുക്കണം എന്ന് അഭ്യർത്ഥിച്ചു കൊണ്ട് വാട്ടർ അതോറിറ്റിയ്ക്ക് നഗരസഭാ സെക്രട്ടറി അയച്ച കത്തിൽ (നമ്പർ ജി3 - 5341/09 തീയതി 08-01-2010) നഗരസഭയുടെ ധനസ്ഥിതി വളരെ മോശമാണ് എന്ന് പറയുന്നു. ദൈനംദിന ചെലവുകൾ നടത്തുവാനോ, ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകുവാനോ ഉള്ള പണം ഇല്ല എന്നും വൈദ്യുതി ചാർജ്ജ് പോലും അടയ്ക്കുവാൻ നഗരസഭ ബുദ്ധിമുട്ടുകയാണ് എന്നും അറിയിച്ചു കൊണ്ട് റവന്യൂ മന്ത്രിയുടെ ഓഫീസിലേയ്ക്ക് നഗരസഭാ ചെയർമാൻ 31-08-2010-ൽ കത്ത് അയച്ചിട്ടുണ്ട്.

Local Fund Audit Department

എന്നാൽ, ധനസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള നടപടികൾ ഒന്നും നഗരസഭ കൈക്കൊള്ളുന്നില്ല. 2009-10-ൽ വാടകക്കാരിൽ നിന്നും ₹ 9,72,589/- പിരിച്ചെടുക്കുവാൻ ഉണ്ട്. പ്രസ്തുത കുടിശ്ശിക ഒടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയത് 2012-13-ൽ ആണ്. വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും തുക ഈടാക്കുവാനോ, കുടിശ്ശികക്കാരനെ ഒഴിവാക്കി പുനർലേലം നടത്തുവാനോ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് അന്വേഷിച്ചു കൊണ്ടുള്ള 23-02-2013-ലെ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കുടിശ്ശികക്കാർക്കെല്ലാം 2012-13-ൽ നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. 2003 മുതലുള്ള വാടക കുടിശ്ശികയുള്ളവർ നഗരസഭയിൽ ഉണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു.

Local Fund Audit Department

| **ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര്** | **റൂം നമ്പർ** | **വാടകക്കാരന്റെ പേര്** | **എന്ന് മുതൽ കുടിശ്ശിക എന്ന്** |
|---|---|---|---|
| പുനലൂർ മാർക്കറ്റിലെ F ബ്ലോക്ക് സ്റ്റാൾ | F 11 | വിൻസന്റ് ജോസ് | 05/03 |
| 7 നില ബിൽഡിംഗ് | റൂം നമ്പർ -22 | റഷീദ് എം.പി | 09/08 |
| ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | E -5 | മുഹമ്മദ് അജ്മൽ | 01/07 |
| ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | C -6 | ഷാജഹാൻ | 06/03 |
| ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | C -9 | രസവുമ്മ | 05/08 |

2010-11 സാമ്പത്തിക വർഷത്തിൽ വാടക സംബന്ധിച്ച ഡി.സി.ബി പത്രിക നഗരസഭ തയ്യാറാക്കിയില്ല. കെട്ടിട നികുതി, വാടക എന്നിവ സംബന്ധിച്ച 'സഞ്ചയ' സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഡി.സി.ബി പത്രിക കൈയ്യെഴുത്തായി തയ്യാറാക്കേണ്ടതാണ്. കുടിശ്ശികയുടെ വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | മുറിയുടെ നമ്പർ | വാടകക്കാരന്റെ പേര് | 2010-11-ലെ കുടിശ്ശിക |
|---|---|---|---|---|
| 1. | പുനലൂർ മാർക്കറ്റിലെ എ ബ്ലോക്ക് സ്റ്റാൾ | സ്റ്റാൾ നമ്പർ -14 | ശ്രീ. റ്റി. ശാമുവൽ | 5,000.00 |
| 2. | പുനലൂർ മാർക്കറ്റിലെ എ ബ്ലോക്ക് സ്റ്റാൾ | സ്റ്റാൾ നമ്പർ -25 | ശ്രീമതി. എൻ. കമലമ്മ | 1,926.00 |
| 3. | പുനലൂർ മാർക്കറ്റിലെ എ ബ്ലോക്ക് സ്റ്റാൾ | സ്റ്റാൾ നമ്പർ -26 | ശ്രീ. ജി. രാജൻ | 269.00 |
| 4. | പുനലൂർ മാർക്കറ്റിലെ എ ബ്ലോക്ക് സ്റ്റാൾ | സ്റ്റാൾ നമ്പർ -27 | ശ്രീ. കെ.എസ്. ജയിംസ് | 217.00 |
| 5. | പുനലൂർ മാർക്കറ്റിലെ എ ബ്ലോക്ക് സ്റ്റാൾ | സ്റ്റാൾ നമ്പർ -30 | ശ്രീ. കെ. രാജഗോപാലൻ നായർ | 1,133.00 |
| 6. | പുനലൂർ മാർക്കറ്റിലെ എ ബ്ലോക്ക് സ്റ്റാൾ | സ്റ്റാൾ നമ്പർ -31 | ശ്രീ. ജയസുന്ദരം | 11,060.00 |
| 7. | പുനലൂർ മാർക്കറ്റിലെ എ ബ്ലോക്ക് സ്റ്റാൾ | സ്റ്റാൾ നമ്പർ -32 | ശ്രീ. എസ്. ബിജു | 7,885.00 |
| 8. | പുനലൂർ മാർക്കറ്റിലെ എ ബ്ലോക്ക് സ്റ്റാൾ | സ്റ്റാൾ നമ്പർ -33 | ഡിവിഷണൽ എഞ്ചിനീയർ ടെലികോം | 9,240.00 |
| 9. | ബി. ബ്ലോക്ക് സ്റ്റാൾ | സ്റ്റാൾ നമ്പർ -ബി1 | ശ്രീ. സെയ്ദ് അഹമ്മദ് കബീർ | 12,000.00 |
| 10. | ബി. ബ്ലോക്ക് സ്റ്റാൾ | സ്റ്റാൾ നമ്പർ -ബി2 | ശ്രീ. സെയ്ദ് അഹമ്മദ് കബീർ | 12,000.00 |
| 11. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 2 | ശ്രീ. വി. കാർത്തികേയൻ | 300.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 12. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 3 | ശ്രീ. സി. മണി | 876.00 |
| 13. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 4 | ശ്രീ. കെ. പുരുഷോത്തമൻ | 64.00 |
| 14. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 5 | ശ്രീ. വി.കെ. വിക്രമൻ | 64.00 |
| 15. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 6 | ശ്രീ. അഭിലാഷ് | 64.00 |
| 16. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 8 | ശ്രീ. ഇസ്മയിൽ സാഹിബ് | 73.00 |
| 17. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 9 | ശ്രീ. ഇസ്മയിൽ സാഹിബ് | 73.00 |
| 18. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 10 | ശ്രീ. ഇസ്മയിൽ സാഹിബ് | 73.00 |
| 19. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 11 | ശ്രീ. വി.കെ. വിക്രമൻ | 70.00 |
| 20. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 13 | ശ്രീമതി. എസ്. ശ്രീലത | 108.00 |
| 21. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 15 | ശ്രീ. എ. നാസറുദ്ദീൻ | 448.00 |
| 22. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 17 | ശ്രീ. സുനിൽ എസ് | 900.00 |
| 23. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 18 | ശ്രീ. വി.കെ. വിക്രമൻ | 123.00 |
| 24. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 19 | ശ്രീ. മനോഹരൻ | 528.00 |
| 25. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 20 | ശ്രീ. ബദറുദ്ദീൻ.എ | 640.00 |
| 26. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 21 | ശ്രീ. ഷംസുദ്ദീൻ. ഒ | 64.00 |
| 27. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 23 | ശ്രീ. ഷെരീഫ് എസ്.എച്ച് | 768.00 |
| 28. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 24 | ശ്രീ. റസാഖ്. എ | 768.00 |
| 29. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 25 | ശ്രീ. രാമചന്ദ്രൻ. റ്റി | 768.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 30. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 27 | ശ്രീ. ബൈജുമോൻ. ബി | 968.00 |
| 31. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 28 | ശ്രീ. റഹ്മാൻ. എച്ച്.എ | 192.00 |
| 32. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 29 | ശ്രീ. റഹ്മാൻ. എച്ച്.എ | 192.00 |
| 33. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 30 | ഇസ്മയിൽ കുട്ടി | 192.00 |
| 34. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 32 | ശ്രീമതി. സലീന.ഇ | 3,600.00 |
| 35. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 34 | ശ്രീമതി. സലീന. ഇ | 3,600.00 |
| 36. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 35 | ശ്രീമതി. ലൈലാ ബീവി | 192.00 |
| 37. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 36 | ശ്രീമതി. ലൈലാ ബീവി | 192.00 |
| 38. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 37 | ശ്രീ. സുബ്ബയ്യ ചെട്ടിയാർ. എ | 128.00 |
| 39. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 38 | ശ്രീ. സുബ്ബയ്യ ചെട്ടിയാർ. എ | 128.00 |
| 40. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 39 | ശ്രീമതി. ആമിന ഉമ്മാൾ | 336.00 |
| 41 | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 40 | ശ്രീമതി. ആമിന ഉമ്മാൾ | 336.00 |
| 42. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 49 | ശ്രീമതി. സഫിയാ ബീവി | 876.00 |
| 43. | ബി. ബ്ലോക്ക് ഓപ്പൺ സ്റ്റാൾ | 50 | ശ്രീ. പൊന്നച്ചൻ. ജി | 972.00 |
| 44. | സി. ബ്ലോക്ക് സ്റ്റാൾ | സി-3 | ശ്രീ. മുഹമ്മദ് റാഫി | 12,000.00 |
| 45. | സി. ബ്ലോക്ക് സ്റ്റാൾ | സി-4 | ശ്രീ. ഒ. ഷംസുദ്ദീൻ | 652.00 |
| 46. | സി. ബ്ലോക്ക് സ്റ്റാൾ | സി-5 | ശ്രീ. എ. ദിനകരൻ | 396.00 |
| 47. | സി. ബ്ലോക്ക് സ്റ്റാൾ | സി-6 | ശ്രീമതി. എ. ലൈലാബീവി | 132.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 48. | സി. ബ്ലോക്ക് സ്റ്റാൾ | സി-7 | ശ്രീ. എ. അബ്ദുൽ സലാം | 132.00 |
| 49. | സി. ബ്ലോക്ക് സ്റ്റാൾ | സി-8 | ശ്രീ. എം. സെയ്ദ് മഹദൂർ | 1,128.00 |
| 50. | ഡി. ബ്ലോക്ക് സ്റ്റാൾ | ഡി-1 | ശ്രീമതി. എസ്. വസന്തകുമാരി | 11,460.00 |
| 51. | ഡി. ബ്ലോക്ക് സ്റ്റാൾ | ഡി-2 | ശ്രീ. ജോർജ്ജ് ജേക്കബ് | 808.00 |
| 52. | ഡി. ബ്ലോക്ക് സ്റ്റാൾ | ഡി-5 | ശ്രീ. എ. ജാരിയത്ത് | 798.00 |
| 53. | ഡി. ബ്ലോക്ക് സ്റ്റാൾ | ഡി-6 | ശ്രീമതി. വിലാസിനി | 306.00 |
| 54. | ഡി. ബ്ലോക്ക് സ്റ്റാൾ | ഡി-7 | ശ്രീ. പി. ചന്ദ്രശേഖരൻ പിള്ള | 392.00 |
| 55. | ഡി. ബ്ലോക്ക് സ്റ്റാൾ | ഡി-8 | ശ്രീമതി. ലൈലാബീവി.എ | 294.00 |
| 56. | ഡി. ബ്ലോക്ക് സ്റ്റാൾ | ഡി-9 | ശ്രീ. ഹുസൈൻ. ജി.കെ | 196.00 |
| 57. | ഡി. ബ്ലോക്ക് സ്റ്റാൾ | ഡി-10 | ശ്രീമതി. നിഷാന സലാം | 600.00 |
| 58. | ഡി. ബ്ലോക്ക് സ്റ്റാൾ | ഡി-37 | ശ്രീ. അബ്ദുൽ റഹ്മാൻ | 133.00 |
| 59. | ഡി. ബ്ലോക്ക് സ്റ്റാൾ | ഡി-38 | ശ്രീ. ഷൗക്കത്ത് അലി | 2,004.00 |
| 60. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ-1 | ശ്രീ. ബദറുദ്ദീൻ. എ | 1,280.00 |
| 61. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ-2 | ശ്രീ. ജോസ്. ഐ | 256.00 |
| 62. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ-6 | ശ്രീ. രാജേന്ദ്രൻ | 273.00 |
| 63. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ-7 | ശ്രീ. അബ്ദുൽ വഹാബ് | 849.00 |
| 64. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ-9 | ശ്രീ. അസഫ് അഹമ്മദ് | 318.00 |
| 65. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ-10 | ശ്രീ. ശശിധരൻ. എൻ | 845.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 66. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -എ | ശ്രീമതി. ശ്രീകല. ഒ | 1,092.00 |
| 67. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -സി | ശ്രീ. ജി. കൃഷ്ണൻ | 1,460.00 |
| 68. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -എഫ് | ശ്രീ. റ്റിന്റോ | 2,000.00 |
| 69. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -ജി | ശ്രീ. പൂക്കുട്ടി. ഇ | 3,648.00 |
| 70. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -എച്ച് | ശ്രീ. ഷാജഹാൻ | 304.00 |
| 71. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -ഐ | ശ്രീ. സുരേഷ് കുമാർ.എസ് | 912.00 |
| 72. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -ജെ | ശ്രീ. മുഹമ്മദ് മീരാൻ | 912.00 |
| 73. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -കെ | ശ്രീ. ശങ്കരൻ കുട്ടി | 608.00 |
| 74. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -എം | ശ്രീമതി. സുഭദ്ര | 1,216.00 |
| 75. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -എൻ | ശ്രീ. സുന്ദരേശൻ | 1,216.00 |
| 76. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -ഒ | ശ്രീമതി. ജയാ മനോഹരൻ | 2,000.00 |
| 77. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -പി | ശ്രീ. സോമൻ. വൈ | 1,216.00 |
| 78. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -ആർ | ശ്രീമതി. ശ്യാമള | 1,520.00 |
| 79. | ഇ. ബ്ലോക്ക് സ്റ്റാൾ | 11 -എസ് | ശ്രീമതി. സരോജിനി | 1,520.00 |
| 80. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ - 34 | ശ്രീ. ബഷീർ. എസ് | 266.00 |
| 81. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ - 35 | ശ്രീ. ബഷീർ. എസ് | 133.00 |
| 82. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ - 36 | ശ്രീ. ബഷീർ. എസ് | 402.00 |
| 83. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ - 37 | ശ്രീ. അബ്ദുൽ വഹാബ് | 363.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 84. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ - 38 | ശ്രീ. എം. ഷെരീഫ് | 133.00 |
| 85. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ - 39 | ശ്രീ. എം. ഷെരീഫ് | 118.00 |
| 86. | ഇ. ബ്ലോക്ക് സ്റ്റാൾ | ഇ - 40 | ശ്രീ. എം. ഷെരീഫ് | 366.00 |
| 87. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 1 | ശ്രീ. സ്റ്റാൻസിലാവോസ് | 1,011.00 |
| 88. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 2 | ശ്രീ. ഷിബു രാജൻ | 1,386.00 |
| 89. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 3 | ശ്രീ. വി. ജയിംസ് | 4,284.00 |
| 90. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 4 | ശ്രീ. മാടസ്വാമി | 1,071.00 |
| 91. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 5 | ശ്രീ. ലാസ്സർ | 4,284.00 |
| 92. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 6 | ശ്രീ. ഗോപാലകൃഷ്ണൻ | 711.00 |
| 93. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 7 | ശ്രീ. ഇബ്രാഹിം കുട്ടി | 1,071.00 |
| 94. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 8 | ശ്രീ. ആഞ്ചലോസ് | 2,856.00 |
| 95. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 9 | ശ്രീ എൽ. ജോയി | 1,476.00 |
| 96. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 10 | ശ്രീ. ഹനീഫ | 1,476.00 |
| 97. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 11 | ശ്രീ. വിൻസന്റ് ജോസ് | 1,680.00 |
| 98. | എഫ്. ബ്ലോക്ക് സ്റ്റാൾ | എഫ് - 12 | ശ്രീ. ഡോട്ടമ്മ രാജു | 2,184.00 |
| 99. | Other Plot Stalls | ഓപ്പൺ സ്റ്റാൾ നമ്പർ - 1 | ശ്രീ. സലാഹുദ്ദീൻ | 52.00 |
| 100. | Other Plot Stalls | ഓപ്പൺ സ്റ്റാൾ നമ്പർ - 2 | ശ്രീ. വി. കാസിം കുഞ്ഞ് | 624.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 101. | Other Plot Stalls | ഓപ്പൺ സ്റ്റാൾ നമ്പർ - 3 | ശ്രീ. ജമാലുദ്ദീൻ കുഞ്ഞ് | 364.00 |
| 102. | Other Plot Stalls | ഓപ്പൺ സ്റ്റാൾ നമ്പർ - 4 | ശ്രീ. ജമാലുദ്ദീൻ കുഞ്ഞ് | 52.00 |
| 103. | Other Plot Stalls | ഓപ്പൺ സ്റ്റാൾ നമ്പർ - 5 | ശ്രീ. അഷ്റഫ് കുട്ടി | 52.00 |
| 104. | Other Plot Stalls | ഓപ്പൺ സ്റ്റാൾ നമ്പർ - 6 | ശ്രീ. മുസ്തഫ | 636.00 |
| 105. | Other Plot Stalls | ഓപ്പൺ സ്റ്റാൾ നമ്പർ - 7 | ശ്രീ. ഖദീജാ ബീവി | 104.00 |
| 106. | Other Plot Stalls | ഓപ്പൺ സ്റ്റാൾ നമ്പർ - 8 | ശ്രീ. മുഹമ്മദ് മുസ്തഫ | 624.00 |
| 107. | Other Plot Stalls | ഓപ്പൺ സ്റ്റാൾ നമ്പർ - 10 | ശ്രീ. ഷെരീഫ്. യു.എം | 156.00 |
| 108. | Other Plot Stalls | ഓപ്പൺ സ്റ്റാൾ നമ്പർ - 11 | അബ്ദുൽ റഹീം | 201.00 |
| 109. | വെജിറ്റബിൾ സ്റ്റാൾ | 3 | ശ്രീ. ജി. കുഞ്ഞ് കുഞ്ഞ് | 370.00 |
| 110. | വെജിറ്റബിൾ സ്റ്റാൾ | 4 | ശ്രീ. എ. ഫസലുദ്ദീൻ | 408.00 |
| 11. | വെജിറ്റബിൾ സ്റ്റാൾ | 5 | ശ്രീ. എ. ഫസലുദ്ദീൻ | 507.0 |
| 112. | വെജിറ്റബിൾ സ്റ്റാൾ | 6 | ശ്രീമതി. ഏലിയാമ്മ | 336.00 |
| 113. | വെജിറ്റബിൾ സ്റ്റാൾ | 7 | ശ്രീമതി. കെ. കുഞ്ഞുമോൾ | 336.00 |
| 114. | വെജിറ്റബിൾ സ്റ്റാൾ | 8 | ശ്രീ. മണി. കെ | 338.00 |
| 115. | വെജിറ്റബിൾ സ്റ്റാൾ | 9 | ശ്രീ. മൊയ്തീൻ കുട്ടി.എൻ | 338.00 |
| 116. | വെജിറ്റബിൾ സ്റ്റാൾ | 11 | ശ്രീമതി. തങ്കമ്മ. കെ | 507.00 |
| 117. | വെജിറ്റബിൾ സ്റ്റാൾ | 12 | ശ്രീമതി. ഹാജിറാ ബീവി | 507.00 |
| 118. | വെജിറ്റബിൾ സ്റ്റാൾ | 13 | ശ്രീ. ജമാൽ. ഇ | 507.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 119. | വെജിറ്റബിൾ സ്റ്റാൾ | 14 | ശ്രീമതി. നബീസാ ബീവി | 507.00 |
| 120. | വെജിറ്റബിൾ സ്റ്റാൾ | 15 | ശ്രീ. മുഹമ്മദ് കണ്ണ്. വി | 2,448.00 |
| 121. | വെജിറ്റബിൾ സ്റ്റാൾ | 16 | ശ്രീ. മുഹമ്മദ് മുസ്തഫ | 2,220.00 |
| 122. | വെജിറ്റബിൾ സ്റ്റാൾ | 17 | ശ്രീമതി. സുബോധിനി | 676.00 |
| 123. | വെജിറ്റബിൾ സ്റ്റാൾ | 18 | ശ്രീമതി. പാത്തുമ്മാൾ | 507.00 |
| 124. | വെജിറ്റബിൾ സ്റ്റാൾ | 20 | ശ്രീ. ജമാലുദ്ദീൻ | 169.00 |
| 125. | വെജിറ്റബിൾ സ്റ്റാൾ | 21 | നവാബ്ജാൻ. എസ് | 306.00 |
| 126. | വെജിറ്റബിൾ സ്റ്റാൾ | 22 | ശ്രീ. അബ്ദുൽ സലാം.ജി | 302.00 |
| 127. | വെജിറ്റബിൾ സ്റ്റാൾ | 23 | ശ്രീ. ഷാജഹാൻ. എസ് | 336.00 |
| 128. | വെജിറ്റബിൾ സ്റ്റാൾ | 24 | ശ്രീമതി. നബീസാ ബീവി | 338.00 |
| 129. | ഏഴ് നില ഷോപ്പിംഗ് കോംപ്ലക്സ് | റൂം. നമ്പർ - 11 | ശ്രീ. പ്രഭുലാൽ. എസ് | 1,200.00 |
| 130 | ഏഴ് നില ഷോപ്പിംഗ് കോംപ്ലക്സ് | റൂം. നമ്പർ - 13 | ശ്രീ. എൻ. സത്യൻ | 7,200.00 |
| 131. | ഏഴ് നില ഷോപ്പിംഗ് കോംപ്ലക്സ് | റൂം. നമ്പർ - 15 | ശ്രീ. രാജേന്ദ്രപ്രസാദ് | 2,500.00 |
| 132. | ഏഴ് നില ഷോപ്പിംഗ് കോംപ്ലക്സ് | റൂം. നമ്പർ - 20 | ശ്രീ. രവീന്ദ്രൻ.പി | 3,000.00 |
| 133. | ഏഴ് നില ഷോപ്പിംഗ് കോംപ്ലക്സ് | റൂം. നമ്പർ - 22 | ശ്രീ. റഷീദ് എം.പി | 14,400.00 |
| 134. | ഏഴ് നില ഷോപ്പിംഗ് കോംപ്ലക്സ് | റൂം. നമ്പർ - 27 | ശ്രീ. സുകുമാരൻ | 6,000.00 |
| 135. | ഏഴ് നില ഷോപ്പിംഗ് കോംപ്ലക്സ് | റൂം. നമ്പർ - 28 | ശ്രീ. അരുൺകുമാർ. എസ് | 8,000.00 |
| 136. | ഏഴ് നില ഷോപ്പിംഗ് കോംപ്ലക്സ് | റൂം. നമ്പർ -61 | ഫുഡ് ഇൻസ്പെക്ടർ | 9,420.00 |
| 137. | ഏഴ് നില ഷോപ്പിംഗ് കോംപ്ലക്സ് | റൂം. നമ്പർ - 70 | ടെക്നോശ്രീ | 4,950.00 |
| 138. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | എ-1 | ശ്രീ. സഖറിയ പി.എം. | 1,750.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 139. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | എ-2 | ശ്രീ. ജോസഫ് പി.എം | 3,500.00 |
| 140. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | എ-3 | ശ്രീ. ബേബി.എസ് | 3,500.00 |
| 141. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | എ-4 | ശ്രീ. ഷാജഹാൻ. എം | 1,750.00 |
| 142. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | എ-5 | ശ്രീ. താജുദ്ദീൻ | 13,128.00 |
| 143. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | എ-7 | ശ്രീ. ശശിധരൻ | 3,500.00 |
| 144. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | എ-8 | ശ്രീ. ബിനു. വി | 2,000.00 |
| 145. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | എ-10 | ശ്രീ. ശശിധരൻ പിള്ള | 5,250.00 |
| 146. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-1 | ശ്രീ. സണ്ണി. കെ.ജി | 1,375.00 |
| 147. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-2 | ശ്രീ. രഞ്ജിത്ത്. ജി | 1,250.00 |
| 148. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-3 | ശ്രീ. രഞ്ജിത്ത്. ജി | 1,250.00 |
| 149. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-4 | ശ്രീ. സന്തോഷ്.എസ് | 1,250.00 |
| 150. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-7 | ശ്രീ. ജോസ്. ബി | 2,500.00 |
| 151. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-8 | ശ്രീ. ബിനു. വി | 1,563.00 |
| 152. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-9 | ശ്രീ. ശശിധരൻ ചെട്ടിയാർ.എ | 1,250.00 |
| 153. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-10 | ശ്രീ. മോഹൻ. വി.കെ. | 1,250.00 |
| 154. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-11 | ശ്രീ. അനൂപ്. എസ് | 3,126.00 |
| 155. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-17 | ശ്രീ. സൂസമ്മ സാംസൺ | 1,250.00 |
| 156. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബി-18 | ശ്രീ. ഗണപതി. എസ് | 2,500.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 157. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഡി-1 | ശ്രീ. ബൈജു കുമാർ | 3,000.00 |
| 158. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഡി-2 | ശ്രീ. വിജി. പി | 2,250.00 |
| 159. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഡി-3 | ശ്രീ. രാജു | 9,000.00 |
| 160. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഡി-5 | ശ്രീ. മാമച്ചൻ | 1,500.00 |
| 161. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഡി-6 | ശ്രീ. ഷാജഹാൻ | 9,000.00 |
| 162. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-2 | ശ്രീ. സണ്ണി. കെ.ജി. | 825.00 |
| 163. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-5 | ശ്രീ. മുഹമ്മദ് അജ്മൽ | 9,000.00 |
| 164. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-6 | ശ്രീ. ഗോപാലകൃഷ്ണൻ | 1,500.00 |
| 165. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-7 | ശ്രീ. ഭാർഗ്ഗവൻ. ജി | 3,500.00 |
| 166. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-8 | ശ്രീ. സഫീർ | 1,500.00 |
| 167. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-11 | ശ്രീ. അനിൽ കുമാർ | 12,000.00 |
| 168. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-12 | ശ്രീ. ഉണ്ണുണ്ണി. പി | 12,000.00 |
| 169. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-16 | ശ്രീ. രഞ്ജിത്ത് | 4,950.00 |
| 170. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-17 | ശ്രീ. ഗോപകുമാർ | 9,000.00 |
| 171. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-18 | ശ്രീ. വേണുഗോപാൽ.എം.എ | 4,500.00 |
| 172. | ചെമ്മന്തൂർ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | ഇ-19 | ശ്രീ. രമണിക്കുട്ടിയമ്മ | 9,000.00 |
| 173. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-1 | ശ്രീ. രാജഗോപാലൻ നായർ | 5,000.00 |
| 174. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-2 | ശ്രീ. അബ്ദുൽ ലത്തീഫ് പി.ആർ. | 5,000.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 175. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-3 | ശ്രീ. ഷിഹാബ് സൈനുദ്ദീൻ | 12,000.00 |
| 176. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-4 | ശ്രീ. കബീർ കുട്ടി. എ | 3,000.00 |
| 177. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-5 | ശ്രീ. റഷീദ് കുട്ടി. ഇ | 6,000.00 |
| 178. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-6 | ശ്രീ. ഷാജഹാൻ | 12,000.00 |
| 179. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-8 | ശ്രീ. മുഹമ്മദ് റിയാസ് | 12,000.00 |
| 180. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-9 | ശ്രീമതി. രസവുമ്മ | 12,000.00 |
| 181. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-10 | ശ്രീ. ഷാജഹാൻ.കെ | 5,000.00 |
| 182. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-12 | ശ്രീ. ഷാജിമോൻ | 750.00 |
| 183. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-13 | ശ്രീ. അബ്ദുൽ കലാം | 750.00 |
| 184. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-14 | ശ്രീ. റിയാസ് | 9,000.00 |
| 185. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-17 | ശ്രീ. സുരേന്ദ്രൻ. ജി | 7,500.00 |
| 186. | ചൗക്ക ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റാൾ | സി-18 | ശ്രീ. താജുദ്ദീൻ | 8,250.00 |
| 187. | ബസ്സ്റ്റാന്റ് സ്റ്റാൾ | നമ്പർ - 1 | ശ്രീമതി. ആലീസ് ജോസഫ് | 4,000.00 |
| 188. | ബസ്സ്റ്റാന്റ് സ്റ്റാൾ | നമ്പർ - 2 | ശ്രീ. ആരോഗ്യരാജ് എ.ഐ. | 1,818.00 |
| 189. | ബസ് സ്റ്റാന്റ് മിനിസ്റ്റാൾ | നമ്പർ - 3 | ശ്രീ. അബ്ദുൽ മജീദ് | 386.00 |
| 190. | ബസ് സ്റ്റാന്റ് മിനിസ്റ്റാൾ | നമ്പർ - 7 | ശ്രീമതി. മീനാക്ഷി അമ്മ | 300.00 |
| 191. | ബസ് സ്റ്റാന്റ് മിനിസ്റ്റാൾ | നമ്പർ - 8 | ശ്രീമതി. സരസ്വതി.എസ് | 189.00 |
| 192. | ബസ് സ്റ്റാന്റ് മിനിസ്റ്റാൾ | നമ്പർ - 9 | ശ്രീ. രാമാനുജം. കെ | 236.00 |
| 193. | ബസ് സ്റ്റാന്റ് മിനിസ്റ്റാൾ | നമ്പർ - 10 | ശ്രീ. രമേശ്. ആർ | 1,500.00 |
| 194. | കലയനാട് മാർക്കറ്റ് സ്റ്റാൾ | 01 | ശ്രീ. ബി. പ്രസേനൻ | 273.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 195. | കലയനാട് മാർക്കറ്റ് സ്റ്റാൾ | 4 | ശ്രീമതി. ശോഭന ശശീന്ദ്രൻ | 273.00 |
| 196. | കലയനാട് മാർക്കറ്റ് സ്റ്റാൾ | 5 | ശ്രീ. പ്രഭാകരൻ | 546.00 |
| 197. | കലയനാട് മാർക്കറ്റ് സ്റ്റാൾ | 7 | ശ്രീ. പ്രകാശ് ഭാനു | 2,457.00 |
| 198. | കലയനാട് മാർക്കറ്റ് സ്റ്റാൾ | 8 | ശ്രീ. രാമൻകുട്ടി. കെ | 274.00 |
| 199. | കലയനാട് മാർക്കറ്റ് സ്റ്റാൾ | 9 | ശ്രീ. ശ്യാംകുമാർ | 3,288.00 |
| 200. | കലയനാട് മാർക്കറ്റ് സ്റ്റാൾ | 10 | ശ്രീ. അനിൽ കുമാർ | 300.00 |
| 201. | കലയനാട് മാർക്കറ്റ് ബി. ബ്ലോക്ക് സ്റ്റാൾ | ബി-1 | ശ്രീമതി. ലേഖ. വി | 3,288.00 |
| 202. | കലയനാട് മാർക്കറ്റ് ബി. ബ്ലോക്ക് സ്റ്റാൾ | ബി-3 | ശ്രീമതി. ലേഖ. വി | 819.00 |
| 203. | മണിയാർ മാർക്കറ്റ് മുറികൾ | റൂം നമ്പർ -1 | ശ്രീ. ആർ. ജയനാഥൻ | 1,500.00 |
| 204. | മണിയാർ മാർക്കറ്റ് മുറികൾ | റൂം നമ്പർ -2 | ശ്രീ. ഗോപിനാഥൻ | 550.00 |
| 205. | മണിയാർ മാർക്കറ്റ് മുറികൾ | റൂം നമ്പർ -3 | ശ്രീ. രാജീവ് .എസ് | 300.00 |
| 206. | മണിയാർ മാർക്കറ്റ് മുറികൾ | റൂം നമ്പർ -6 | ശ്രീ. അജിതാ വിജയൻ | 3,000.00 |
| 207. | കലയനാട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | നമ്പർ -1 | ശ്രീ. രവി. പി.സി | 6,750.00 |
| 208. | കലയനാട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | നമ്പർ -2 | ശ്രീ. മോഹൻ കുമാർ | 750.00 |
| 209. | റസ്റ്റ് ഹൗസ് ബിൽഡിംഗ് | റൂം നമ്പർ -2 | ശ്രീ. ദിനേശൻ. ഡി | 2,500.00 |
| 210. | റസ്റ്റ് ഹൗസ് ബിൽഡിംഗ് | റൂം നമ്പർ -3 | ശ്രീ. ഷേർളി ഷാജി | 2,000.00 |
| 211. | റസ്റ്റ് ഹൗസ് ബിൽഡിംഗ് | R.H.B - 1 | ശ്രീ. സി. ചന്ദ്രശേഖരൻ നായർ | 957.00 |
| 212. | റസ്റ്റ് ഹൗസ് ബിൽഡിംഗ് | R.H.B - 2 | ശ്രീ. സി. ചന്ദ്രശേഖരൻ നായർ | 894.00 |
| 213. | റസ്റ്റ് ഹൗസ് ബിൽഡിംഗ് | R.H.B - 5 | ശ്രീ. വിനോദ് കുമാർ | 855.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 214. | റസ്റ്റ് ഹൗസ് ബിൽഡിംഗ് | R.H.B - 7 | ശ്രീമതി. ഏലിയാമ്മ വർഗ്ഗീസ് | 878.00 |
| 215. | റസ്റ്റ് ഹൗസ് ബിൽഡിംഗ് | R.H.B - 9 | ശ്രീ. രാമചന്ദ്രൻ. ആർ | 849.00 |
| 216. | റസ്റ്റ് ഹൗസ് ബിൽഡിംഗ് | R.H.B Office Room No -1 | ഡോ. ബോണി സക്കറിയ | 1,645.00 |
| 217. | R.H.B ഫസ്റ്റ് ഫ്ളോർ | - | ഡോ. കെ.ജി. സുഭാഷ് | 19,167.00 |
| 218. | മുൻസിപ്പൽ ഓഫീസിന് മുമ്പിലുള്ള ഷോപ്പിംഗ് സെന്റർ | റൂം നമ്പർ -5 | ശ്രീ. ഷൈൻ സണ്ണി | 1,000.00 |
| 219. | മുൻസിപ്പൽ ഓഫീസിന് മുമ്പിലുള്ള ഷോപ്പിംഗ് സെന്റർ | റൂം നമ്പർ -6 | ശ്രീ. ബദറുദീൻ | 1,000.00 |
| 220. | മുൻസിപ്പൽ ഓഫീസിന് മുമ്പിലുള്ള ഷോപ്പിംഗ് സെന്റർ | റൂം നമ്പർ -8 | ശ്രീ. സഞ്ചു | 2,000.00 |
| 221. | പഴയ ലൈബ്രറി കെട്ടിടം | റൂം നമ്പർ -2 | ശ്രീ. പി. ഗോപകുമാർ | 430.00 |
| 222. | ഏഴ് നില കെട്ടിടത്തിന് സമീപമുള്ള നാല് മുറികൾ | റൂം നമ്പർ -1 | ശ്രീമതി. ജയശ്രീ പ്രസാദ് | 1,500.00 |
| 223. | ഏഴ് നില കെട്ടിടത്തിന് സമീപമുള്ള നാല് മുറികൾ | റൂം നമ്പർ -3 | ശ്രീ. പി.വി. ഷാജു | 1,500.00 |
| 224. | ഏഴ് നില കെട്ടിടത്തിന് സമീപമുള്ള നാല് മുറികൾ | റൂം നമ്പർ -4 | ശ്രീ. ഹരിലാൽ | 1,500.00 |
| 225. | ജി.എച്ച്.എസ്.എസ് -ന് മുമ്പിലുള്ള ഷോപ്പിംഗ് സെന്റർ | റൂം നമ്പർ -2 | ശ്രീ. അബ്ദുൽ സമദ് | 707.00 |
| 226. | ജി.എച്ച്.എസ്.എസ് -ന് മുമ്പിലുള്ള ഷോപ്പിംഗ് സെന്റർ | റൂം നമ്പർ -3 | ശ്രീ. ഹനീഫ കെ.എം | 1,298.00 |
| 227. | ജി.എച്ച്.എസ്.എസ് -ന് മുമ്പിലുള്ള ഷോപ്പിംഗ് സെന്റർ | റൂം നമ്പർ -5 | ശ്രീ. കെ.എം. ശാമുവൽ | 5,192.00 |
| 228. | ജി.എച്ച്.എസ്.എസ് -ന് മുമ്പിലുള്ള ഷോപ്പിംഗ് സെന്റർ | റൂം നമ്പർ -7 | ശ്രീ. സുബ്രഹ്മണ്യം | 649.00 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 229. | ജി.എച്ച്.എസ്.എസ് -ന് മുമ്പിലുള്ള ഷോപ്പിംഗ് സെന്റർ | റൂം നമ്പർ -8 | ശ്രീ. രാജു. കെ | 1,560.00 |
| 230. | ജി.എച്ച്.എസ്.എസ് -ന് മുമ്പിലുള്ള ഷോപ്പിംഗ് സെന്റർ | റൂം നമ്പർ-11 | ശ്രീ. സ്റ്റീഫൻ ഫെർണാണ്ടസ് | 865.00 |
| 231. | ജി.എച്ച്.എസ്.എസ് -ന് മുമ്പിലുള്ള ഷോപ്പിംഗ് സെന്റർ | റൂം നമ്പർ-14 | ശ്രീ. സുരേഷ് കുമാർ. എസ് | 911.00 |
| 232. | വെട്ടിപ്പുഴയിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | റൂം നമ്പർ-1 | ശ്രീ. കെ. പ്രഭാകരൻ നായർ | 6,000.00 |
| 233. | വെട്ടിപ്പുഴയിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | റൂം നമ്പർ-2 | ശ്രീ. ആർ. വിജയകുമാർ | 6,000.00 |
| 234. | വെട്ടിപ്പുഴയിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | റൂം നമ്പർ-6A | ശ്രീമതി. കമലമ്മ | 3,000.00 |
| | | **ആകെ** | | **5,73,774.00** |

Local Fund Audit Department

2010-11-ലെ മാത്രം വാടക കുടിശ്ശികയായ 5,73,774/- രൂപയിൽ സിംഹഭാഗവും വാടകക്കാരുമായി കരാർ ഇല്ലാത്തതിനാൽ നിയമപരമായി പിരിച്ചെടുക്കുവാൻ നഗരസഭയ്ക്ക് കഴിയുകയില്ല. വാടകക്കാരിൽ നിന്നും പിരിച്ചെടുക്കുവാൻ കഴിയാതെ വരുന്ന കുടിശ്ശിക തുക വാടകക്കാരുമായി നിയമസാധുതയുള്ള കരാർ വയ്ക്കാതിരുന്ന 2010-11 വർഷത്തിലെ മുൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. എസ്. ജയകുമാർ (01-04-2010 മുതൽ 17-12-2010 വരെ), ശ്രീ. എ. ബാബുരാജൻ, M.E, (22-12-2010 മുതൽ 31-03-2011 വരെ) എന്നിവരിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവ് വരുത്തേണ്ടതാണ്.

## ***ഖണ്ഡിക 2(2)ഒടുക്കിയ തുക ബാങ്ക് പാസ്സ് ബുക്കിൽ വരവ് വച്ചിട്ടില്ല - ആകെ തുക ₹ 74,040/-***

കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ പുനലൂർ ശാഖയിൽ അക്കൗണ്ട് നമ്പർ 04-ൽ 10-08-2012, 13-08-2012 എന്നീ തീയതികളിൽ ₹ 7,200/- വീതവും, 04-10-2012, 06-10-2012, 08-10-2012 എന്നീ തീയതികളിൽ ₹ 28,440/- വീതവും 13-12-2012, 15-12-2012 എന്നീ

തീയതികളിൽ ₹ 38,400/- വീതവും ഒടുക്കിയതായുള്ള രസീതുകൾ അതാത് ദിവസത്തെ ചിട്ടയോടൊപ്പം വച്ചിട്ടുണ്ട് എങ്കിലും പാസ് ബുക്കിൽ 14-08-2012-ാം തീയതിയിൽ ₹ 7,200/- രൂപയും, 13-12-2012-ൽ 38,400/- രൂപയും 08-10-2012-ൽ 28,440/- രൂപയുടെ രണ്ട് ക്രെഡിറ്റുകളും മാത്രമാണ് വരവ് വച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് 14-02-2013-ലെ 4-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ മറുപടി തന്നില്ല. പകരം പാസ് ബുക്കിൽ പ്രസ്തുത തീയതി വച്ച് തുക മാത്രം എഴുതി ചേർത്ത് ഓഡിറ്റിൽ ഹാജരാക്കി. പ്രസ്തുത തുകകൾ കൂടി ചേർത്ത് ഓരോ ദിവസത്തെയും നീക്കിയിരിപ്പ് കൂട്ടി എഴുതിയ ഭാഗത്ത് കൂടി കൃത്യത വരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ചുരുക്ക ഒപ്പ് കൂടി ചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഖണ്ഡിക 2(3)(എ) ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിവ്, മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് എന്നിവയെ സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 567, 568, 569, 570 എന്നിവ അനുസരിച്ചുള്ള ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് ഗേറ്റ് ഫീസ് എന്നിവയെ സംബന്ധിച്ച് ബൈലാ നഗരസഭ നാളിതുവരെയായി തയ്യാറാക്കിയിട്ടില്ല. വാടകക്കാരുടെ ഭാഗത്ത് നിന്നുള്ള കുടിശ്ശിക വരുത്തൽ കടമുറികൾക്ക് കേടുപാട് വരുത്തൽ, മറ്റ് തരത്തിലുള്ള അനഭിലഷണീയ നടപടികൾ എന്നിവകൾക്ക് എതിരെ നടപടി എടുക്കുവാൻ ഇതുമൂലം നഗരസഭയ്ക്ക് കഴിയുകയില്ല.

## ഖണ്ഡിക 2(3)(ബി) വർഷാവർഷം നിശ്ചിത ശതമാനം വാടക - വർദ്ധന വരുത്തുന്നില്ല

ഗവൺമെന്റ് സർക്കുലർ നമ്പർ -13967/സി2/85/എൽ.എ.ബി തീയതി 28-12-1985 പ്രകാരം നിശ്ചിത കാലയളവിൽ ലേലം ചെയ്തതിന് ശേഷം തുടർന്ന് വരുന്ന കക്ഷികളിൽ നിന്നും ഓരോ വർഷവും 5% അധിക നിരക്കിലുള്ള വാടക ഈടാക്കണം. എന്നാൽ കാലാകാലങ്ങളിൽ വാടക പുതുക്കി നിശ്ചയിക്കാത്തതുമൂലം 2009-10-ൽ നഗരസഭയ്ക്ക് 1,58,621/- രൂപയുടെ നഷ്ടം ഉണ്ടായതായി 2009-10-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2(6)-ൽ വ്യക്തമാക്കുന്നു. ഈ നഷ്ടം 2010-11-ലും ആവർത്തിച്ചിട്ടുണ്ട്.

Local Fund Audit Department

## ഖണ്ഡിക 2(4) കെട്ടിട നികുതി, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല

കെട്ടിട നികുതി സംബന്ധമായ ഡിമാന്റ് രജിസ്റ്ററുകളും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളും പരിശോധനയ്ക്കായി ഹാജരാക്കണം എന്ന് ഓഡിറ്റ് അന്വേഷണം നമ്പർ -14 (തീയതി 22-02-2013) -നുള്ള മറുപടിയിൽ പ്രസ്തുത രജിസ്റ്ററുകൾ നഗരസഭയിൽ പരിപാലിക്കുന്നില്ല എന്ന മറുപടി ലഭിച്ചു. കെട്ടിട നികുതി, വാടക എന്നിവ സംബന്ധിച്ച് ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ "സഞ്ചയ" സോഫ്റ്റ് വെയർ നഗരസഭയിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം -19 നുള്ള മറുപടിയിൽ "സഞ്ചയ" നാളിതുവരെയായി നടപ്പിലാക്കിയിട്ടില്ല എന്ന മറുപടിയും ലഭിച്ചു.

ഓരോ കെട്ടിട ഉടമയേയും, വാടകക്കാരനെയും സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിക്കുവാനും അതിന് അനുസരിച്ച് ഓരോ വ്യക്തിയുടെയും കുടിശ്ശിക തുകകൾ കണ്ടെത്തുവാനും കഴിയുന്ന "സഞ്ചയ" സോഫ്റ്റ് വെയർ നടപ്പിലാക്കാത്തപക്ഷവും ഡിമാന്റ്, കുടിശ്ശിക, ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതായിരുന്നു. "സാംഖ്യ" സോഫ്റ്റ് വെയറിൽ സാമ്പത്തിക വർഷാരംഭം നൽകുന്ന ഡിമാന്റ് തുകയിൽ എത്ര അടവ് വന്നു, കുടിശ്ശിക എത്ര എന്നീ കാര്യങ്ങൾ മാത്രമേ പിന്നീട് അറിയുവാൻ കഴിയൂ. ഓരോ വ്യക്തിയുടേയും കുടിശ്ശിക അറിയുവാൻ കഴിയുകയില്ല. ഫലത്തിൽ കെട്ടിട ഉടമകൾ നികുതി അടയ്ക്കുമ്പോൾ അവർക്ക് കുടിശ്ശിക അടയ്ക്കുവാനുണ്ടോ എന്ന് നഗരസഭയ്ക്ക് കണ്ടെത്തുവാൻ കഴിയില്ല. ആവശ്യം വേണ്ട രജിസ്റ്ററുകൾ തയ്യാറാക്കാതിരുന്നത് തനത് വരുമാന നഷ്ടത്തിന് കാരണമാകും. വിവരം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

Local Fund Audit Department

## ഖണ്ഡിക 2(5) മണൽപാസ് വിതരണത്തിലെ അപാകതകൾ

മുനിസിപ്പാലിറ്റിയിൽ നിന്നും വിതരണം ചെയ്തിരിക്കുന്ന മണൽ പാസുകൾ പരിശോധിച്ചതിൽ പാസ് നമ്പർ - 5174/52 തീയതി 14-08-2010 ശ്രീമതി. ഗ്രേസി കുട്ടി, മിനി ഭവൻ, പേപ്പർ മിൽ എന്ന വ്യക്തിയ്ക്ക് നൽകിയിട്ടുണ്ട് എങ്കിലും തുകയായ ₹ 9,884/- അക്കൗണ്ട് ചെയ്തിട്ടില്ല. രണ്ട് ലോഡ് മണലിന് തുക അടവാക്കിയിട്ടുള്ള ടിയാൾക്ക് മുൻ

പാസുകൾ പ്രകാരം രണ്ട് ലോഡ് മണൽ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ആവശ്യപ്പെട്ട വിശദീകരണത്തിനുള്ള (ഓഡിറ്റ് എൻക്വയറി നമ്പർ -15 തീയതി 23-02-2013) മറുപടിയിൽ ടിയാരിയ്ക്ക് ആകെ രണ്ട് ലോഡ് മണൽ മാത്രമേ നൽകിയിട്ടുള്ളൂ എന്നും, അധികമായി മണലിന്റെ പാസ് ബുക്കിൽ ഉണ്ടായിരുന്ന വെള്ള 'P' Form ക്യാൻസൽ ചെയ്യാതെ ഇതിന്റെ മുകളിൽ വച്ച് തൊട്ടടുത്ത പാസ്സിന്റെ മഞ്ഞയും, നീലയും 'P' ഫോമുകൾ കീറിയെടുത്ത് എഴുതിയതാണ് എന്നും കടവിൽ പോയ ജീവനക്കാരന്റെ അറിവില്ലായ്മ മൂലമാണ് ഇങ്ങനെ സംഭവിച്ച് പോയതെന്നും വിശദമാക്കിയിട്ടുണ്ട് എങ്കിലും പാസ് ക്യാൻസൽ ചെയ്ത് ടി. പാസ് പ്രകാരം മണൽ നൽകിയിട്ടില്ല എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് മുമ്പാകെ ഹാജരാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. കൂടാതെ രജിസ്റ്ററുകൾ പ്രകാരം മണൽ വിൽപ്പനയിലൂടെ വരുമാനം ₹ 1,37,73,424/- ആണെന്നിരിക്കെ അക്കൗണ്ട് പ്രകാരം ഇത് ₹ 1,46,12,434/- എന്ന് രേഖപ്പെടുത്തിയതിന്റെ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

Local Fund Audit Department

## ഖണ്ഡിക 2(6) സ്ഥാപന തൊഴിൽ നികുതി പിരിക്കുന്നതിലെ അപാകതകൾ - നഷ്ടം ₹ 28,000/-

ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരിക്കുകയോ, പൂർണ്ണമായി ഡിമാന്റ് ചെയ്യാതിരിക്കുകയോ ചെയ്തിരിക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/പേര് | ഉടമ/സ്ഥാപനം | I, II അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി | | ഈടാക്കുവാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| | | | ഈടാക്കേണ്ടത് | ഈടാക്കിയത് | |
| 1. | III ചെമ്മന്തൂർ | ശ്രീ. ബൈജു ഡി. ഉമ്മൻ, വയലിൽ ബാങ്കേഴ്സ് | 1,250 x 2 = 2,500 | 750 x 2 = 1,500 | 1,000.00 |
| 2. | VIII റെയിൽവേ സ്റ്റേഷൻ | ശ്രീ. വേണുഗോപാലൻ, നന്ദാവനം ബാങ്കേഴ്സ് | 1,250 x 2 = 2,500 | 120 x 2 = 240 | 2,260.00 |
| 3.. | XI കോളേജ് | ശ്രീ. മുരളീധരൻ പിള്ള, ശ്രീഭദ്രാ ഫൈനാൻസിയേഴ്സ് | 1,250 x 2 = 2,500 | 450 X 1 = 450 | 2,050.00 |

| | | | | | |
|---|---|---|---|---|---|
| 4. | XIII കച്ചേരി | ഡോ. ബിന്ദുരാജ്, ഹോമിയോ ആശുപത്രി | 1,250 x 2 = 2,500 | 750 x 2 = 1,500 | 1,000.00 |
| 5. | XIII കച്ചേരി | ശ്രീ. ജ്യോതിഷ് വി. ചന്ദ്ര, പി.എൻ.എസ്. ബാങ്കേഴ്സ് | 1,250 X 2 = 2,500 | - | 2,500.00 |
| 6. | XIII കച്ചേരി | ഡോ. ജയറാണി, അമ്പാടി ഹോമിയോ ആശുപത്രി | 1,250 x 2 = 2,500 | 750 x 2 = 1,500 | 1,000.00 |
| 7. | XIII കച്ചേരി | ശ്രീ. ജേക്കബ് വർഗ്ഗീസ്, ദന്താശുപത്രി | 1,250 X 2 = 2,500 | 300 X 2 = 600 | 1,900.00 |
| 8. | XIII കച്ചേരി | ഡോ. വർഗ്ഗീസ് തോമസ്, എ.സി. ബാങ്കേഴ്സ് | 1,250 x 2 = 2,500 | 750 x 2 = 1,500 | 1,000.00 |
| 9. | XIII കച്ചേരി | ശ്രീ. പി.റ്റി. സന്തോഷ് ബാബു, ജയഭാരതം ദന്താശുപത്രി | 1,250 x 2 = 2,500 | 750 x 2 = 1,500 | 1,000.00 |
| 10. | XIII കച്ചേരി | ശ്രീമതി. ജയലക്ഷ്മി, പി.സി. ബാങ്കേഴ്സ് | 1,250 x 2 = 2,500 | 600 x 2 = 1,200 | 1,300.00 |
| 11. | XIII കച്ചേരി | ഡോ. ബൈജു, ദന്താശുപത്രി | 1,250 x 2 = 2,500 | 600 x 2 = 1,200 | 1,300.00 |
| 12. | XIII കച്ചേരി | ഡോ. ഉത്തര അഭിലാഷ്, ആയൂർനികേതൻ | 1,250 x 2 = 2,500 | 750 x 1 = 750 | 1,750.00 |
| 13. | XIV | പ്രൊപ്രൈറ്റർ, ആർ.കെ. ഫിനാൻസ് | 1,250 x 2 = 2,500 | 450 x 2 = 900 | 1,600.00 |
| 14. | XX വാളക്കോട് | ശ്രീ. പുഷ്പരാജൻ, പുഷ്പമംഗലം ഫൈനാൻസിയേഴ്സ് | 1,250 x 2 = 2,500 | 1,000 x 2 = 2,000 | 500.00 |
| 15. | XXIII കാരക്കോട് | ഡോ. ശിവദാസ്, ജീവ നഴ്സിംഗ് ഹോം | 1,250 x 2 = 2,500 | 600 x 2 = 1,200 | 1,300.00 |
| 16. | XXIII കാരക്കോട് | ശ്രീ. രാധാകൃഷ്ണൻ, പ്രണവം ഫൈനാൻസിയേഴ്സ് | 1,250 x 2 = 2,500 | 180 x 2 = 360 | 2,140.00 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 17. | XXIII<br>കാരക്കോട് | മോട്ടൽ ആരാം | 1,250 x 2 = 2,500 | - | 2,500.00 |
| 18. | XXVI<br>ഹൈസ്കൂൾ | വി.സി. ജേക്കബ് ഫൈനാൻസിയേഴ്സ് | 1,250 x 2 = 2,500 | 300 x 2 = 600 | 1,900.00 |
| | | ആകെ | | | **28,000.00** |

നഷ്ട തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാനുള്ള നടപടികൾ ഒന്നും തന്നെ അധികൃതർ എടുത്തു കാണുന്നില്ല. അപ്രകാരം ചെയ്തിരുന്നു എങ്കിൽ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ നല്ല ഒരു തുക സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ അധിക വരുമാനം ലഭിക്കുമായിരുന്നു. ഇത് സംബന്ധിച്ച തുടർനടപടികൾ അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

### ഖണ്ഡിക 2(7) ഡി & ഒ, പി.എഫ്.എ ലൈസൻസുകൾ - യഥാക്രമം 6,125/- രൂപയുടേയും 7,171 രൂപയുടേയും കുടിശ്ശിക

ആപൽകരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ പ്രദേശത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും നഗരസഭയിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. എന്നാൽ ഡി & ഒ ഇനത്തിൽ 6,125/- രൂപയുടെ കുടിശ്ശിക കാണുന്നു.

പി.എഫ്.എ ലൈസൻസ് ഇനത്തിൽ നഗരസഭയ്ക്ക് ₹ 7,171/- ആണ് പിരിച്ചെടുക്കുവാൻ ശേഷിക്കുന്നത്. നഗരസഭയുടെ അനുമതി ഇല്ലാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നാണ് ഇത് കാണിക്കുന്നത്. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Local Fund Audit Department

## ഖണ്ഡിക 2(8) തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ ഉദാസീനത

മുനിസിപ്പാലിറ്റിയുടടെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ് തൊഴിൽ നികുതി. വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിങ്ങനെ ധാരാളം സ്ഥാപനങ്ങൾ മുനിസിപ്പൽ അതിർത്തിയ്ക്കുള്ളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിൽ ചുരുക്കം ചില സ്ഥാപനങ്ങൾ മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നത്. മറ്റ് സ്ഥാപനങ്ങളിലെ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായുള്ള യാതൊരു നടപടികളും അധികൃതർ എടുത്ത് കാണുന്നില്ല. കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 249 പ്രകാരം സെക്രട്ടറിയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. നഗരസഭാ വാർഡുകളിൽ നടത്തിയ ഭൗതീക പരിശോധനയിൽ അനേകം ജീവനക്കാർ ജോലി ചെയ്തു വരുന്ന ചുവടെ കൊടുക്കുന്ന പ്രമുഖ സ്ഥാപനങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. തൊഴിൽ നികുതി അടയ്ക്കുന്ന സ്ഥാപനങ്ങളുടെ പേര് മാത്രം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതായി ആണ് കണ്ടുവരുന്നത്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | രാധാസ് ടെക്സ്റ്റയിൽസ് |
| 2. | ജോസ് ടെക്സ്റ്റയിൽസ് |
| 3. | ഗായത്രി ടെക്സ്റ്റയിൽസ് |
| 4. | പാലത്ര ഫാഷൻ ജ്വല്ലേഴ്സ് |
| 5. | പവിഴം ജ്വല്ലറി |
| 6. | പവിത്രം ജ്വല്ലേഴ്സ് |
| 7. | വിജയകൃഷ്ണ ജ്വല്ലേഴ്സ് |
| 8. | പ്രണവം ഹോസ്പിറ്റൽ |
| 9. | സെന്റ് തോമസ് ആശുപത്രി |

Local Fund Audit Department

| | |
|---|---|
| 10. | പണിക്കേഴ്സ് ആയുർവ്വേദ ആശുപത്രി |
| 11. | ആയുർനികേതൻ ആയുർവ്വേദ ആശുപത്രി |
| 12. | ജീവ നഴ്സിംഗ് ഹോം, കലയനാട് |
| 13. | കോട്ടയ്ക്കൽ ആര്യവൈദ്യശാല |
| 14. | ശ്രീ. നെൽസൺ സെബാസ്റ്റ്യൻ, പെട്രോൾ പമ്പ് |
| 15. | ശ്രീജോൺ, എച്ച്.എച്ച്.വൈ.എസ്. പെട്രോൾ പമ്പ് |
| 16. | ശ്രീ. രാമചന്ദ്രൻ, പെട്രോൾ പമ്പ്, തൊളിക്കോട് |
| 17. | നരേന്ദ്ര റീജൻസി ബാർ ഹോട്ടൽ |
| 18. | കുമാർ പാലസ്, ബാർ ഹോട്ടൽ |
| 19. | ഹോട്ടൽ സംസം |
| 20. | അശോകാ ടൂറിസ്റ്റ് ഹോം, ബാർ ഹോട്ടൽ |
| 21. | മോട്ടൽ ആരാം, കലയനാട് |
| 22. | സെൻട്രൽ ബേക്കറി |
| 23. | ഇംപീരിയൽ ബേക്കറി |
| 24. | പൂർണ്ണിമ ബേക്കറി |
| 25. | അംബാസിഡർ ബേക്കറി |
| 26. | പുഷ്പമംഗലം സ്വീറ്റ്സ് |
| 27. | രാംരാജ് സിനിമ തീയറ്റർ |
| 28. | തായ് ലക്ഷ്മി തീയറ്റർ |
| 9. | ഫയൽ നമ്പർ - 7409/10<br>അഷ്ടമംഗലം ചൂരോട്<br>റോഡ് ടാറിംഗ്<br>കരാറുകാരൻ -ശ്രീമതി. എൽ. പത്മകുമാരി,<br>ശ്രീലക്ഷ്മി,<br>മണിയാർ,<br>പുനലൂർ<br>പ്ലാച്ചേരി<br>അളവ് പുസ്തകം -30/2009-10<br>ടെൻഡർ എക്സസ് - 19%<br>ബിൽ തുക /നമ്പർ 35959<br>211/31-03-2011 | 1,872 കി.ഗ്രാം | 67619<br>(36121/MT) | 56,068.00 | 11,551.00 |
| 10. | ഫയൽ നമ്പർ - 7421/10<br>മണിയാർ വാർഡിൽ<br>അക്കരവിള - ചൂരോട്<br>കേളങ്കാവ് റോഡ് റീടാറിംഗ്<br>കരാറുകാരൻ -ശ്രീമതി. എൽ. പത്മകുമാരി,<br>ശ്രീലക്ഷ്മി,<br>മണിയാർ,<br>പുനലൂർ<br>പ്ലാച്ചേരി<br>അളവ് പുസ്തകം -48/2009-10<br>ടെൻഡർ എക്സസ് - 19%<br>ബിൽ തുക /നമ്പർ 42362<br>214/31-03-2011 | 2,575 കി.ഗ്രാം | 93,012<br>(36121/MT) | 77,124.00 | 15,888.00 |
| 11. | ഫയൽ നമ്പർ - 7396/10<br>പവ്വർ ഹൗസ് - മുളന്തടം - ലിങ്ക് റോഡ് റീടാറിംഗ്<br>കരാറുകാരൻ -ശ്രീ. പി. രാധാകൃഷ്ണൻ,<br>ശ്രീകൃഷ്ണവിലാസം,<br>കരവാളൂർ<br>ബിൽ തുക/തീയതി 153847<br>193/29-03-2011<br>ഫയൽ നമ്പർ -7396/10 | 4,091 കി.ഗ്രാം | 1,47,771<br>(36121/MT) | 1,22,529.00 | 25,242.00 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 12. | ഫയൽ നമ്പർ - ഇ1 7410/10 മുസാവരിക്കുന്ന് റോഡ് റീടാറിംഗ്<br>കരാറുകാരൻ -ശ്രീ. മോഹനൻ നായർ<br>അളവ് പുസ്തകം -88/2009-10<br>ടെൻഡർ എക്സസ് - 23.6%<br>ഫൈനൽ ബിൽ തുക- 36,885<br>221/31-03-2011 | 2,028 കി.ഗ്രാം | 73,253 (36121/MT) | 61,063.00 | 12,190.00 |
| 13. | ഫയൽ നമ്പർ - 7386/10 മണിയാർ വാർഡിൽ ചേറ്റുകുഴിമല വേടർകോളനി റോഡ് റീടാറിംഗ്<br>കരാറുകാരൻ -ശ്രീ. നാരായണൻ കുട്ടി, ലക്ഷ്മി നിവാസ്, തൊളിക്കോട്, പുനലൂർ<br>ടെൻഡർ എക്സസ് - 20%<br>അളവ് പുസ്തകം -96/2009-10 ബിൽ തുക/തീയതി 94636<br>204/31-03-2011 | 2,974 കി.ഗ്രാം | 1,07,424 (36121/MT) | 89,074.00 | 18,350.00 |
| 14. | ഫയൽ നമ്പർ - 7398/10 കാഞ്ഞിരംപടി - ഇടക്കുന്ന് റോഡ് റീടാറിംഗ്<br>കരാറുകാരൻ -ശ്രീമതി. എൽ. പത്മകുമാരി<br>അളവ് പുസ്തകം -50/2009-10<br>ടെൻഡർ എക്സസ് - 19%<br>ബിൽ തുക/തീയതി 78909<br>225/31-03-2011 | 2,028 കി.ഗ്രാം | 73,253 (36121/MT) | 60,741.00 | 12,512.00 |
| | **ആകെ** | | | | **2,15,108.00** |

Local Fund Audit Department

ടാറിന്റെ വിപണി വില ഈടാക്കാതിരുന്നത് മൂലം അധികം നൽകിയിട്ടുള്ള ₹ 2,15,108/- ഓഡിറ്റിൽ നിരാകരിക്കുന്നു. ടി. തുക നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ബിൽ തയ്യറാക്കി സൂക്ഷ്മ പരിശോധന നടത്തേണ്ട മുനിസിപ്പൽ എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

***ഖണ്ഡിക 3(2) പാപ്പന്നൂർ റോഡ് റീ ടാറിംഗ് -***
***ഗവൺമെന്റ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടാറിന് വിപണി വില അനുവദിച്ചു -***
***അധികം നൽകിയ ₹ 12,213/- നിരാകരിക്കുന്നു***

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പാപ്പന്നൂർ റോഡ് റീടാറിംഗ് |
| കരാറുകാരൻ | ശ്രീ. ചിത്രാംഗദൻ,<br>പ്ലാവിള കിഴക്കേതിൽ,<br>പ്ലാച്ചേരി പി.ഒ., |
| അടങ്കൽ തുക | ₹ 8,80,000/- (മെയിന്റനൻസ് ഗ്രാന്റ്) |
| ഫയൽ നമ്പർ | 9144/10 |
| കരാർ നമ്പർ/തീയതി | 42/10/31-08-2010 |
| അളവ് പുസ്തകം | 118/2010-11 |

2009-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം 2010-11 വർഷത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ എക്സസ് അനുവദിക്കൽ, ടാർ വാങ്ങി നൽകൽ എന്നിവയുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകൾ ആണ് (1) സ.ഉ.(എം.എസ്) നമ്പർ 32/2010/ത.സ്വ.ഭ.വ തീയതി 22-02-2010, (2) ഉത്തരവ് നമ്പർ 34202/ഡി.എ1/2010/ത.സ്വ.ഭ.വ തീയതി 26-05-2010 എന്നിവ (1)-ാം നമ്പർ ഉത്തരവിലെ ഖണ്ഡിക 2(3) പ്രകാരം സിമെന്റ്, സ്റ്റീൽ, ടാർ എന്നിവയ്ക്ക് വിപണി വില അനുവദനീയമല്ല.

Local Fund Audit Department

19% ടെൻഡർ എക്സസ് അനുവദിച്ചിട്ടുള്ള ടി. പ്രവൃത്തിക്ക് 10,920 കിലോഗ്രാം ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം ടി. ഉത്തരവിന് വിരുദ്ധമായി ടാറിന് വിപണിവില അനുവദിച്ചിട്ടുണ്ട്. ഇതുമൂലം താഴെ പറയും പ്രകാരം തുക അധികം നൽകിയിട്ടുണ്ട്.

| | |
|---|---|
| 10,920 കി.ഗ്രാം ബിറ്റുമിന് 29951/MT പ്രകാരമുള്ള തുക | 3,27,064.92 |
| കൺവേയൻസ് | 2,044.22 |
| | 3,29,109.14 |
| *<u>അനുവദിച്ച തുക</u>* | |
| 10,920 കിലോഗ്രാം ബിറ്റുമിന്റെ വിപണിവില | 3,83,352.60 |
| കൺവേയൻസ് | 20,500.00 |
| | 4,03,852.60 |
| അധികം നൽകിയ തുക (4,03,853 - 3,91,640) | 12,213.00 |

Local Fund Audit Department

ഗവൺമെന്റ് ഉത്തരവുകൾക്ക് വിരുദ്ധമായി ടാറിന് വിപണി വില അനുവദിച്ചതുമൂലം കരാറുകാരന് അധികം നൽകിയ ₹ 12,213/- തിരികെ ഈടാക്കേണ്ടതാണ്. (ഫൈനൽ ബിൽ തുക - ₹ 6,79,375/- ബിൽ നമ്പർ - 192/29-03-2011) ഉത്തരവാദിയായ ഉദ്യോഗസ്ഥൻ എന്ന നിലയിൽ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി അനുബന്ധ അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## ഖണ്ഡിക 3(3) മരാമത്ത് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് മുമ്പായി ബിറ്റുമിൻ സ്വകാര്യ വ്യക്തിയ്ക്ക് നൽകി

ശ്രീ. ചിത്രാംഗദൻ, പ്ലാവിള കിഴക്കതിൽ, പ്ലാച്ചേരി പി.ഒ., കരാറുകാരനായി 21-07-2010-ൽ അംഗീകരിച്ച് 30-12-2010-ൽ 82/2010-ാം നമ്പരായി കരാർ വച്ച പ്രവൃത്തിയാണ് ഐക്കരക്കോണം വാർഡിൽ പൂങ്ങോട് അമ്പലത്തിന് സമീപം പോകുന്ന റോഡ് റീടാറിംഗ് (ഫയൽ നമ്പർ ഇ1. 7391/2010). പരിശോധനയ്ക്ക് ഹാജരാക്കിയ ബിറ്റുമിൻ വിതരണ രജിസ്റ്റർ

പേജ് നമ്പർ 22, 23 എന്നിവയിലെ രേഖപ്പെടുത്തൽ പ്രകാരം ടി. പ്രവൃത്തിയ്ക്കായി 29-05-2010-ൽ ശ്രീ. ചിത്രാംഗദന് 2246 കിലോഗ്രാം ബിറ്റുമിൻ വിതരണം ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 26, 27 എന്നിവയിലെ രേഖപ്പെടുത്തൽ പ്രകാരം ടി. പ്രവൃത്തിയ്ക്ക് 1244 കിലോഗ്രാം ബിറ്റുമിൻ ഉപയോഗിക്കുകയും 18-03-2011-ൽ 1001 കിലോഗ്രാം തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

21-07-2010-ൽ ടെൻഡർ അംഗീകരിച്ച് 30-12-2010-ൽ കരാർ വച്ച ഒരു പ്രവൃത്തിയ്ക്ക് ടി. പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് മുമ്പായി 29-05-2010-ൽ ബിറ്റുമിൻ വിതരണം ചെയ്തിരിക്കുന്നു. ടെൻഡർ ചെയ്തതിന് ശേഷം ടി. പ്രവൃത്തി അതേ കരാറുകാരന് തന്നെ ലഭിക്കുന്നു. ആവശ്യകത കണക്കാക്കുകപോലും ചെയ്യാതെ ഉയർന്ന അളവിൽ ബിറ്റുമിൻ വിതരണം ചെയ്തിരിക്കുന്നു. ഇതെല്ലാം തന്നെ നഗരസഭയിൽ നടക്കുന്ന ടെൻഡറിംഗിന്റെ വിശ്വാസ്യതയ്ക്കുമേലും ബിറ്റുമിൻ കരാറുകാർക്ക് വാങ്ങി നൽകുന്നതിലെ ക്രമക്കേടുകളിലേയ്ക്കും വെളിച്ചം വീഴ്ത്തുന്ന തെളിവുകൾ ആണ്.

ടി. വിഷയം സംബന്ധിച്ച് 15-02-2013-ൽ 5-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. ടി. ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച് ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ നഗരസഭാ സെക്രട്ടറി എന്നിവർക്ക് എതിരെ അന്വേഷണം നടത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. കൂടാതെ നഗരസഭയിൽ നടക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെൻഡറിംഗ്, ബിറ്റുമിൻ വാങ്ങി നൽകൽ എന്നിവ സംബന്ധിച്ച ഭരണ വകുപ്പുതല അന്വേഷണം ഉണ്ടാകേണ്ടതാണ്.

Local Fund Audit Department

## ***ഖണ്ഡിക 3(4) വില അടച്ചു എങ്കിലും 36 ബാരൽ ടാർ ലഭിച്ചില്ല - ₹1,70,861/- തിരികെ ഈടാക്കണം***

2010-11 വർഷം നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുന്നതിലേയ്ക്കായി താഴെ പറയും പ്രകാരം തുകകൾ ഭാരത് പെട്രോളിയം കോർപ്പറേഷനിൽ അടച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഡി.ഡി. നമ്പർ/തീയതി | അടച്ച തുക (₹) | അളവ് (കി.ഗ്രാം) | ബാരൽ (എണ്ണം) |
|---|---|---|---|---|
| 1. | 447010/16-08-2010 | 18,20,707.00 | 51,636.00 | 331.00 |
| 2. | 792655/07-03-2011 | 1,16,878.00 | 3,276.00 | 21.00 |
| 3. | 447692/16-03-2011 | 76,656.00 | 5,148.00 | 33.00 |
| 4. | 447693/16-03-2011 | 1,04,864.00 | | |
| 5. | 793668/29-03-2011 | 16,89,308.00 | 45,396.00 | 291.00 |
| **ആകെ** | | **38,08,413.00** | **1,05,456.00** | **676.00** |

ഇപ്രകാരം 676 ബാരൽ ടാറിന് തുക അടച്ചു എങ്കിലും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 99,840 കിലോഗ്രാം (640) ബാരൽ ടാർ മാത്രമേ സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ളൂ.

സ.ഉ.(എം.എസ്) നമ്പർ 32/2010/ത.സ്വ.ഭ.വ തീയതി 22-02-2010 പ്രകാരം ടാർ വാങ്ങി നൽകുന്ന സംഗതികളിൽ ഒറിജിനൽ ബിൽ പ്രോജക്റ്റ് രേഖയോടൊപ്പം സൂക്ഷിക്കേണ്ടതാണ്. 15-02-2013-ലെ ഓഡിറ്റ് അന്വേഷണം - 3 പ്രകാരം ടാർ വാങ്ങി നൽകുന്ന സംഗതികളിൽ ഒറിജിനൽ ബിൽ പ്രോജക്റ്റ് രേഖയോടൊപ്പം സൂക്ഷിക്കേണ്ടതാണ്. 15-02-2013-ലെ ഓഡിറ്റ് അന്വേഷണം - 3 പ്രകാരം അവശേഷിച്ച 36 ബാരൽ ബിറ്റുമിൻ ലഭിച്ചതിന്റെ രേഖകളും, ഒറിജിനൽ ബില്ലും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു എങ്കിലും, ബിറ്റുമിൻ ലഭിച്ചതിന്റെ രേഖകളോ, ഒറിജിനൽ ബില്ലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടാർ വാങ്ങലിൽ നഗരസഭയ്ക്ക് 36 ബാരൽ (5616 കിലോഗ്രാം) ടാറിന്റെ നഷ്ടം 2010-11 വർഷത്തിലെ ടാർ വാങ്ങലിൽ സംഭവിച്ചതായി വിലയിരുത്തുന്നു. 36 ബാരൽ ടാറിന്റെ വിലയായ 30424.18/MT പ്രകാരം (5.616 x 30424.18) ₹ 1,70,861/- 2010-11 വർഷത്തെ ബിറ്റുമിൻ വാങ്ങലിന്റെ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ എന്ന നിലയിൽ മുൻസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

Local Fund Audit Department

## ഖണ്ഡിക 3(5) മുൻകൂർ തുകകൾ അനുവദിച്ചത് നാളിതുവരെ ക്രമീകരിച്ചില്ല

നഗരസഭാ ഫണ്ടിൽ നിന്നും 2010-11 വർഷത്തിൽ അനുവദിച്ചു നൽകിയതും നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതുമായ 5,86,853/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മുൻകൂർ അനുവദിച്ച തീയതി | വൗച്ചർ നമ്പർ | തുക (₹) | മുൻകൂർ കൈപ്പറ്റിയ വ്യക്തി |
|---|---|---|---|---|
| 1. | 30-04-2010 | 130-4/10 | 8,500.00 | ശ്രീമതി. ബിന്ദു എസ്. കരുണാകരൻ, പി.ഡബ്ല്യു.ഡി ഓഫീസ് ഫസ്റ്റ് |
| 2. | 11-05-2010 | 50-5/10 | 10,000.00 | ശ്രീ. ഐ. ഫൈസൽ, യു.ഡി.ക്ലർക്ക് |
| 3. | 21-05-2010 | 101-5/10 | 15,000.00 | ശ്രീ. മനോജ് കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 4. | 22-05-2010 | 106-5/10 | 1,00,000.00 | ശ്രീ. മനോജ് കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 5. | 06-07-2010 | 27-7/10 | 80,000.00 | ശ്രീ. ശാർങ്ധരൻ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II |
| 6. | 16-07-2010 | 72-7/10 | 15,000.00 | ശ്രീ. ഐ. ഫൈസൽ, യു.ഡി.ക്ലർക്ക് |
| 7. | 17-07-2010 | 73-7/10 | 5,000.00 | ശ്രീമതി. ബിന്ദു എസ്. കരുണാകരൻ |
| 8. | 20-07-2010 | 89-7/10 | 5,000.00 | ശ്രീമതി. ഇന്ദു.റ്റി, എൽ.ഡി. ക്ലർക്ക് |
| 9. | 23-07-2010 | 99-7/10 | 7,000.00 | ശ്രീ. ഐ. ഫൈസൽ, യു.ഡി.ക്ലർക്ക് |
| 10. | 28-07-2010 | 108-7/10 | 25,000.00 | ശ്രീ. മനോജ് കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 11. | 12-08-2010 | 51-8/10 | 25,000.00 | ശ്രീ. ഐ. ഫൈസൽ, യു.ഡി.ക്ലർക്ക് |
| 12. | 16-09-2010 | 92-9/10 | 6,000.00 | ശ്രീമതി. ബിന്ദു എസ്. കരുണാകരൻ |
| 13. | 20-10-2010 | 110-10/10 | 20,000.00 | ശ്രീ. ജി. കൃഷ്ണൻകുട്ടി, യു.ഡി.ക്ലർക്ക് |
| 14. | 21-10-2010 | 119-10/10 | 1,50,000.00 | ശ്രീ. ഐ. ഫൈസൽ, യു.ഡി.ക്ലർക്ക് |
| 15. | 02-11-2010 | 12-11/10 | 13,353.00 | ശ്രീ. ജി. കൃഷ്ണൻകുട്ടി, യു.ഡി.ക്ലർക്ക് |
| 16. | 04-11-2010 | 29-11/10 | 5,000.00 | ശ്രീ. ജി. കൃഷ്ണൻകുട്ടി, യു.ഡി.ക്ലർക്ക് |
| 17. | 04-01-2011 | 23-1/11 | 1,000.00 | ശ്രീ. ജി. കൃഷ്ണൻകുട്ടി, യു.ഡി.ക്ലർക്ക് |
| 18. | 05-01-2011 | 41-1/11 | 25,000.00 | ശ്രീ. റ്റി. വിജയകുമാർ, PWO - II |
| 19. | 07-01-2011 | 47-1/11 | 1,000.00 | ശ്രീ. വി.ബി. അജിത്കുമാർ, യു.ഡി.ക്ലർക്ക് |
| 20. | 28-01-2011 | 105-1/11 | 30,000.00 | ശ്രീ. ബി. വരദരാജൻ, സൂപ്രണ്ട് |
| 21. | 22-02-2011 | 107-2/11 | 5,000.00 | ശ്രീ. എസ്. സുശീലൻ, യു.ഡി.ക്ലർക്ക് |
| 22. | 25-02-2011 | 115-2/11 | 35,000.00 | ശ്രീ. രാജീവ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II |
| **ആകെ** | | | **5,86,853.00** | |

Local Fund Audit Department

സർക്കുലർ നമ്പർ 21384/എ.സി.3/11/ത.സ്വ.ഭ.വ തീയതി 04-06-2011 പ്രകാരം നേരത്തെ വാങ്ങിയ മുൻകൂർ അഡ്ജസ്റ്റ് ചെയ്തതായി സാക്ഷ്യപത്രം വാങ്ങിയ ശേഷം മാത്രമേ അടുത്ത മുൻകൂർ അനുവദിക്കാവൂ എന്ന നിർദ്ദേശം പല സന്ദർഭങ്ങളിലും പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ ജി.ഒ.(പി) നമ്പർ 419/2011/ധനം തീയതി 04-10-2011 പ്രകാരം മൂന്ന് മാസത്തിനകം

ക്രമീകരിച്ചിട്ടില്ലാത്ത മുൻകൂറുകൾ 18% പലിശ സഹിതം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ മുൻകൂറായി കൈപ്പറ്റിയ തുകകൾ നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ***ഖണ്ഡിക 3(6) അർഹമല്ലാത്ത കാലയളവിലേയ്ക്ക് ചെയർമാന്റെ ഓണറേറിയം അനുവദിച്ചു - നിരാകരിക്കുന്ന തുക ₹ 19,963/-***

നഗരസഭയുടെ മുൻചെയർമാൻ ശ്രീ. എം.എ. രാജഗോപാലിന് ഓണറേറിയം സിറ്റിംഗ് ഫീസ് ഇനങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ ₹ 23,560/- അനുവദിച്ചിട്ടുള്ളതായി കാണുന്നു.

| | | |
|---|---|---|
| 1. | 06-11-2009-ൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ സിറ്റിംഗ് ഫീസ് | 150.00 |
| 2. | 11/2009 മുതൽ 02/2010 വരെയുള്ള ഓണറേറിയം (4 X 5300) | 21,200.00 |
| 3. | 01-03-2010 മുതൽ 03-03-2010 വരെയുള്ള ഓണറേറിയം | 530.00 |
| 4. | 04-03-2010 മുതൽ 31-03-2010 വരെ<br>(കൗൺസിലറുടെ ഓണറേറിയം ₹ 1,800/- പ്രതിമാസ നിരക്കിൽ) | 1,680.00 |
| | **ആകെ** | **23,560.00** |

| | |
|---|---|
| വൗച്ചർ നമ്പർ 87-7/10<br>(ചെക്ക് നമ്പർ -123202/20-07-2010) | 21,880 + |
| വൗച്ചർ നമ്പർ 88-7/10<br>(ചെക്ക് നമ്പർ -123202/20-07-2010) | 1,680.00 |
| **ആകെ** | **23,560.00** |

Local Fund Audit Department

ശ്രീ. എം.എ. രാജഗോപാൽ നഗരസഭാ ചെയർമാനായി സേവനം അനുഷ്ഠിച്ചു വരവേ ഒരു കേസിലുൾപ്പെട്ട് 11-11-2009 മുതൽ ജയിൽവാസം അനുഭവിച്ചിരുന്നു. 05-04-2010-ൽ ഹൈക്കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കി. ഇതിനിടെ 03-03-2010-ൽ അദ്ദേഹം ചെയർമാൻ സ്ഥാനം രാജി വയ്ക്കുന്നതിന് കത്ത് നൽകി. 04-03-2010-ൽ സെക്രട്ടറി രാജി സ്വീകരിച്ചു. അന്നു മുതൽ ടിയാൻ കൗൺസിലറായി തുടർന്നു. ശ്രീ. രാജഗോപാൽ ജയിലിൽ ഇരുന്നു കൊണ്ട് പുനലൂർ നഗരസഭയുടെ അദ്ധ്യക്ഷനായി 03-03-2010 വരെ ചുമതല വഹിച്ചു എന്നും തുക നൽകുക എന്നുള്ള സെക്രട്ടറിയുടെ 20-07-2010-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ് മേൽ സൂചിപ്പിച്ച തരത്തിൽ തുക നൽകിയിട്ടുള്ളത്.

27-11-2009 മുതൽ 29-03-2010 വരെ ശ്രീമതി. ഗ്രേസി ജോൺ വൈസ് ചെയർപേഴ്സൺ ആയിരുന്നു. ചെയർമാന്റെ ചുമതല വഹിച്ചിരുന്നത്. ടിയാൾ 01-12-2009 മുതൽ 29-03-2010 വരെയുള്ള കാലയളവിലേയ്ക്ക് ചെയർമാന്റെ ഓണറേറിയം കൈപ്പറ്റിയിട്ടുണ്ട്.

ശ്രീമതി. ഗ്രേസി ജോണിന് അധികം നൽകിയ തുക തിരിച്ചു നൽകുവാൻ അറിയിപ്പ് നൽകുക എന്ന സെക്രട്ടറിയുടെ 20-07-2010-ലെ ഉത്തരവ് അനുസരിച്ച് 21-07-2010-ൽ ടിയാൾക്ക് കത്ത് നൽകി. ആയതിന് ടിയാൾ 24-09-2010-ൽ നൽകിയ മറുപടിയിൽ "അർഹമല്ലാത്ത ആനുകൂല്യമാണ് കൈപ്പറ്റിയത് എങ്കിൽ മുനിസിപ്പൽ ഡയറക്ടറുടെയോ, ബന്ധപ്പെട്ട ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെയോ വ്യക്തമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി. ബാദ്ധ്യത അടയ്ക്കണം എന്ന് അറിയിച്ചാൽ അടയ്ക്കുവാൻ തയ്യാറാണ്" എന്ന് പറഞ്ഞിരിക്കുന്നു. ഇതിന് മറുപടിയായി 11-01-2011-ലെ സി1 -2603/05-ാം നമ്പർ കത്ത് പ്രകാരം ശ്രീമതി. ഗ്രേസി ജോണിന് ചെയർമാന്റെ ഓണറേറിയം അനുവദിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതാണ് എന്ന സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റിയുടെ അനുമതിയോടു കൂടി അവധി എടുക്കുന്ന ജനപ്രതിനിധിയ്ക്ക് ആറ് മാസം വരെ ഓണറേറിയം ലഭിക്കും (1995-ലെ കേരള മുനിസിപ്പാലിറ്റി - ജനപ്രതിനിധികളുടെ ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ ഭേദഗതി ചട്ടം- 3 (ബി)/2006) എന്ന വ്യവസ്ഥ മുൻ ചെയർമാന്റെ കാര്യത്തിൽ പ്രസക്തമല്ല. കൂടാതെ ചെയർപേഴ്സന്റെ ചുമതല വഹിക്കുന്ന ആൾക്ക് ചെയർപേഴ്സണ് അർഹതപ്പെട്ട ഓണറേറിയം ലഭിക്കും (ഭേദഗതി ചട്ടം- 3(സി).

Local Fund Audit Department

ഈ സാഹചര്യത്തിൽ അർഹമല്ലാത്ത കാലയളവിലേയ്ക്ക് ശ്രീ. എം.എ. രാജഗോപാലിന് അനുവദിച്ച ഓണറേറിയം (11-11-2009 മുതൽ 03-03-2010 വരെ) 19,433 + 530 = ₹ 19,963/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ടി. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

***ഖണ്ഡിക 3(7) ദിവസവേതന ജീവനക്കാർക്ക് അധിക നിരക്കിൽ തുക അനുവദിച്ചു - നിരാകരിക്കുന്ന തുക ₹ 25,490/-***

നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ, ഡ്രൈവർമാർ എന്നിവർക്ക് അധിക നിരക്ക് അനുവദിച്ചതുമൂലം 25,490/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും തസ്തികയും | വൗച്ചർ നമ്പർ/ചെക്ക് നമ്പർ/തീയതി | ജോലി ചെയ്ത മാസം | ദിവസങ്ങൾ | അർഹമായ തുക (₹) | കൈപ്പറ്റിയ തുക (₹) | അധികം അനുവദിച്ച തുക (₹) |
|---|---|---|---|---|---|---|---|
| 1. | ശ്രീകല, ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 129-8/10 878743/21-08-2010 | 8/2010 | 12 | 2400 @ ₹ 200/- | 3,000.00 | 600.00 |
| 2. | നീതു. എം, ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 130-8/10 878744/21-08-2010 | 7/2010 | 16 | 3200 @ ₹ 200/- | 4,000.00 | 800.00 |
| | | | 8/2010 | 17 | 3200 @ ₹ 200/- | 4,250.00 | 850.00 |
| 3. | സുനിൽ, ഡ്രൈവർ | 100-1/11 880582/22-01-2011 | 12/2010 | 25 | 5,000 @ ₹ 200/- | 10,000.00 | 5,000.00 |

Local Fund Audit Department

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | ഷബീർ,<br>ഡ്രൈവർ | 29-2/11<br>880593/04-02-2011 | 1/2011 | 28 | 5,600 @ ₹ 200/- | 7,840.00 | 2,240.00 |
| 5. | ഷിബു<br>ഡ്രൈവർ | 29-2/11<br>880593/04-02-2011 | 1/2011 | 29 | 5,800 @ ₹ 200/- | 8,120.00 | 2,320.00 |
| 6. | ബിനു കുമാർ,<br>ഡ്രൈവർ | 30-2/11<br>880593/04-02-2011 | 1/2011 | 29 | 5,800 @ ₹ 200/- | 7,830.00 | 2,030.00 |
| 7. | അനീഷ്<br>ഡ്രൈവർ | 51-2/11<br>880600/09-02-2011 | 1/2011 | 28 | 5,600 @ ₹ 200/- | 7,560.00 | 1,960.00 |
| 8. | ഉണ്ണികൃഷ്ണൻ,<br>ഡ്രൈവർ | 63-2/11<br>869005/11-02-2011 | 1/2011 | 21 | 4,200 @ ₹ 200/- | 5,670.00 | 1,470.00 |
| 9. | സുനിൽ കുമാർ,<br>ഡ്രൈവർ | 30-3/11<br>869045/04-03-2011 | 1/2011 | 25 | 5,000 @ ₹ 200/- | 10,000.00 | 5,000.00 |
| 10. | തുളസീധരൻ,<br>ഡ്രൈവർ | 110-3/11<br>889083/11-03-2011 | 1/2011 | 24 | 4,800 @ ₹ 200/- | 6,480.00 | 1,680.00 |
| | | | 2/2011 | 22 | 4,400 @ ₹ 200/- | 5,940.00 | 1,540.00 |
| ആകെ | | | | | | | 25,490.00 |

ടി. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

Local Fund Audit Department

## ***ഖണ്ഡിക 3(8) UIDSSMT പദ്ധതി - പാഴ്ചെലവുകൾ - തടസ്സപ്പെടുത്തുന്ന തുക ₹ 4,97,308/-***

ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന നഗരസഭാ സംയുക്ത പ്രോജക്റ്റായ UIDSSMT പദ്ധതിയ്ക്ക് 482 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് 29-03-2007-ൽ അംഗീകാരം ലഭിച്ചിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് ബോധവൽക്കരണം, ട്രാൻസ്പോർട്ടേഷൻ എന്നീ ഇനങ്ങളിൽ പാഴ്ചെലവ് സംഭവിച്ചിട്ടുള്ളതായി കാണുന്നു.

## ❶ ബോധവൽക്കരണം

പ്രസ്തു പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ നാടൻപാട്ട് അവതരിപ്പിച്ചതിന് ശ്രീ. അനിൽ കെ.വി, പഴങ്ങേറിൽ മന്ദിരം, തൊളിക്കോട് പി.ഒ. എന്ന വ്യക്തിയ്ക്ക് ₹ 35,000/- വൗച്ചർ നമ്പർ 133-5/10 (ചെക്ക് നമ്പർ - 286319/29-05-2010) പ്രകാരം നൽകിയിട്ടുള്ളതായി കാണുന്നു. ഇതേ ഇനത്തിന് 2009-10 വർഷത്തിലും ₹ 30,000/- ചെലവഴിച്ചു കാണുന്നു. (ഓഡിറ്റ് റിപ്പോർട്ട് 2009-10, ഖണ്ഡിക 3(21)-(2) കാണുക). ഒട്ടും പ്രയോജനപ്രദമല്ലാത്ത ആവശ്യത്തിനായി വീണ്ടും തുക ചെലവഴിച്ചത് പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ടി. ഇനത്തിൽ തൻവർഷം ചെലവഴിച്ച ₹ 35,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ❷ ട്രാൻസ്പോർട്ടേഷൻ

**(എ)** അംഗീകൃത പ്രോജക്റ്റ് പ്രകാരം ഒരു ജീപ്പ് വാങ്ങാൻ ആണ് അനുമതി നൽകിയിരിക്കുന്നത്. 2009-10-ൽ ₹ 5,64,992/- ചെലവഴിച്ച് ഒരു ബെലേറോ ജീപ്പ് വാങ്ങിയിട്ടുണ്ട്. ഇൻഷുറൻസ്, റോഡ് ടാക്സ് ഉൾപ്പെടെ ആകെ ₹ 5,87,054/- ആണ് ഇതിനായി ചെലവഴിച്ചത് (ജീപ്പ് നമ്പർ KL-25A 6466).

എന്നാൽ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി 2010-11 വർഷത്തിൽ മഹീന്ദ്ര & മഹീന്ദ്ര കമ്പനിയുടെ ഒരു ജീപ്പ് കൂടി വാങ്ങിയിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാങ്ങിയ വില - ₹ 3,68,263/- | വൗച്ചർ നമ്പർ 44-5/10<br>ചെക്ക് നമ്പർ 286315/06-05-2010 |
| ഇൻഷുറൻസ് - ₹ 11,820/- | വൗച്ചർ നമ്പർ 110-6/10<br>ചെക്ക് നമ്പർ 607923/28-06-2010 |

Local Fund Audit Department

<table>
<tr><td rowspan="3">രജിസ്ട്രേഷൻ, വാഹനം കൊണ്ടു വന്ന ചെലവ് മുതലായവ -  ₹ 35,568/-</td><td>വൗച്ചർ നമ്പർ 112-6/10<br>ചെക്ക് നമ്പർ 123167/28-06-2010<br>₹ 3,000/-  +</td></tr>
<tr><td>വൗച്ചർ നമ്പർ 26-7/10<br>ചെക്ക് നമ്പർ 607926/03-07-2010<br>₹ 30,000/-  +</td></tr>
<tr><td>വൗച്ചർ നമ്പർ 93-11/10<br>ചെക്ക് നമ്പർ 60797/22-11-2010<br>₹ 2,568/-</td></tr>
<tr><td>ആകെ</td><td>₹ 4,15,651/-</td></tr>
</table>

Local Fund Audit Department

ടി. വിഷയം സംബന്ധിച്ച് 16-02-2013-ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ -8) 'ജീവനക്കാരെയും തൊഴിലാളികളെയും പ്ലാന്റിൽ എത്തിക്കുക' എന്ന ഉദ്ദേശത്തോടെയാണ് രണ്ട് ജീപ്പുകൾ വാങ്ങിയത് എന്ന് മറുപടി നൽകിയിരിക്കുന്നു. പ്ലാന്റിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മറുപടി തൃപ്തികരമല്ല. പ്രോജക്റ്റിലെ വ്യവസ്ഥകൾ മറി കടന്ന് വാങ്ങിയ ടി. വാഹനം (KL-25B 1766) 01-07-2010 മുതൽ നഗരസഭയുടെ ഇതര ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. നഗരസഭയുടെ ഉപയോഗത്തിന് നിലവിൽ ഒരു ബൊലേറോ ജീപ്പ് (KL-02P 8193) ഉള്ള സാഹചര്യത്തിൽ ആണ് വീണ്ടും രണ്ട് ജീപ്പുകൾ കൂടി വാങ്ങുകയും, അതിന്റെ ഡീസൽ ചാർജ്ജ് മുനിസിപ്പൽ ഫണ്ടിൽ നിന്നും നൽകുകയും ചെയ്യുന്നത്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായ സ്ഥിതിയ്ക്ക് ഇത്തരത്തിൽ അനാവശ്യ വാങ്ങൽ നടത്തിയതിൽ ഔചിത്യമില്ല. ഈ സാഹചര്യത്തിൽ പ്രോജക്റ്റിലെ വ്യവസ്ഥകൾ മറികടന്ന് വാങ്ങിയ ഒരു ജീപ്പിന് വേണ്ടി ചെലവഴിച്ച ₹ 4,15,651/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**(ബി)** 2010-11 വർഷത്തിൽ KL-25B 1766-ാം നമ്പർ ജീപ്പിന് വേണ്ടി ഡീസൽ ചാർജ്ജ്, സർവ്വീസ് ചാർജ്ജ്, ഡ്രൈവറുടെ വേതനം എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇനി ചേർക്കുന്നു.

# ഡീസൽ ചാർജ്ജ്

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/തീയതി | തുക (₹) |
|---|---|---|
| 1. | 69-9/10 878792/14-09-2010 | 2,679.00 |
| 2. | 102-9/10 879211/17-09-2010 | 2,142.00 |
| 3. | 106-9/10 879212/17-09-2010 | 3,306.00 (സർവ്വീസിംഗ് ചാർജ്ജ്) |
| 4. | 24-10/10 879232/04-10-2010 | 3,447.00 |
| 5. | 103-11/10 880501/24-11-2010 | 4,773.00 |
| 6. | 76-1/11 880578/18-01-2011 | 6,984.00 |
| 7. | 87-3/11 869068/11-03-2011 | 4,666.00 |
| ആകെ | | **27,997.00** |

Local Fund Audit Department

# ഡ്രൈവറുടെ വേതനം

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/തീയതി | തുക (₹) |
|---|---|---|
| 1. | 45-7/10 123177/08-07-2010 | 5,600.00 |
| 2. | 89-1/11 880581/19-01-2011 | 5,000.00 |
| 3. | 106-2/11 869032/23-02-2011 | 3,200.00 |

| | | |
|---|---|---|
| 4. | 68-3/11<br>869063/09-03-2011 | 4,860.00 |
| **ആകെ** | | **18,660.00** |

ഡീസൽ ചാർജ്ജ്, സർവ്വീസിംഗ് ചാർജ്ജ്, ഡ്രൈവറുടെ വേതനം എന്നീ ഇനങ്ങളിൽ നൽകിയ തുക ₹ 46,657/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി മുകളിൽ സൂചിപ്പിച്ചിരിക്കുന്ന തരത്തിൽ ചെലവഴിച്ചിട്ടുള്ള ₹ 4,97,308/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### ***ഖണ്ഡിക 3(9) വെള്ളക്കരം കുടിശ്ശിക അടച്ചതിലെ അപാകതകൾ - തടസ്സപ്പെടുത്തുന്ന തുക ₹ 18,29,225/- നിരാകരിക്കുന്ന തുക ₹ 1,12,415/-***

നഗരസഭാ ഓഫീസിന്റെയും, നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്കൂൾ, ഷോപ്പിംഗ് കോംപ്ലക്സ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെയും 12/2009 വരെയുള്ള വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 55,44,590/- രൂപയിൽ നിന്നും 19-02-2010-ൽ നടന്ന KWA അദാലത്തിൽ വച്ച് ₹ 36,01,172/- എഴുതി തള്ളി കുടിശ്ശിക 19,43,418/- രൂപയായി നിർണ്ണയിച്ചിട്ടുള്ളതാണ് (ഡി.ബി1-153/07 തീയതി 24-02-2010, KWA പ്രകാരം).

| ക്രമ നമ്പർ | കൺസ്യൂമർ നമ്പർ (ND) | സ്ഥാപനം | 12/2009 വരെയുള്ള കുടിശ്ശിക | അദാലത്തിൽ എഴുതി തള്ളിയ തുക (₹) | അടയ്ക്കേണ്ടുന്ന തുക (₹) |
|---|---|---|---|---|---|
| 1. | 5 | മുനിസിപ്പൽ ഓഫീസ് | 1,51,905.00 | 39,490.00 | 1,12,415.00 |
| 2. | 10 | ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് ജംഗ്ഷൻ | 70,681.00 | 27,573.00 | 43,108.00 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 3. | 11 | കംഫർട്ട് സ്റ്റേഷൻ (പഴയ പ്രൈവറ്റ് ബസ് സ്റ്റാന്റ്) | 1,20,057.00 | 72,441.00 | 47,616.00 |
| 4. | 55 | കംഫർട്ട് സ്റ്റേഷൻ (കെ.എസ്.ആർ.ടി.സി-യ്ക്ക് സമീപം) | 7,77,337.00 | 4,36,064.00 | 3,41,273.00 |
| 5. | 416 | പഴയ റസ്റ്റോറന്റ്, റ്റി.ബി. ജംഗ്ഷൻ | 3,85,723.00 | 2,77,403.00 | 1,08,320.00 |
| 6. | 418 | പഴയ ലോഡ്ജ്, റ്റി.ബി. ജംഗ്ഷൻ | 10,18,636.00 | 4,96,900.00 | 5,21,736.00 |
| 7. | 932 | ഷോപ്പിംഗ് കോംപ്ലക്സ് ബി. ബ്ലോക്ക് (7 നില കെട്ടിടം) | 16,28,136.00 | 12,47,943.00 | 3,80,193.00 |
| 8. | 933 | ഷോപ്പിംഗ് കോംപ്ലക്സ് എ. ബ്ലോക്ക് (7 നില കെട്ടിടം) | 13,44,527.00 | 9,87,875.00 | 3,56,652.00 |
| 9. | 1970 | മാർക്കറ്റ് സ്റ്റാൾ നമ്പർ -7 | 40,223.00 | 14,726.00 | 25,497.00 |
| 10. | 3305 | ബസ് സ്റ്റാന്റ് | 5,587.00 | 757.00 | 4,830.00 |
| 11. | 1796 | മുനിസിപ്പൽ എൽ.പി.എസ് | 1,778.00 | 0.00 | 1,778.00 |
| **ആകെ** | | | **55,44,590.00** | **36,01,172.00** | **19,43,418.00** |

KWA അസിസ്റ്റന്റ് എഞ്ചിനീയറുടെ 24-02-2010-ലെ ഡി.ബി1-153/07-൧൦ നമ്പർ കത്തിൽ അവശ്യപ്പെട്ടത് അനുസരിച്ച് ₹ 19,43,418/- ചുവടെ ചേർക്കുന്ന തരത്തിൽ ഒടുക്ക് വരുത്തി.

Local Fund Audit Department

| ചെക്ക് നമ്പർ/തീയതി | തുക (₹) |
|---|---|
| 880528/15-12-2010 | 7,00,000.00 |
| 880569/11-01-2011 | 4,14,473.00 |
| 869001/11-02-2011 | 4,14,473.00 |
| 869057/08-03-2011 | 4,14,472.00 |
| **ആകെ** | **19,43,418.00** |

ടി. തുകയിൽ മുനിസിപ്പൽ ഓഫീസ് (കൺസ്യൂമർ നമ്പർ ND-5), മുനിസിപ്പൽ സ്കൂൾ (കൺസ്യൂമർ നമ്പർ ND-1796) എന്നിവയുടെ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ യഥാക്രമം 1,12,415/- രൂപയും, 1,778/- രൂപയും ചേർത്ത് ₹ 1,14,193/- ഒടുക്കിയിട്ടുള്ളത് അംഗീകരിക്കുന്നു. ബാക്കി തുകയായ ₹ 18,29,225/- ഒടുക്കിയിരിക്കുന്നത് ഷോപ്പിംഗ് കോംപ്ലക്സുകൾ, കംഫർട്ട് സ്റ്റേഷൻ, മാർക്കറ്റ് സ്റ്റാൾ മുതലായവയുടെ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ ആണ്. ബന്ധപ്പെട്ട കരാറുകാരുമായി നഗരസഭ എഗ്രിമെന്റ് വച്ചിരുന്നോ എന്ന് വ്യക്തമല്ല. എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ വെള്ളക്കരം നഗരസഭ ഫണ്ടിൽ നിന്നും അനുവദിക്കേണ്ടതുണ്ടോ എന്നും വ്യക്തമല്ല. ഈ സാഹചര്യത്തിൽ ടി. ഇനത്തിൽ ചെലവഴിച്ച ₹ 18,29,225/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

KWA അസിസ്റ്റന്റ് എഞ്ചിനീയറുടെ 24-02-2010-ലെ കത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ ഓഫീസിന്റെ വെള്ളക്കരം കുടിശ്ശികയായ ₹ 1,12,415/- വൗച്ചർ നമ്പർ 133-3/10 (ചെക്ക് നമ്പർ - 509667 തീയതി 24-03-2010) പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി. തുക കൂടി ഉൾപ്പെടുത്തിയാണ് 2010-11-ൽ ₹ 19,43,418/- മേൽ സൂചിപ്പിച്ച പ്രകാരം ഒടുക്കിയിട്ടുള്ളത്. അതായത്, നഗരസഭാ ഓഫീസിന്റെ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ ₹ 1,12,415/- അധികം അടച്ചിട്ടുള്ളതായി കാണുന്നു. ടി. തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ₹ 1,12,415/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(മേൽ വിഷയം സംബന്ധിച്ച് 26-02-2013-ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ -20) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല).

Local Fund Audit Department

## ഖണ്ഡിക 3(10) KURDFC ലോൺ തിരിച്ചടവ് - സംബന്ധിച്ച്

KURDFC ലോൺ കുടിശ്ശിക ഇനത്തിലുള്ള ₹ 79,80,277/- നാൽപ്പത് പ്രതിമാസ തവണകളായി അടയ്ക്കാൻ RR-3417/M(Revenue)/09 തീയതി 15-10-2009 നമ്പർ കത്ത് പ്രകാരം അനുവദിച്ചിരുന്നു. KURDFC-യിലേയ്ക്ക് മുതൽ ഇനത്തിൽ 1,99,507/- രൂപയും, റവന്യൂ ഡിപ്പാർട്ട്മെന്റിലേയ്ക്ക് കളക്ഷൻ ചാർജ്ജ് ഇനത്തിൽ 9,975/- രൂപയും, ഡി.ഡി. കമ്മീഷൻ ഇനത്തിൽ 700/- രൂപയും ചേർത്ത് ആകെ 2,10,182/- രൂപയും, പ്രതിമാസം പിൻവലിച്ച് അടച്ചു കൊണ്ടിരുന്നു. ഇത്തരത്തിൽ ആകെ 28 തവണകൾ അടച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ 09-04-2010, 18-04-2012 എന്നീ തീയതികളിൽ വികസന ഫണ്ടിൽ നിന്നും തുകകൾ KURDFC-യിലേയ്ക്ക് നേരിട്ട് അടച്ചിട്ടുള്ളതായും കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | 28 തവണകൾ പ്രകാരം | 1,99,507 X 28 | 55,86,196.00 |
| 2. | 22-02-2010-ലെ 572/10/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലയിൽ നിന്നും തുക നേരിട്ട് KURDFC-യ്ക്ക് അടച്ചത് | ഡി.ഡി. നമ്പർ 798941/09-04-2010 | 6,86,887.00 |
| 3. | 18-12-2012-ലെ ജി.ഒ.(സാധാ) -508/12/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കാത്ത പ്ലാൻ ഫണ്ട് തുക KURDFC-യിലേയ്ക്ക് അടച്ചത് | ഡി.ഡി. നമ്പർ 403214/18-04-2012 | 19,26,589.00 |
| **ആകെ** | | | **81,99,672.00** |

04/2012 മുതൽ തുകകൾ ഒന്നും തന്നെ അടച്ചിട്ടുള്ളതായി കാണുന്നില്ല.

Local Fund Audit Department

തഹസീൽദാർ, പത്തനാപുരത്തിന്റെ 24-12-2012-ലെ സി3-24913/09-ാം നമ്പർ കത്തിൽ ഇപ്രകാരം കാണുന്നു. പുനലൂർ നഗരസഭ KURDFC-യിലേയ്ക്ക് അടയ്ക്കുവാൻ ഉണ്ടായിരുന്ന 79,80,277 രൂപയിൽ ₹ 55,87,182/- ഇരുപത്തിയെട്ട് തവണകളായി ഈ ഓഫീസ് മുഖാന്തിരവും, ₹ 19,26,589/- KURDFC മാനേജരുടെ പേരിൽ ഡി.ഡി ആയും ഒടുക്ക് വരുത്തിയിട്ടുള്ളതാണ്. ഇനിയും അടവാക്കാനുള്ള തുക ഒടുക്ക് വരുത്തുന്നതിനും, KURDFC നേരിട്ട് അടച്ച തുകയുടെ കളക്ഷൻ ചാർജ്ജ് അയച്ച തരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ താൽപ്പര്യപ്പെടുന്നു. പ്രസ്തുത കത്തിൽ 09-04-2010-ൽ KURDFC-യിലേയ്ക്ക് നേരിട്ട് അടച്ച 6,86,887/- രൂപയുടെ വിവരം സൂചിപ്പിച്ചു കാണുന്നില്ല.

റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും നാല് പ്രതിമാസ തവണകൾ അടവ് വരുത്തിയതിന് ശേഷമാണ് സർക്കാർ ഉത്തരവ് പ്രകാരം ₹ 6,86,887/- KURDFC-യ്ക്ക് നേരിട്ട് അടച്ചിട്ടുള്ളത്. തുടർന്ന് 5-ാം തവണ മുതൽ 28-ാം തവണ വരെ റവന്യൂ റിക്കവറിയുടെ ഭാഗമായി ഒടുക്ക് വരുത്തിയതിന് ശേഷം സർക്കാർ ഉത്തരവ് പ്രകാരം 19,26,589/- രൂപയും KURDFC-യ്ക്ക് നേരിട്ട് അടച്ചിരിക്കുന്നു.

KURDFC-യ്ക്ക് നൽകുവാൻ ഉണ്ടായിരുന്ന കുടിശ്ശിക തുക (മുതൽ) ₹ 79,80,277/- ആണ്. എന്നാൽ 04/2012 വരെ ₹ 81,99,672/- മുതൽ ഇനത്തിൽ അടച്ചിട്ടുണ്ട്. അതായത് ₹ 2,19,395/- അധികം അടച്ചിരിക്കുന്നു. പലിശ ഇനത്തിൽ ഏതെങ്കിലും തുക KURDFC-യ്ക്ക് നൽകുവാൻ ഉണ്ടെങ്കിൽ ആയതിന്റെ വിവരം ആവശ്യപ്പെടുകയും ടി. തുക ആയതിൽ ക്രമീകരിച്ചു കിട്ടാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, KURDFC-യ്ക്കുള്ള കുടിശ്ശിക തുക മുഴുവൻ അടച്ചു തീർത്ത സാഹചര്യത്തിൽ തഹസീൽദാർ, പത്തനാപുരത്തിന്റെ 24-12-2012-ലെ കത്തിൽ ആവശ്യപ്പെട്ട പ്രകാരം നേരിട്ട് അടച്ച തുകയ്ക്ക് കളക്ഷൻ ചാർജ്ജ് അടയ്ക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

Local Fund Audit Department

## ഖണ്ഡിക 3(11) ആശ്രയ ചലഞ്ച് ഫണ്ട് - മുനിസിപ്പൽ ഫണ്ടിൽ അവശേഷിക്കുന്ന തുക കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യണം

ആശ്രയ പദ്ധതി ചലഞ്ച് ഫണ്ട് ഇനത്തിൽ കുടുംബശ്രീ കൊല്ലം ജില്ലാ മിഷൻ കോ- ഓർഡിനേറ്ററിൽ നിന്നും ഡി.ഡി. നമ്പർ -210732 തീയതി 03-04-2006 പ്രകാരം ലഭ്യമായ ₹ 10,00,000/- 30-06-2007-ൽ മാത്രമാണ് മുനിസിപ്പൽ ഫണ്ട് അക്കൗണ്ടിൽ (നമ്പർ- 5995, കാനറാ ബാങ്ക് പുനലൂർ) ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത ഡി.ഡി 05-01-2007-ൽ റീവാലിഡേറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. ഇത്തരത്തിൽ ഡി.ഡി. ബാങ്കിൽ സമർപ്പിച്ച് പണമാക്കി മാറ്റുന്നതിൽ ഉണ്ടായ കാലതാമസത്തിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്. [ടി. വിഷയം സംബന്ധിച്ച് 18-02-2013-ൽ നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-10) വിശദീകരണം ലഭ്യമാക്കിയിട്ടില്ല].

ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭ്യമായ 10,00,000/- രൂപയിൽ നിന്നും നാളിതുവരെ ₹ 4,21,704/- ചെലവഴിച്ചിട്ടുള്ളതിന്റെ ഇതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി. ടി. ഇനത്തിൽ മുനിസിപ്പൽ ഫണ്ടിൽ അവശേഷിക്കുന്ന ₹ 5,78,296/- കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## ഖണ്ഡിക 3(12) രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

ചെലവിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം ചെലവഴിച്ച ₹ 5,42,538/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ഫയൽ നമ്പർ | തുക (₹) |
|---|---|---|---|
| 1. | 95-8/10 | E1-10566/10 | 1,00,000.00 |
| 2. | 116-8/10 | E1-9246/10 | 2,99,510.00 |

Local Fund Audit Department

| | | | |
|---|---|---|---|
| 3. | 121-9/10 | C1-6150/10 | 9,125.00 |
| 4. | 49-12/10 | E1-15076/10 | 83,785.00 |
| 5. | 56-3/11 | E1-18350/10 | 50,118.00 |
| **ആകെ** | | | **5,42,538.00** |

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## *ഖണ്ഡിക 3(13) ഡെപ്പോസിറ്റ് രജിസ്റ്റർ - കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല*

നഗരസഭയിൽ തൻവർഷം ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. ഡെപ്പോസിറ്റ് ഇനത്തിലെ മുന്നിരിപ്പ്, തൻവർഷത്തെ വരവ്, തൻവർഷം തിരികെ നൽകിയ/മുൻസിപ്പൽ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയ നിക്ഷേപം, നീക്കിയിരിപ്പ് എന്നിവ പരിശോധിച്ച് കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. വർഷാവസാനം തിരികെ നൽകുവാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

## *ഖണ്ഡിക 3(14) സ്യൂട്ട് രജിസ്റ്റർ/കേസ് ഫയൽ പരിശോധനയ്ക്ക് വിധേയമാക്കിയില്ല - വക്കീൽ ഫീസ് ഇനത്തിൽ നൽകിയ തുക തടസ്സപ്പെടുത്തുന്നു - ₹ 40,250/-*

നഗരസഭയുമായി ബന്ധപ്പെട്ട വിവിധ കേസുകൾക്ക് വക്കീൽ ഫീസ് നൽകിയ ഇനത്തിൽ തൻവർഷം ₹ 40,250/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്യൂട്ട് രജിസ്റ്റർ/കേസ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി. തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Local Fund Audit Department

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക (₹) | കേസ് നമ്പർ | വക്കീലിന്റെ പേര് |
|---|---|---|---|---|
| 1. | 45/9-10 | 2,000.00 | O.S. No.75/09 | ചിത്ര എസ്. രാധാകൃഷ്ണൻ നായർ |
| 2. | 46/9-10 | 1,000.00 | WP(c) No.25398/09 | ബി. കൃഷ്ണമണി |
| 3. | 47/9-10 | 4,000.00 | WP(c) No. 15434/09 | ബി. കൃഷ്ണമണി |
| 4. | 48/9-10 | 4,000.00 | WP(c) No. 9170/10 | ബി. കൃഷ്ണമണി |
| 5. | 49/9-10 | 4,000.00 | WP(c) No. 17070/10(G) | ബി. കൃഷ്ണമണി |
| 6. | 50/9-10 | 4,000.00 | WP(c) No. 14301/07 | ബി. കൃഷ്ണമണി |
| 7. | 51/9-10 | 4,000.00 | WP(c) No. 6315/08 | ബി. കൃഷ്ണമണി |
| 8. | 112/2-11 | 2,000.00 | Appeal No. 433/09 | ജി.കെ. നമ്പൂതിരി |
| 9. | 113/2-11 | 3,000.00 | O.S. No. 236/09 | എം. രഘുനാഥൻ |
| 10. | 114/2-11 | 4,000.00 | O.S. No.33/03 | ചിത്ര എസ്. രാധാകൃഷ്ണൻ നായർ |
| 11. | 118/3-11 | 3,000.00 | O.S. No.409/04 | എം. രഘുനാഥൻ |
| 12. | 119/3-11 | 750.00 | O.S. No.6/06 | എം. രഘുനാഥൻ |
| 13. | 120/3-11 | 2,000.00 | Appeal No. 706/09 | ജി.കെ. നമ്പൂതിരി |
| 14. | 121/3-11 | 2,500.00 | Appeal No. 513/10 | ജി.കെ. നമ്പൂതിരി |
| **ആകെ** | | **40,250.00** | | |

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

Local Fund Audit Department

## ഖണ്ഡിക 3(15) പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് - കോൺട്രിബ്യൂഷൻ കൃത്യമായി അടയ്ക്കാതിരുന്നതിനാൽ പലിശ ഇനത്തിൽ വൻനഷ്ടം

നഗരസഭയിലെ റെഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്ന പ്രോവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ തുകകൾ ബന്ധപ്പെട്ട TPA-123-൧൦ നമ്പർ അക്കൗണ്ടിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. 2010-11 വർഷത്തിൽ ഈ ഇനത്തിൽ തുക ഒന്നും തന്നെ അടവ് വരുത്തിയിട്ടില്ല.

പി.എഫ്. ക്യാഷ് ബുക്ക് പ്രകാരം 2010-11 വർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹ 54,812/- |
| നഗരകാര്യ ഡയറക്ടർ അനുവദിച്ച തുക (ഡി.ഡി. നമ്പർ 055893/02-12-2010) | ₹ 29,20,165/- |
| | **₹ 29,74,977/-** |
| 03-04-2010-ൽ ക്രെഡിറ്റ് ചെയ്ത പലിശ | ₹ 31,838/- |
| | **₹ 30,06,815/-** |
| ചെലവ് | ₹ 18,97,429/- |
| നീക്കിയിരിപ്പ് (31-03-2011) | ₹ 11,09,386/- |

നീക്കിയിരിപ്പ് തുക ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നുണ്ട്.

പി.എഫ്. കോൺട്രിബ്യൂഷൻ കൃത്യമായി അടയ്ക്കാതിരുന്നത് മൂലം പലിശ ഇനത്തിൽ നഷ്ടം ഉണ്ടായതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Local Fund Audit Department

| അടയ്ക്കാതിരുന്ന കാലയളവ് | പലിശ ഇനത്തിൽ നഷ്ടം (₹) |
|---|---|
| 11/2005 മുതൽ 01/2006 വരെ | ₹ 34,561/- |
| 07/2009 മുതൽ 04/2010 വരെ | ₹ 45,274/- |
| 05/2010 മുതൽ 02/2011 വരെ | ₹ 1,47,157/- |
| **ആകെ** | **₹ 2,26,992/-** |

പലിശ ഇനത്തിൽ നഷ്ടമായ തുക ബന്ധപ്പെട്ട TPA അക്കൗണ്ടിൽ ഒടുക്ക് വരുത്തി, ടി. തുക കൂടി വിനിയോഗിച്ച് സ്റ്റേറ്റുമെന്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ അലോട്ട്മെന്റ് നഗരസഭയ്ക്ക് നൽകുകയുള്ളൂ എന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2012-13 വർഷം ചുവടെ ചേർക്കുന്ന തരത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1. | വൗച്ചർ നമ്പർ 9-9/12<br>(ചെക്ക് നമ്പർ 883596/07-09-2012) | ₹ 1,50,000/- |
| 2. | വൗച്ചർ നമ്പർ 78-9/12<br>(ചെക്ക് നമ്പർ 883738/25-09-2012) | ₹ 76,992/- |
| | **ആകെ** | **₹ 2,26,992/-** |

സാമ്പത്തിക പരാധീനത നിമിത്തം ആണ് പി.എഫ്. വിഹിതം കൃത്യസമയത്ത് ഒടുക്കാൻ കഴിയാതിരുന്നത് എന്ന് ഫയലിൽ കാണുന്നു. നികുതി, ലൈസൻസ് ഇനങ്ങളിൽ വൻതുക പിരിച്ചെടുക്കുവാൻ അവശേഷിക്കവേയാണ് സാമ്പത്തിക പരാധീനത എന്ന് രേഖപ്പെടുത്തി കാണുന്നത്. 2010-11 വർഷത്തെ നികുതി, ലൈസൻസ് ഇനങ്ങളിലെ കുടിശ്ശിക ഡിമാന്റ് ₹ 33,73,051.50/- ആണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ അനാസ്ഥയാണ് സാമ്പത്തിക പരാധീനതയ്ക്ക് കാരണം.

Local Fund Audit Department

ഈ സാഹചര്യത്തിൽ പി.എഫ്. വിഹിതം കൃത്യമായി ഒടുക്കാതിരുന്നതുമൂലം പലിശ ഇനത്തിലുണ്ടായ നഷ്ടം മുനിസിപ്പൽ ഫണ്ടിൽ നിന്നും ഒടുക്കിയത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു. നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ടി. തുക ₹ 2,26,992/- ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ***ഖണ്ഡിക 3(16) UIDSSMT പദ്ധതി - ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കൽ - പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണം***

നഗരസഭയിലെ ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് 29-03-2007-ൽ അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. 482 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയിട്ടുള്ള പദ്ധതിയ്ക്കായി 11/2012 വരെ 156.23 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്ന് ഫയലിൽ നിന്നും വ്യക്തമാണ്.

വിവിധ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത പ്രോജക്റ്റിൽ മാലിന്യ ശേഖരണത്തിനായി ബക്കറ്റ് വാങ്ങൽ, തെരുവ് ശുചിയാക്കൽ, ഗതാഗത സൗകര്യം, ബോധവൽക്കരണ പരിപാടികൾ എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്.

എന്നിരുന്നാലും പദ്ധതിയുടെ പ്രധാന ഇനമായ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാൻ വേണ്ടത്ര ശുഷ്കാന്തി പുലർത്തിയിട്ടുള്ളതായി കാണുന്നില്ല. പ്ലാന്റ് സ്ഥാപിക്കുന്നതിനായി 173.34 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്ലാന്റിലെ യന്ത്രസ്ഥാപനം, വൈദ്യുതീകരണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി 54.79ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ ഫണ്ട് കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമായിട്ടുപോലും പദ്ധതി പ്രവർത്തനങ്ങൾ അനിശ്ചിതമായി വൈകിപ്പിക്കുന്നത് ന്യായീകരിക്കത്തക്കതല്ല.

Local Fund Audit Department

നഗരസഭയുടെ പ്ലാച്ചേരി വാർഡിൽ, ജനവാസം കുറഞ്ഞ ഏറ്റവും അനുയോജ്യമായ സ്ഥലത്ത് ആണ് നിർദ്ദിഷ്ട പ്ലാന്റ് സ്ഥാപിക്കുന്നത്. ശേഖരിക്കപ്പെട്ട പ്ലാസ്റ്റിക്കും, ഖരമാലിന്യങ്ങളും പ്ലാന്റിന്റെ പരിസരത്ത് കുന്നുകൂട്ടിയിടുന്ന പരമ്പരാഗത രീതി തന്നെയാണ് ഇപ്പോഴും തുടർന്ന് വരുന്നത്. പ്രതിദിനം 10 ടണ്ണിനടുത്ത് മാലിന്യ സംസ്കരണം നടത്തുന്നതിനാണ് കമ്പോസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തി യന്ത്രസാമഗ്രികൾ ലഭ്യമാക്കിയത്. കൺവേയർ, ചോപ്പിംഗ് മെഷീൻ, പ്ലാസ്റ്റിക് കംപ്രസ്സർ, സ്ക്രീനിംഗ് മെഷീൻ എന്നീ യന്ത്രങ്ങൾ ആണ് പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ളത്. കൺവേയർ ബെൽറ്റിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങളിൽ നിന്നും പ്ലാസ്റ്റിക് വേർതിരിച്ച് എടുക്കുന്നതിനും അവിടെ നിന്നും ഖരമാലിന്യങ്ങൾ ചോപ്പിംഗ് മെഷീനിലേയ്ക്കും, തുടർന്ന് സ്ക്രീനിംഗ് മെഷീനിലൂടെ കംപോസ്റ്റ് വളമാക്കി മാറ്റുന്ന പ്രക്രിയയ്ക്ക് വളരെയേറെ മനുഷ്യപ്രയത്നം ആവശ്യമായി വരും. കൂടാതെ വേർതിരിച്ച് എടുക്കപ്പെട്ട പ്ലാസ്റ്റിക് മാലിന്യങ്ങൾ, പ്ലാസ്റ്റിക് കംപ്രസ്സർ ഉപയോഗിച്ച് റീസൈക്ലിംഗ് ഉപയുക്തമാക്കുന്നതിനും മനുഷ്യപ്രയത്നം ആവശ്യമാണ്. വൻതുക ചെലവഴിച്ച് നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ മനുഷ്യപ്രയത്നം വളരെ കുറയ്ക്കുകയും, യന്ത്രസംവിധാനത്തിലൂടെ പരമാവധി അനായാസമായി പ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

31-03-2012-ൽ പൂർത്തിയാക്കേണ്ടിയിരുന്ന പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലയളവ് 31-03-2014 വരെ നീട്ടി നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിനുള്ളിൽ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. പദ്ധതിയ്ക്ക് ആവശ്യമായ ഫണ്ടിന്റെ ലഭ്യത, അനുയോജ്യമായ സ്ഥലം എന്നിവയെല്ലാം അനുകൂലമായ സാഹചര്യത്തിൽ നഗരസഭയ്ക്ക് ഏറ്റവും പ്രയോജനകരമായ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

***ഖണ്ഡിക 3(17) IHSDP പദ്ധതി -***
***പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കണം***

ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, കിണർ നിർമ്മാണം, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ, അടിസ്ഥാന സൗകര്യ വികസനം (മരാമത്ത് പ്രവൃത്തികൾ) എന്നിവയ്ക്കായി തൻവർഷം IHSDP പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

Local Fund Audit Department

കേന്ദ്രവിഹിതമായി 7,14,37,000/- രൂപയും, സംസ്ഥാന വിഹിതമായി 80,88,000/- രൂപയും, നഗരസഭാ വിഹിതമായി 34,78,000/- രൂപയും, ഗുണഭോക്തൃ വിഹിതമായി 62,93,000/- രൂപയും ചേർത്ത് ₹ 8,92,96,000/- അടങ്കൽ വകയിരുത്തിയിട്ടുള്ള ടി. പദ്ധതിയ്ക്ക് 10-08-2007 മുതൽ ആണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസിയായ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നഗരസഭാ വിഹിതമായി 34,78,250/- രൂപയും, ഗുണഭോക്തൃ വിഹിതമായി 48,14,250/- രൂപയും ചേർത്ത് ആകെ ₹ 82,92,500/- ആണ് നാളിതുവരെ പദ്ധതിയ്ക്കായി ഒടുക്ക് വരുത്തിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ ₹ 14,78,750/- കൂടി ഇനിയും ഒടുക്ക് വരുത്തേണ്ടതുണ്ട്.

കേന്ദ്രവിഹിതമായി 6,80,06,350/- രൂപയും, സംസ്ഥാന വിഹിതമായി 40,44,000/- രൂപയും, നഗരസഭാ വിഹിതം ഇനത്തിൽ 26,05,900 രൂപയും, ഗുണഭോക്തൃ വിഹിതം ഇനത്തിൽ 31,46,500/- രൂപയും ചേർത്ത് ആകെ ₹ 7,78,02,750/- ആണ് പദ്ധതിയ്ക്കായി നാളിതുവരെ ലഭ്യമായിട്ടുള്ളത്.

കേന്ദ്രവിഹിതമായി 34,30,650/- രൂപയും, സംസ്ഥാന വിഹിതമായി 40,44,000/- രൂപയും പദ്ധതിയ്ക്കായി ഇനിയും ലഭിക്കുവാൻ ഉണ്ട്. നഗരസഭാ വിഹിതം അടച്ച ഇനത്തിൽ 8,72,350/- രൂപയും, ഗുണഭോക്തൃ വിഹിതം അടച്ച ഇനത്തിൽ 16,67,750/- രൂപയും പദ്ധതിയ്ക്കായി തിരികെ ലഭിച്ചിട്ടില്ല.

IHSDP പ്രകാരം നാളിതുവരെ നടന്നിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Local Fund Audit Department

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം/ പ്രവൃത്തികളുടെ എണ്ണം | ചെലവഴിച്ച ആകെ തുക (₹) | പൂർത്തീകരിച്ചവ | പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവ |
|---|---|---|---|---|---|
| 1. | ഭവന നിർമ്മാണം | 470 | 3,75.30,000.00 | 430 | 40 |
| 2. | ഭവന നിർമ്മാണം | 236 | 58,80,000.00 | 234 | 2 |
| 3. | കക്കൂസ് നിർമ്മാണം | 20 | 48,000.00 | 18 | 2 |
| 4. | കിണർ നിർമ്മാണം | 72 | 3,52,000.00 | 68 | 4 |
| 5. | പൈപ്പ്ലൈൻ നീട്ടൽ | - | 1,00,000.00 | - | - |
| 6. | ഇലക്ട്രിക് ലൈൻ നീട്ടൽ | - | 2,89,632.00 | - | - |
| 7. | മരാമത്ത് പ്രവൃത്തികൾ | 155 | 2,79,62,518.00 | 155.00 | - |
| **ആകെ** | | | **7,21,62,150.00** | | |

Local Fund Audit Department

ലഭ്യമായ തുകയുടെ 92.75% നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, കിണർ നിർമ്മാണം എന്നീ പദ്ധതികളിൽ പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളെക്കൊണ്ട് പണി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ***ഖണ്ഡിക 3(18) ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥകൾ പ്രകാരം ബൈ- ബാക്ക് വ്യവസ്ഥയിൽ പഴയ ജനറേറ്റർ നൽകിയില്ല - ജനറേറ്റർ സ്ഥാപിക്കുവാൻ ചെലവഴിച്ച ₹ 4,00,000/- തടസ്സപ്പെടുത്തുന്നു***

| | |
|---|---|
| പ്രോജക്റ്റ് | നഗരസഭാ ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ (140/2011) |
| അടങ്കൽ തുക | 6,00,000 (വികസന ഫണ്ട്) |

നഗരസഭാ ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കുന്നിതിനായുള്ള പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 23-06-2010-ലെ ജി4/7298/10-ാം നമ്പരായുള്ള ക്വട്ടേഷൻ നോട്ടീസിൽ നിലവിൽ പ്രവർത്തനരഹിതമായ ജനറേറ്റർ ബൈ -ബാക്ക് വ്യവസ്ഥയിൽ ഏറ്റെടുക്കേണ്ടതും, ആയതിന്റെ നിരക്ക് ക്വട്ടേഷനിൽ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിരുന്നു. നഗരസഭയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിന് സോഫ്റ്റ് റെയ്സ് ഡീസൽ പവ്വർ, കണ്ണമ്മൂല, തിരുവനന്തപുരം എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും, പ്രവൃത്തികൾ നിർവ്വഹിച്ചതിന് 12-10-2010-ലെ ഡി.ഡി. നമ്പർ -449353 പ്രകാരം ₹ 4,00,000/- നൽകുകയും ചെയ്തു. നിലവിൽ ഉണ്ടായിരുന്ന ജനറേറ്റർ ബൈബാക്ക് വ്യവസ്ഥയിൽ ടി. സ്ഥാപനത്തിന് കൈമാറിയിട്ടില്ല. ഇത് സംബന്ധിച്ച് 16-02-2013-ൽ 9-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പുതിയ ജനറേറ്റർ സ്ഥാപിച്ച സോഫ്റ്റ് റെയ്സ് ഡീസൽ പവ്വർ, തിരുവനന്തപുരം എന്ന സ്ഥാപനം പഴയ ജനറേറ്റർ ബൈ ബാക്ക് വ്യവസ്ഥയിൽ ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ല എന്നും, നഗരസഭാ ഓഫീസ് കോമ്പൗണ്ടിൽ തന്നെ പഴയ ജനറേറ്റർ ബൈ -ബാക്ക് വ്യവസ്ഥയിൽ ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ല എന്നും, നഗരസഭാ ഓഫീസ് കോമ്പൗണ്ടിൽ തന്നെ പഴയ ജനറേറ്റർ സൂക്ഷിച്ചിട്ടുണ്ട് എന്നും മറുപടി നൽകി.

ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥ പ്രകാരം തന്നെ ഉപയോഗശൂന്യമായ ജനറേറ്റർ ബൈ-ബാക്ക് വ്യവസ്ഥ പ്രകാരം നൽകുകയും, ആയതിന്റെ നിരക്ക് കുറച്ച് ബാക്കി തുക മാത്രം നൽകുന്നതിന് പകരം, ബൈ -ബാക്ക് വ്യവസ്ഥ ഇല്ലാതെ ജനറേറ്റർ സ്ഥാപിക്കുകയും പ്രവർത്തനരഹിതമായ ജനറേറ്റർ സൂക്ഷിച്ചിരിക്കുകയും ചെയ്തിരിക്കുന്നത് ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥകളുടെ ലംഘനമാണ്. ആയതിനാൽ ചെലവഴിച്ച ₹ 4,00,000/- തടസ്സപ്പെടുത്തുന്നു. പഴയ ജനറേറ്റർ ലേലം ചെയ്ത് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.



Local Fund Audit Department

## ഖണ്ഡിക 3(19) വെട്ടിപ്പുഴയിലുള്ള നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിന് ബാക്കി ഭാഗം നിർമ്മിക്കുക - പ്രവൃത്തിയുടെ പാർട്ട് ബില്ലിൽ നിന്നും റീടെൻഷൻ തുക ഈടാക്കിയില്ല - ₹ 11,58,385/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വെട്ടിപ്പുഴയിലുള്ള നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിന് ബാക്കിഭാഗം നിർമ്മിക്കുക |
| ഫയൽ നമ്പർ | ഇ.1025/09 |
| കരാറുകാരൻ | കുന്നത്ത് കൺസ്ട്രക്ഷൻസ്, കൊച്ചി -25 |
| അളവ് പുസ്തകം | 110/2010-11, 99/2009-10, 69/2009-10 |
| കരാർ നമ്പർ | 89/2009-10/21-01-2010 |

വെട്ടിപ്പുഴയിലുള്ള നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിന്റെ ബാക്കിഭാഗം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ 5-ാം ഭാഗിക ബില്ലിൽ നിന്നും റീടെൻഷൻ തുക പിടിച്ചിട്ടില്ല. താഴെ പറയും പ്രകാരം തുക നൽകിയിരിക്കുന്നു.

Local Fund Audit Department

| | |
|---|---|
| പ്രവൃത്തിമൂല്യം | 10530768.84 |
| 10% ടെൻഡർ കൂടുതൽ | 1053076.88 |
| **ആകെ** | **11583845.72** |
| (-) മുൻബില്ലുകൾ പ്രകാരം നൽകിയ തുക | 10019854.00 |
| കരാറുകാരന് നികുതി ഉൾപ്പെടെ നൽകിയ തുക | 1563992 (ബിൽ നമ്പർ 215/31-03-2011) |

എന്നാൽ, ടി. ബില്ലിൽ നിന്നും റീടെൻഷൻ ഇനത്തിൽ ₹ 11,58,385/- കുറച്ച് ബാക്കി തുക മാത്രമേ നൽകുവാൻ പാടുള്ളു. റീടെൻഷൻ ഇനത്തിൽ തുക പിടിക്കാതെ കരാറുകാരന് താൽക്കാലികമായി അധികം നൽകിയ ₹ 11,58,385/- തടസ്സപ്പെടുത്തുന്നു. കരാറുകാരന് താൽക്കാലികമായി ₹ 11,58,385/- അധികം നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഖണ്ഡിക 3(20) നഗരസഭാ ഓഫീസിൽ കരിയർ ഹബ്ബ് - ക്രമപ്രകാരമല്ലാതെ ചെലവഴിച്ച ₹ 19,350/- നിരാകരിക്കുന്നു - ₹ 1,29,305/- തടസ്സപ്പെടുത്തുന്നു - കരിയർ ഹബ്ബിന്റെ പ്രവർത്തനം പുനരാരംഭിക്കേണ്ടതാണ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നഗരസഭാ ഓഫീസിൽ കരിയർ ഹബ്ബ് സ്ഥാപിക്കൽ (പ്രോജക്റ്റ് നമ്പർ 37/2010, 68/2011) |
| നിർവ്വഹണം | സെക്രട്ടറി |

പുനലൂർ നഗരസഭാ പ്രദേശത്തുള്ള തൊഴിൽ അന്വേഷകരായ യുവതീ യുവാക്കൾക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി നഗരസഭാ ഓഫീസിൽ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്ത ടി. പ്രോജക്റ്റിൽ ആധുനിക വിവര സാങ്കേതിക വിദ്യയുടെ അനന്ത സാദ്ധ്യതകൾ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉപകരിക്കുന്നതിന് പ്രയോജനപ്പെടുത്തുവാനും ലക്ഷ്യമിടുന്നു. ടി. പ്രോജക്റ്റിൽ തുക ചെലവഴിക്കേണ്ടത് താഴെ കൊടുത്തിരിക്കും പ്രകാരം ആണ്.

| | |
|---|---|
| കമ്പ്യൂട്ടർ | ₹ 25,000/- |
| പ്രിന്റർ | ₹ 7,000/- |
| ഇന്റർനെറ്റ് ബ്രോഡ്ബാന്റ് കണക്ഷനും മാസവാടകയും | ₹ 24,000/- |

Local Fund Audit Department

| | |
|---|---|
| സിം കാർഡും, മൊഡ്യൂൾ കണക്ഷനും | ₹ 12,500/- |
| സോഫ്റ്റ് വെയർ വികസനവും, ക്യാബിൻ നിർമ്മാണവും | ₹ 21,500/- |
| പ്രചാരണം, ഫോം പ്രിന്റിംഗ്, സർവ്വേ | ₹ 10,000/- |
| **ആകെ** | **₹ 1,00,000/-** |

2009-10 വർഷം ടി. പ്രോജക്റ്റിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചു.

| | |
|---|---|
| അലൂമിനിയം ഫാബ്രിക്കേഷൻ ചെലവ് | ₹ 17,000/- |
| കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ | ₹ 39,255/- |
| **ആകെ** | **₹ 56,255/-** |

2010-11 -ലെ സ്പിൽ ഓവർ പ്രോജക്റ്റ് 68/10 പ്രകാരം ടി. പ്രോജക്റ്റിനായി ₹ 43,745/- വികസന ഫണ്ട് വകയിരുത്തിയിരുന്നതിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചു.

| | |
|---|---|
| 10,000 ഫോമുകൾ പ്രിന്റ് ചെയ്തതിന് | ₹ 7,250/- (ബിൽ നമ്പർ 21 തീയതി 29-07-2010) |
| കരിയർ ഹബ്ബിൽ നെറ്റ് സോഫ്റ്റ് വെയർ എന്നിവ ഇൻസ്റ്റാൾ ചെയ്തതിന് | ₹ 15,000/- |
| 5000 ഫോമുകൾ, 100 പായ്ക്കറ്റ് എ4 സൈസ് പേപ്പർ എന്നിവയ്ക്ക് | ₹ 19,350/- (ബിൽ നമ്പർ 196 തീയതി 31-03-2011) |
| **ആകെ** | **₹ 41,600/-** |

Local Fund Audit Department

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ നിന്നും കരിയർ ഹബ്ബ് വിഹിതമായി ₹ 50,000/- (അൻപതിനായിരം രൂപ മാത്രം) ഡി.ഡി. നമ്പർ -739446/29-06-2010 പ്രകാരം നഗരസഭയ്ക്ക് ലഭിച്ചു. ഇതിൽ ₹ 25,800/- കരിയർ ഹബ്ബിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കിയ വ്യക്തിയ്ക്ക് നൽകി.

കരിയർ ഹബ്ബിന്റെ ഉദ്ഘാടനത്തോട് അനുബന്ധിച്ച ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും ₹ 25,000/- യു.ഡി. ക്ലർക്ക് ശ്രീ. ഫൈസലിന് ചെക്ക് നമ്പർ - 878721/12-08-2010 പ്രകാരം നൽകിയിട്ടുണ്ട്.

ടി. പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

❶ ടി. പ്രോജക്റ്റിന്റെ ധനകാര്യ വിശകലന പ്രകാരമല്ല തുക ചെലവഴിച്ചിരിക്കുന്നത്. 10,000 ഫോമുകൾ പ്രിന്റ് ചെയ്ത് ഉപയോഗിക്കാതിരിക്കുമ്പോൾ തന്നെ വീണ്ടും 5,000 ഫോമുകളും, ₹ 15,500/- ചെലവഴിച്ച് 100 പായ്ക്കറ്റ് എ4 സൈസ് പേപ്പറും, യാതൊരുവിധമായ സ്റ്റോർ പർച്ചേസ് നിബന്ധനകളും പാലിക്കാതെ വാങ്ങിയിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ ചെലവഴിച്ച ₹ 19,350/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ ചെലവഴിച്ച ₹ 19,350/- ഓഡിറ്റിൽ നിരാകരിക്കുന്നു (ബിൽ നമ്പർ -196 തീയതി 31-03-2011).

❷ കരിയർ ഹബ്ബിന്റെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് മുൻകൂറായി യു.ഡി.ക്ലർക്ക് ശ്രീ. ഫൈസലിന് അനുവദിച്ചിട്ടുള്ള ₹ 25,000/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ടി. തുക 18% പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്

❸ കരിയർ ഹബ്ബ് ഇപ്പോൾ നഗരസഭയിൽ പ്രവർത്തിക്കുന്നില്ല

Local Fund Audit Department

നാളിതുവരെ ₹ 1,48,655/- കരിയർ ഹബ്ബിന്റെ പ്രവർത്തനത്തിനായി ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ, ഇന്റർനെറ്റ് മുതലായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടും, സംസ്ഥാന യുവജന ക്ഷേമബോർഡിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടും, കരിയർ ഹബ്ബിന്റെ പ്രവർത്തനം നടത്തുവാൻ കഴിയാതിരിക്കുന്നതും, പ്രോജക്റ്റിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കാത്തതും നഗരസഭാ കൗൺസിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. കരിയർ ഹബ്ബിന്റെ പ്രവർത്തനം നിലച്ചതിനാൽ ചെലവഴിച്ച 1,48,655/- രൂപയിൽ നിരാകരിച്ച ₹ 19,350/- കഴികെ ₹ 1,29,305/- തടസ്സപ്പെടുത്തുന്നു.

## ഖണ്ഡിക 3(21) സമഗ്ര പൂരക പോഷകാഹാര പരിപാടി - ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ അധിക നിരക്ക് നൽകി - ₹ 25,484/- നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ.01/2011 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| വികസന ഫണ്ട് | ₹ 25,00,000/- |
| കേന്ദ്രാവിഷ്കൃത വിഹിതം | ₹ 15,00,000/- |
| | ₹ 40,00,000/- |

2010-11 കാലഘട്ടത്തിൽ ഈ പദ്ധതിയ്ക്കായി വിവിധ ബില്ലുകൾ പ്രകാരം ₹ 6,29,760/- കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം ഉൾപ്പെടെ മൊത്തം ₹ 31,29,760/- ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റുകളിൽ ഗവൺമെന്റ് ഉത്തരവുകൾക്ക് (സ.ഉ.(എം.എസ്) 567/2007/സാ.ക്ഷേ.വ./07-12-2007, ജി.ഒ.(ആർ.റ്റി) 883/2011/ത.സ്വ.ഭ.വ/26-03-2011) വിരുദ്ധമായി കിലോഗ്രാമിന് 50 പൈസയിൽ അധികമായി ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ,

Local Fund Audit Department

## ❶ ബിൽ നമ്പർ - 1/2010-11 തീയതി 20-07-2010 തുക ₹ 7,88,025/-

| | |
|---|---|
| ടി.എച്ച്.ആർ.എസ് 5682.5 കി.ഗ്രാം | ₹ 2,27,300/- |
| ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് 13,800 കി.ഗ്രാം | ₹ 5,682/- |
| WBNP-യുടെ ഭാഗമായി അരി വിതരണം നടത്തിയതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് | ₹ 13,800/- |
| **ആകെ** | **₹ 2,46,782/-** |

ടി. തുക നിർമ്മാല്യം ന്യൂട്രിമിക്സ്, പുനലൂരിന് ഡി.ഡി. നമ്പർ -410310 തീയതി 31-07-2010 പ്രകാരം നൽകി.

Local Fund Audit Department

| | |
|---|---|
| അനുവദനീയമായ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് 2,841 + 6,900 | ₹ 9,741/- |
| അധികം നൽകിയത് | ₹ 9,741/- |

| | |
|---|---|
| 13,394 കി.ഗ്രാം. ഭക്ഷണ സാധനങ്ങളുടെ വില | ₹ 5,33,207/- |
| 13,394 കി.ഗ്രാം. ഭക്ഷണ സാധനങ്ങളുടെ കടത്തുകൂലി | ₹ 8,036/- |
| **ആകെ** | **₹ 5,41,243/-** |

ടി. തുക ഡി.ഡി. 410311 22-07-2010 പ്രകാരം എസ്.സി.ബി, പുനലൂരിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| അനുവദനീയമായ കടത്തുകൂലി | ₹ 6,697/- |
| അധികം നൽകിയത് | ₹ 1,339/- |

❷ **ബിൽ നമ്പർ - 5/2010-11 തീയതി 15-10-2010 തുക ₹ 5,96,388/-**

| | |
|---|---|
| 13735 കി.ഗ്രാം ഭക്ഷണ സാധനങ്ങളുടെ വില | ₹ 5,83,115/- |
| കടത്തുകൂലി | ₹ 2,241/- |
| **ആകെ** | **₹ 5,91,356/-** |

ടി. തുക സെക്രട്ടറി, എസ്.സി.ബി, പുനലൂരിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| അനുവദനീയമായ കടത്തുകൂലി | ₹ 6,868/- |
| അധികം നൽകിയത് | ₹ 1,373/- |

| | |
|---|---|
| 5,032 കി.ഗ്രാം. WBNP-യുടെ ഭാഗമായി അരി വിതരണം നടത്തിയതിന് നിർമ്മാല്യം ന്യൂട്രിമിക്സിന് കടത്തുകൂലി ഇനത്തിൽ നൽകിയത് | ₹ 5,032/- |
| അനുവദനീയമായ കടത്തുകൂലി | ₹ 2,516./- |
| അധികം നൽകിയത് | ₹ 2,516/- |

❸ **ബിൽ നമ്പർ - 6/2010-11 തീയതി 04-12-2010 തുക ₹ 2,92,506/-**

| | |
|---|---|
| ടി.എച്ച്.ആർ.എസ്. 5,504.5 കി.ഗ്രാം | ₹ 2,20,180/- |
| കടത്തുകൂലി | ₹ 5,504/- |
| | ₹ 2,25,684/- |

Local Fund Audit Department

| | |
|---|---|
| WBNP അരി കടത്തുകൂലി (5,550 കി.ഗ്രാം) | ₹ 5,550/- |
| **ആകെ** | **₹ 2,31,234/-** |

ടി. തുക നിർമ്മാല്യം ന്യൂട്രിമിക്സിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| അനുവദനീയമായ കടത്തുകൂലി | 2,752 + 2,775 = ₹ 5,527/- |
| അധികം നൽകിയത് | ₹ 5,527/- |

**❹ ബിൽ നമ്പർ - 7/2010-11 തീയതി 03-02-2011 തുക ₹ 7,30,430/- കേന്ദ്രാവിഷ്കൃത ഫണ്ട് ₹ 98,383/-**

| | |
|---|---|
| ടി.എച്ച്.ആർ.എസ്. 5,354 കി.ഗ്രാം | ₹ 2,14,160/- |
| കടത്തുകൂലി | ₹ 5,354/- |
| **ആകെ** | **₹ 2,19,514/-** |

ടി. തുക നിർമ്മാല്യം ന്യൂട്രിമിക്സിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| അനുവദനീയമായ കടത്തുകൂലി | ₹ 2,677/- |
| അധികം നൽകിയത് | ₹ 2,677/- |

Local Fund Audit Department

| | |
|---|---|
| 12824 കി.ഗ്രാം സാധനങ്ങളുടെ വില | ₹ 5,54,255/- |
| കടത്തുകൂലി | ₹ 7,695/- |
| **ആകെ** | **₹ 5,61,950/-** |

ടി. തുക എസ്.സി.ബി, പുനലൂരിന് നൽകിയിട്ടുണ്ട്.

| | |
|---|---|
| അനുവദനീയമായ കടത്തുകൂലി | ₹ 6,412/- |
| അധികം നൽകിയത് | ₹ 1,283/- |

❺

| | |
|---|---|
| കേന്ദ്രാവിഷ്കൃത വിഹിതത്തിൽ ഉൾപ്പെടുത്തി വാങ്ങിയ 15294 കി.ഗ്രാം ഭക്ഷണ സാധനങ്ങളുടെ വില | ₹ 6,41,279/- |
| കടത്തുകൂലി | ₹ 9,176/- |
| **ആകെ** | **₹ 6,50,455/-** |

| | |
|---|---|
| കേന്ദ്രാവിഷ്കൃത വിഹിതം അത്രയും ലഭ്യമല്ലാതിരുന്നതിനാൽ വാങ്ങിയ 13,808 കി.ഗ്രാം ഭക്ഷണ സാധനങ്ങളുടെ വില | ₹ 5,23,445/- |
| കടത്തുകൂലി | ₹ 7,932/- |
| **ആകെ** | **₹ 5,31,377/-** |

| | |
|---|---|
| അനുവദനീയമായ കടത്തുകൂലി | ₹ 6,904/- |
| അധികം നൽകിയത് | ₹ 1,028/- |

Local Fund Audit Department

കിലോഗ്രാമിന് 50 പൈസയെ അധികരിച്ച് നൽകിയിരിക്കുന്നത് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ആണ് എങ്കിൽ ക്വട്ടേഷൻ സംബന്ധമായ രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ -18/25-02-2013 പ്രകാരം ഐ.സി.ഡി.എസ്. സൂപ്പർവൈസറോട് ആവശ്യപ്പെട്ടു എങ്കിലും തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കൂടാതെ സർവ്വീസ് കോ -ഓപ്പറേറ്റീവ് ബാങ്ക്, പുനലൂരിന് കൊടുക്കുവാൻ ബാക്കി നിൽക്കുന്ന ₹ 1,19,078/- അടുത്ത സാമ്പത്തിക വർഷത്തിൽ നൽകിയതായി ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ടി. തുകയിലും കടത്തുകൂലി ഇനത്തിൽ അധിക തുക നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ഗവൺമെന്റ് ഉത്തരവുകൾക്ക് വിരുദ്ധമായി ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ അധികം നൽകിയ 25,484/- രൂപയിൽ ഉത്തരവാദിയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായ ശ്രീമതി. നീനാ. എസിൽ നിന്നും 11,080/- രൂപയും, ശ്രീമതി. ലീലാമ്മ.എൻ.ഐ -യിൽ നിന്നും 14,404/- രൂപയും വീതം ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

Local Fund Audit Department

***ഖണ്ഡിക 3(22) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പദ്ധതി ആനുകൂല്യം - ₹ 8,382/- നിരാകരിക്കുന്നു***

| | |
|---|---|
| പ്രോജക്റ്റ് | സമഗ്ര നെൽകൃഷി വികസനം |
| പ്രോജക്റ്റ് നമ്പർ | എസ്.ഒ.08/2011 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |
| വികസന ഫണ്ട് | ₹ 60,000/- |
| ഗുണഭോക്തൃ വിഹിതം | ₹ 38,400/- |
| | ₹ 98,400/- |
| ബിൽ നമ്പർ | 1/2010-11 |

അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്ന നെൽകർഷകർക്ക് ഒന്നാം വിള നെൽകൃഷിയ്ക്ക് രാസവളവും, രണ്ടാംവിള നെൽകൃഷിയ്ക്ക് വിത്തും ജൈവ/രാസവളങ്ങളും കീടനാശിനിയും വിതരണം ചെയ്യുക എന്ന ലക്ഷ്യം വെച്ചുള്ള പ്രോജക്റ്റിൽ വളത്തിന് സബ്സിഡിയായി ₹ 18,000/- (ഡി.ഡി. നമ്പർ -358648 തീയതി 01-02-2011) രൂപയും, 1200 കി.ഗ്രാം. വിത്തിന് ₹ 21,600/- (ഡി.ഡി. നമ്പർ -970178 തീയതി 01-02-2011) രൂപയുമായി ആകെ ₹ 39,600/- ചെലവഴിച്ചു. എന്നാൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന ചുവടെ പറയുന്ന വ്യക്തികൾക്ക് വിത്തും വളവും വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പേര്, അഡ്രസ്സ് | നെൽവിത്ത് (കി.ഗ്രാം) | വളം സബ്സിഡി തുക (₹) |
|---|---|---|---|
| 1. | ശ്രീ. മോഹൻദാസ്, അശ്വതി നിവാസ്, മണിയാർ പി.ഒ | 20 | 300.00 |
| 2. | ശ്രീ. എൻ. ഭാനു, ചരുവിള വീട്, അഷ്ടമംഗലം | 18 | 270.00 |
| 3. | ശ്രീമതി. രാജമ്മ, എരച്ചിക്കൽ വീട്, അഷ്ടമംഗലം | 40 | 600.00 |
| 4. | ശ്രീമതി. വത്സല, എരച്ചിക്കൽ വീട്, അഷ്ടമംഗലം | 20 | 300.00 |
| 5. | ശ്രീ. എൻ. ഗോപാലൻ, ചരുവിള വീട്, അഷ്ടമംഗലം | 20 | 300.00 |

Local Fund Audit Department

| | | | |
|---|---|---|---|
| 6. | ശ്രീമതി. ദിവ്യ,<br>എരച്ചിക്കൽ വീട്,<br>എരച്ചിക്കൽ | 20 | 300.00 |
| 7. | ശ്രീമതി. ഷീജ,<br>കണ്ണങ്കര വീട്,<br>എരച്ചിക്കൽ | 20 | 300.00 |
| 8. | ശ്രീ. ഗോപകുമാർ,<br>സുബ്രഹ്മണ്യ നിവാസ്,<br>അഷ്ടമംഗലം | 12 | 180.00 |
| 9. | ശ്രീ. വി. ദേവരാജൻ,<br>ചരുവിള പുത്തൻവീട്,<br>മണിയാർ | 20 | 300.00 |
| 10. | ശ്രീ. വി. ഭാനു,<br>ബൈജു ഭവൻ,<br>മണിയാർ | 20 | 300.00 |
| 11. | ശ്രീമതി. വി. രമണി,<br>ശശി വിലാസം,<br>മണിയാർ | 20 | 300.00 |
| 12. | ശ്രീ. കെ. സോമരാജ്,<br>പത്മവിലാസം,<br>എരച്ചിക്കൽ,<br>മണിയാർ | 24 | 360.00 |
| **ആകെ** | | **254 കി.ഗ്രാം** | **3,810.00** |

Local Fund Audit Department

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 11 തീയതി 18-02-2013) നൽകി എങ്കിലും ടി. വ്യക്തികൾ ഉൾപ്പെടെ പുതുക്കിയ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കുകയോ, തൃപ്തികമായ മറുപടി നൽകുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ 254 കി.ഗ്രാം നെൽവിത്ത് വില (254 x 18) 4,572/- രൂപയും, വളത്തിന് സബ്സിഡിയായി നൽകിയ 3,810/- രൂപയും ചേർത്ത് ആകെ 8,382/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ***ഖണ്ഡിക 3(23) സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പദ്ധതിപണം ചെലവഴിച്ചു - ₹ 1,93,020/- തടസ്സപ്പെടുത്തുന്നു***

### (എ) സമഗ്ര ഏത്തവാഴ കൃഷി വികസനം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ.09/2011 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ |
| വികസന ഫണ്ട് | ₹ 2,03,000/- |
| ഗുണഭോക്തൃ വിഹിതം | ₹ 2,03,000/- |
| **ആകെ** | **₹ 4,06,000/-** |
| ബിൽ നമ്പർ | 3/2010-11 |

35,000 വാഴകൾക്ക് (350 യൂണിറ്റ്) ജൈവവളവും, രാസവളവും കീടനാശിനിയും 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക എന്ന ഈ പ്രോജക്റ്റിന്റെ ഭാഗമായി വളത്തിന് 1,42,000/- (ഡി.ഡി. നമ്പർ - 359812 തീയതി 03-03-2011) രൂപയും, കീടനാശിനിയ്ക്ക് 13,520/- (ഡി.ഡി. നമ്പർ - 359813 തീയതി 03-03-2011) രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ.ഉ.(എം.എസ്) 183/07/ത.സ്വ.ഭ.വ തീയതി 24-07-2007-ൽ വളം വിതരണം ചെയ്യുന്നതിന് മാത്രമായി പദ്ധതികൾ ഉണ്ടാക്കുവാൻ പാടില്ല എന്നിരിക്കെ ഈ പ്രോജക്റ്റിനായി ചെലവഴിച്ച ₹ 1,55,520/- തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

## (ബി) <u>സമഗ്ര കുരുമുളക് കൃഷി വികസനം</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | എസ്.ഒ.10/2011 |
| വികസന ഫണ്ട് | ₹ 60,000/- |
| ഗുണഭോക്തൃ വിഹിതം | ₹ 60,000/- |
| **ആകെ** | **₹ 1,20,000/-** |
| ബിൽ നമ്പർ | 4/2010-11 |

കുരുമുളക് കൃഷിയ്ക്ക് ആവശ്യമായ രാസ/ജൈവവളങ്ങളും രോഗകീട നിയന്ത്രണത്തിനുള്ള കീടനാശിനിയും 50% സബ്സിഡി നിരക്കിൽ നൽകി കുരുമുളക് കൃഷിയിൽ നിന്നുള്ള ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ ലക്ഷ്യം വെച്ചുള്ള ഈ പ്രോജക്റ്റിന്റെ ഭാഗമായി വളത്തിന് 21,150/- (ഡി.ഡി. നമ്പർ -359814 തീയതി 03-03-2011) രൂപയും, കീടനാശിനിയ്ക്ക് 16,350/- (ഡി.ഡി. നമ്പർ -359815 തീയതി 03-03-2011) രൂപയും ചെലവഴിച്ചു. എന്നാൽ സ.ഉ.(എം.എസ്) 183/07/ത.സ്വ.ഭ.വ തീയതി 24-07-2007-ന് വിരുദ്ധമായി ചെലവഴിച്ച ₹ 37,500/- തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

മേൽ രണ്ട് പ്രോജക്റ്റുകൾക്കായുള്ള 1,93,020/- രൂപയുടെ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യതയായി നിർണ്ണയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഈ പ്രോജക്റ്റുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ട് എന്നത് സംബന്ധിച്ച് യാതൊരു മോണിറ്ററിംഗും നടത്തിയിട്ടില്ല.

## ഖണ്ഡിക 3(24) തൊഴിൽരഹിത വേതനം - അധികം നൽകിയ ₹ 360/- നിരാകരിക്കുന്നു

തൊഴിൽരഹിത വേതനം വിതരണത്തിനായി ബിൽ നമ്പർ- 2/2010-11 പ്രകാരം ₹ 5,56,200/- മാറിയിട്ടുണ്ട്. അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം വേതനം കൈപ്പറ്റിയവരിൽ റോൾ നമ്പർ 74, ശ്രീ. ഷാജഹാൻ (ജനന തീയതി 28-04-1975) ഡിപ്പോയിൽ പുത്തൻവീട്, പ്ലാച്ചേരി പി.ഒ., എന്ന വ്യക്തി 11/09 മുതൽ 07/2010 വരെയുള്ള കാലയളവിലേയ്ക്ക് ₹ 1,080/- കൈപ്പറ്റിയിട്ടുണ്ട്. 04/2010 വരെ മാത്രം അർഹതയുള്ള ടിയാന് അധികമായി നൽകിയ ₹ 360/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

## ഖണ്ഡിക 3(25) ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - ₹ 6,99,966/- തടസ്സപ്പെടുത്തുന്നു

താഴെ കൊടുത്തിരിക്കുന്ന ചെലവുകൾ അവയ്ക്ക് നേരെ കൊടുത്തിട്ടുള്ള കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ഇനം | തുക (₹) | തടസ്സപ്പെടുത്തുവാൻ കാരണം |
|---|---|---|---|
| 1. | പ്രോജക്റ്റ് നമ്പർ എസ്.ഒ.06/2011<br>എസ്.എസ്.എ. വിഹിതം<br>ഡി.ഡി. നമ്പർ - 970502 തീയതി 09-02-2011 പ്രകാരം ജില്ലാ പ്രോജക്റ്റ് ഓഫീസർ, കൊല്ലത്തിന് അടച്ചു | 5,00,000.00 | വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 2. | പ്രോജക്റ്റ് നമ്പർ എസ്.ഒ.07/2011<br>ജില്ലാ ആസൂത്രണ സമിതിയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള വിഹിതം<br>ഡി.ഡി. നമ്പർ - 970954 തീയതി 23-02-2011 | 1,00,000.00 | വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |

Local Fund Audit Department

| | | | |
|---|---|---|---|
| 3. | പ്രോജക്റ്റ് നമ്പർ എസ്.ഒ.16/2011<br>ശുചീകരണത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ<br>ബിൽ നമ്പർ -85 തീയതി 18-10-2020<br>പ്രകാരം പിൻവലിച്ചത് | 99,966.00 | ബന്ധപ്പെട്ട ഫയലുകളും, സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| **ആകെ** | | **6,99,966.00** | |

ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച ₹ 6,99,966/- തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഖണ്ഡിക 3(26) മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ടു വരുന്ന അപാകതകൾ

2010-11 വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ള വിവിധ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

❶ ടെൻഡർ ഫോം വിതരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ടെൻഡർ ഫോം വിതരണം സംബന്ധിച്ച ആധികാരിത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

❷ മിക്ക മരാമത്ത് പ്രവൃത്തികൾക്കും സിംഗിൾ ടെൻഡർ മാത്രമാണ് ലഭിക്കുന്നത്. 'റീ ടെൻഡർ ചെയ്താൽ ഇതിലും കുറഞ്ഞ നിരക്കിൽ ടെൻഡർ ലഭിക്കുവാൻ സാദ്ധ്യതയില്ല' എന്ന മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിംഗിൾ ടെൻഡർ നഗരസഭാ കൗൺസിൽ അംഗീകരിക്കുന്നു. റീടെൻഡർ നടത്താതെ സിംഗിൾ ടെൻഡർ അംഗീകരിക്കുന്നത് ശരിയായ നടപടിയല്ല. ടെൻഡർ നടപടികൾക്ക് മതിയായ പ്രചാരണം ലഭിക്കുന്നു എന്ന് ഉറപ്പാക്കുവാനും, ടെൻഡറുകൾക്ക് മത്സരസ്വഭാവം നിലനിർത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

Local Fund Audit Department

❸ ടെൻഡർ അംഗീകരിച്ചാൽ ഏഴ് ദിവസത്തിനകം സെലക്ഷൻ നോട്ടീസ് നൽകേണ്ടതും, ഇരുപത് ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതുമാണ്. തുടർന്ന് പത്ത് ദിവസത്തേയ്ക്ക് പി.എ.സി-യുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാറിൽ ഏർപ്പെടാവുന്നതാണ്. എന്നാൽ മിക്ക പ്രവൃത്തികളിലും ഈ നിബന്ധന പാലിക്കുകയോ, കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. പല പ്രവൃത്തികളും 1% പിഴയോടുകൂടി കരാറിൽ ഏർപ്പെടാവുന്ന സമയപരിധിയും കഴിഞ്ഞിട്ടാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്.

❹ പല പ്രവൃത്തികളും കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ഇപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാത്തവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് 15-ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകി എങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

❺ റോഡ് റോളർ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് കൃത്യമായ രേഖകൾ ഒന്നും നഗരസഭയിൽ ലഭ്യമല്ല. കരാറുകാരിൽ നിന്നും റോഡ് റോളർ വാടക ഈടാക്കിയതിന്റെ ആധികാരികത പരിശോധിക്കുവാൻ കഴിയുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ടുവരുന്ന മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള അപാകതകൾ ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Local Fund Audit Department

**ഖണ്ഡിക 3(27) നഗരസഭാ വാഹനങ്ങളുടെ ഉപയോഗം - ബന്ധപ്പെട്ട രേഖകൾ പരിശോധനാ വിധേയമാക്കിയില്ല - തടപ്പെടുത്തുന്ന തുക ₹ 6,00,382/-**

നഗരസഭയുടെ ഉപയോഗത്തിനായി തൻവർഷം ജീപ്പ്, ലോറി, അംബുലൻസ്, ജെ.സി.ബി, ടാങ്കർ, ബൈക്ക് എന്നീ ഇനങ്ങളിലായി പന്ത്രണ്ടോളം വാഹനങ്ങൾ നിലവിൽ ഉണ്ടായിരുന്നതായി കാണുന്നു. വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച ജി.ഒ.(എം.എസ്) നമ്പർ -170/07/ത.സ്വ.ഭ.വ തീയതി 30-06-2007 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല. ആറ് മാസത്തിൽ ഒരിക്കൽ ഓരോ വാഹനത്തിന്റെയും "ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ്" മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട്

നടത്തിക്കേണ്ടതും, ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. തൻവർഷം നഗരസഭാ വാഹനങ്ങൾക്ക് ഇന്ധനം നിറച്ച ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക (₹) |
|---|---|---|
| 1. | 66-4/10 | 12,369.00 |
| 2. | 67-4/10 | 2,672.00 |
| 3. | 68-4/10 | 14,009.00 |
| 4. | 69-4/10 | 3,287.00 |
| 5. | 70-4/10 | 6,730.00 |
| 6. | 71-4/10 | 12,347.00 |
| 7. | 110-4/10 | 4,108.00 |
| 8. | 111-4/10 | 3,365.00 |
| 9. | 57-5/10 | 7,043.00 |
| 10. | 58-5/10 | 13,109.00 |
| 11. | 59-5/10 | 2,739.00 |
| 12. | 60-5/10 | 2,778.00 |
| 13. | 61-5/10 | 3,790.00 |
| 14. | 62-5/10 | 4,891.00 |
| 15. | 75-5/10 | 6,522.00 |
| 16. | 76-5/10 | 10,870.00 |
| 17. | 50-6/10 | 35,413.00 |
| 18. | 52-6/10 | 5,870.00 |
| 19. | 53-6/10 | 3,392.00 |
| 20. | 54-6/10 | 3,874.00 |
| 21. | 55-6/10 | 6,770.00 |
| 22 | 56-6/10 | 6,104.00 |
| 23. | 57-6/10 | 5,713.00 |
| 24. | 58-6/10 | 10,268.00 |

Local Fund Audit Department

| | | |
|---|---|---|
| 25. | 101-6/10 | 14,061.00 |
| 26. | 102-6/10 | 12,052.00 |
| 27. | 93-7/10 | 4,995.00 |
| 28. | 94-7/10 | 4,815.00 |
| 29. | 95-7/10 | 4,778.00 |
| 30. | 96-7/10 | 3,913.00 |
| 31. | 103-7/10 | 16,239.00 |
| 32. | 104-7/10 | 2,622.00 |
| 33. | 105-7/10 | 9,712.00 |
| 34. | 106-7/10 | 12,700.00 |
| 35. | 107-7/10 | 6,065.00 |
| 36. | 67-9/10 | 14,274.00 |
| 37. | 68-9/10 | 1,130.00 |
| 38. | 70-9/10 | 1,054.00 |
| 39. | 71-9/10 | 1,402.00 |
| 40. | 72-9/10 | 2,308.00 |
| 41. | 73-9/10 | 4,757.00 |
| 42. | 98-9/10 | 7,893.00 |
| 43. | 99-9/10 | 6,976.00 |
| 44. | 100-9/10 | 3,090.00 |
| 45. | 101-9/10 | 3,419.00 |
| 46. | 103-9/10 | 4,541.00 |
| 47. | 104-9/10 | 2,225.00 |
| 48. | 105-9/10 | 2,060.00 |
| 49. | 25-10/10 | 651.00 |
| 50. | 26-10/10 | 2,065.00 |
| 51. | 27-10/10 | 6,754.00 |
| 52. | 28-10/10 | 2,519.00 |
| 53. | 29-10/10 | 6,482.00 |
| 54. | 30-10/10 | 2,684.00 |

Local Fund Audit Department

| | | |
|---|---|---|
| 55. | 31-10/10 | 7,014.00 |
| 56. | 81-10/10 | 7,170.00 |
| 57. | 42-11/10 | 1,038.00 |
| 58. | 43-11/10 | 830.00 |
| 59. | 44-11/10 | 1,887.00 |
| 60. | 45-11/10 | 1,246.00 |
| 61. | 46-11/10 | 6,768.00 |
| 62. | 60-11/10 | 4,401.00 |
| 63. | 61-11/10 | 8,285.00 |
| 64. | 96-11/10 | 549.00 |
| 65. | 97-11/10 | 3,322.00 |
| 66. | 98-11/10 | 5,730.00 |
| 67. | 99-11/10 | 3,076.00 |
| 68. | 100-11/10 | 3,917.00 |
| 69. | 101-11/10 | 9,085.00 |
| 70. | 104-11/10 | 664.00 |
| 71. | 78-12/10 | 559.00 |
| 72. | 79/12-10 | 4,531.00 |
| 73. | 80-12/10 | 2,843.00 |
| 74. | 81-12/10 | 9,977.00 |
| 75. | 82-12/10 | 2,356.00 |
| 76. | 83-12/10 | 1,246.00 |
| 77. | 84-12/10 | 5,760.00 |
| 78. | 85-12/10 | 3,043.00 |
| 79. | 86-12/10 | 4,152.00 |
| 80. | 88-12/10 | 21,050.00 |
| 81. | 72-1/11 | 27,498.00 |
| 82. | 73-1/11 | 7,266.00 |
| 83. | 74-1/11 | 5,468.00 |
| 84. | 75-1/11 | 1,713.00 |

Local Fund Audit Department

| | | |
|---|---|---|
| 85. | 78-1/11 | 8,748.00 |
| 86. | 79-1/11 | 112.00 |
| 87. | 80-1/11 | 2,948.00 |
| 88. | 81-1/11 | 7,519.00 |
| 89. | 81-3/11 | 2,076.00 |
| 90. | 82-3/11 | 8,063.00 |
| 91. | 83-3/11 | 21,682.00 |
| 92. | 84-3/11 | 5,465.00 |
| 93. | 85-3/11 | 2,050.00 |
| 94. | 86-3/11 | 296.00 |
| 95. | 88-3/11 | 9,427.00 |
| 96. | 89-3/11 | 6,435.00 |
| 97. | 90-3/11 | 6,848.00 |
| **ആകെ** | | **6,00,382.00** |

വാഹനങ്ങളുടെ ലോഗ് ബുക്ക്, ഫ്യൂവൽ അക്കൗണ്ട്, ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർട്ടിഫിക്കറ്റ് മുതലായവയുടെ അഭാവത്തിൽ ടി. തുക ₹ 6,00,382/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

# ലഘു അവലോകനം

## ***ഖണ്ഡിക 3(28) പെൻഷൻ ഫണ്ട് (2010-11)***

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 20-12-2012-ലെ എൽ.എഫ്.13997/പെൻ.സെൽ/ 2012-ാം നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം നഗരസഭയുടെ പെൻഷൻ ഫണ്ടുകളുടെ പരിശോധന നടത്തുകയുണ്ടായി.

നികുതികളും, ലൈസൻസ് ഫീസുകളും പിരിച്ചെടുക്കുന്നതിൽ കാലാകാലങ്ങളിലായി വരുത്തിയിട്ടുള്ള വീഴ്ച നിമിത്തം നഗരസഭയുടെ സാമ്പത്തിക സ്ഥിതി വളരെ ശോചനീയമാണ്. ജീവനക്കാരുടെ ശമ്പള ബിൽ തയ്യാറാക്കി ഗ്രോസ്സ് തുക പിൻവലിക്കാതെ നെറ്റ് തുക മാത്രം പിൻവലിച്ച് ശമ്പളം നൽകുന്ന അവസ്ഥയാണുള്ളത്. ഇപ്രകാരം തനത് ഫണ്ടിന്റെ കുറവ് മൂലം പ്രതിമാസ മൊത്ത വേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി സി.പി.എഫ്-ൽ എല്ലാ മാസവും കൃത്യമായി ഒടുക്ക് വരുന്നില്ല. ഇത് 1996ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡി.സി.ആർ.ബി. റൂൾസ് ചട്ടം 7(2), 8 എന്നിവയുടെ ലംഘനമാണ്.

പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ തുക സി.പി.എഫ്-ൽ നിന്നും ലഭിക്കുന്നില്ല. തനത് ഫണ്ടിൽ നിന്നുമാണ് പെൻഷൻ നൽകി വരുന്നത്. ഡി.സി.ആർ.ബി. റൂൾസ് നിലവിൽ വരുന്നതിന് മുമ്പുള്ള കാലയളവിലെ പെൻഷൻ വിഹിതം സി.പി.എഫ്-ൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

കണ്ടിജന്റ് പെൻഷൻ ഫണ്ടിന് വേണ്ടി ട്രഷറിയിൽ പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (TPA-178). പെൻഷൻ കൊടുക്കുന്നതിന് ആവശ്യമായ തുക മുനിസിപ്പൽ ഫണ്ടിൽ (അക്കൗണ്ട് നമ്പർ - 5595, കാനറാ ബാങ്ക്, പുനലൂർ) നിന്നും പിൻവലിച്ച് TPA-178-ൽ അടച്ച്, അതിൽ നിന്നും പിൻവലിച്ച് പെൻഷൻ നൽകി വരുന്നു. എന്നാൽ നിലവിലുള്ള കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം പ്രസ്തുത TPA-178 അക്കൗണ്ടിൽ കൃത്യമായി അടച്ച് വരുന്നില്ല. ഇത് 1997-ലെ മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡി.സി.ആർ.ബി. റൂൾസ് ചട്ടം 1, 7(2) എന്നിവയ്ക്ക് വിരുദ്ധമാണ്.

ഡി.സി.ആർ.ബി. റൂൾസ് ഖണ്ഡിക 6(1), 6(2), 6(3), 6(4), 6(10) എന്നിവ പ്രകാരം സി.പി.എഫ്/മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്നിവയിൽ തുക വകയിരുത്തുന്നുണ്ട്. വകയിരുത്തുന്ന തുക മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണുന്നില്ല.

2010-11 വർഷത്തെ പെൻഷൻ ഫണ്ട് അക്കൗണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Local Fund Audit Department

## 1. റഗുലർ പെൻഷൻ

നഗരകാര്യ ഡയറക്ടറുടെ 10-08-2010-ലെ പി6 - 1555/96-ാം നമ്പർ ഉത്തരവ് പ്രകാരം ₹ 5,00,000/- പെൻഷൻ അലോട്ട്മെന്റായി നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. ടി. തുക റഗുലർ പെൻഷൻ ഫണ്ട് അക്കൗണ്ട് നമ്പർ- TPA-179-ൽ 06-09-2010-ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തൻവർഷം പെൻഷൻ നൽകിയ ഇനത്തിൽ ₹ 59,78,020/- ആണ് ചെലവഴിച്ചത്. അലോട്ട്മെന്റ് തുകയായ ₹ 5,00,000/- കഴിച്ച് 54,78,020/- രൂപയും മുനിസിപ്പൽ ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

## 2. കണ്ടിജന്റ് പെൻഷൻ

കണ്ടിജന്റ് പെൻഷൻ നൽകുന്നതിനായി അലോട്ട്മെന്റ് ഇനത്തിൽ തൻവർഷം തുക ഒന്നും ലഭിച്ചിട്ടില്ല. മുനിസിപ്പൽ ഫണ്ടിൽ നിന്നും ₹ 13,33,848/- പിൻവലിച്ച് TPA-178-ൽ നിക്ഷേപിക്കുകയും ഇതിൽ നിന്നും ₹ 13,25,644/- പെൻഷൻ നൽകുന്നതിനായി പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

തൻവർഷം പുതുതായി പെൻഷൻ അനുവദിക്കപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു.

Local Fund Audit Department

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും | വിരമിച്ച തീയതി | പെൻഷൻ തുക (₹) | പെൻഷൻ അനുവദിച്ച ഉത്തരവ് നമ്പർ/തീയതി |
|---|---|---|---|---|
| 1. | ശ്രീമതി. പി. സുശീലാദേവി, റവന്യൂ ഇൻസ്പെക്ടർ | 31-03-2010 | ₹ 5,232 + DR (01-04-2010 മുതൽ) | P8-895/10 തീയതി 29-07-2010 DUA |

| | | | | |
|---|---|---|---|---|
| 2. | ശ്രീ. ബി. കെ. സുദേവൻ, എൽ.ഡി. ക്ലർക്ക് | 31-03-2010 | ₹ 2,400 + DR (01-04-2010 മുതൽ) | P8-896/10 തീയതി 05-08-2010 DUA |

പെൻഷൻ രജിസ്റ്റർ, ക്യാഷ് ബുക്ക്, അകിറ്റൻസ് മുതലായവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ക്യാഷ് ബുക്കിന്റെ പരിപാലനം തൃപ്തികരമല്ല. വരവ്-ചെലവ് ഭാഗങ്ങൾ കൃത്യമായി എഴുതുകയും മാസാന്ത്യ, വർഷാന്ത്യ ക്ലോസ്സിംഗുകൾ നടത്തി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

റെഗുലർ പെൻഷൻ, കണ്ടിജന്റ് പെൻഷൻ ഇനങ്ങളിൽ കുടിശ്ശിക ഒന്നും തന്നെ ഉള്ളതായി കാണുന്നില്ല. 02/2013 വരെയുള്ള പെൻഷനുകൾ വിതരണം നടത്തിയിട്ടുണ്ട്.

## ***ഖണ്ഡിക 3(29) നഗരസഭയിലെ വാഹന ഉപയോഗം- ലഘു അവലോകനം***

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ സംബന്ധിച്ച വിശദമായ ഉത്തരവ് ആണ് ജി.ഒ.(എം.എസ്) 170/07/ത.സ്വ.ഭ.വ തീയതി 30-06-2007. പ്രസ്തുത ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി ആയിരിക്കുന്നതാണ്.

പുനലൂർ നഗരസഭയുടെ ഉപയോഗത്തിനായി 2010-11 വർഷത്തിൽ പന്ത്രണ്ട് വാഹനങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ജീപ്പ്, ലോറി, ആംബുലൻസ്, ജെ.സി.ബി, ബൈക്ക് എന്നിവ ഉൾപ്പെടുന്നു. ഇവയുടെ ഉപയോഗം സംബന്ധിച്ച് ടി. ഉത്തരവിലെ നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിച്ചു കാണുന്നില്ല. വാഹനങ്ങളുടെ ലോഗ് ബുക്ക് യഥാക്രമം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 2000, ചട്ടം -4 പ്രകാരം സൂക്ഷിക്കേണ്ട ലോഗ് ബുക്ക്, പെട്രോൾ, ഡീസൽ, ഓയിൽ ഓർഡർ ബുക്ക്, ഡി.സി.ബി. രജിസ്റ്റർ, റിപ്പയർ

Local Fund Audit Department

രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിച്ചു വരുന്നില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാതിരുന്നതിനാൽ വാഹനങ്ങൾ ഔദ്യോഗിക യാത്രകൾക്ക് മാത്രമാണോ ഉപയോഗിച്ചിട്ടുള്ളത് എന്ന് (റൂൾ -5) പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ചട്ടം -8 പ്രകാരം ആറ് മാസത്തിൽ ഒരിക്കൽ ഇന്ധന ഉപയോഗക്ഷമത പരിശോധിച്ച് സാക്ഷ്യപത്രം ലോഗ് ബുക്കിൽ രേഖപ്പെടുത്തണം എന്നുള്ളതും, ചട്ടം -9 പ്രകാരം ഇന്ധനം ഫുൾ ടാങ്ക് നിറയ്ക്കണം എന്നുള്ളതും പാലിച്ചു കാണുന്നില്ല.

നഗരസഭയിൽ വാഹനം ഉപയോഗിക്കുമ്പോൾ ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ വാഹനം ഉപയോഗിക്കുന്നുള്ളൂ എന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ജി.ഒ.(എം.എസ്) 170/07/ത.സ്വ.ഭ.വ തീയതി 30-06-2007, കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 2000 എന്നിവ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**ഭാഗം-4**

# ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

## *ഖണ്ഡിക 4(1) വായ്പ/വായ്പ തിരിച്ചടവ്*

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പ ഇനത്തിൽ വരവില്ല.

## *ഖണ്ഡിക 4(2) സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റുമെന്റുകൾ)*

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹ 77,000.00 |
| തൻവർഷം നിക്ഷേപിച്ച തുക | ₹ 0.00 |
| **ആകെ** | **₹ 77,000.00** |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹ 0.00 |

Local Fund Audit Department

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക (₹) |
|---|---|---|
| 1. | കേരള വർമ്മ ആയുർവ്വേദ സഹകരണ ഫാർമസി ലിമിറ്റഡ് നമ്പർ-4318, തൃശൂർ | 500.00 |
| 2. | 4 3/4 % കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് ലോൺ 1976 | 3,000.00 |
| 3. | 5 1/2 % കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് ലോൺ 1977 | 5,000.00 |
| 4. | 5 1/2 % കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് ലോൺ 1978 | 2,000.00 |
| 5. | 5 3/4 % കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് ലോൺ 1979 | 7,000.00 |
| 6. | 5 3/4 % കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് ലോൺ 1980 | 3,000.00 |
| 7. | 5 3/4 % കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് ലോൺ 1982 | 2,000.00 |
| 8. | കെ.യു.ഡി.എഫ്.സി. 10 ഷെയർ | 1,000.00 |
| 9. | കെ.യു.ഡി.എഫ്.സി. 340 ഷെയർ നമ്പർ-133/8-11-84 | 34,000.00 |
| 10. | കൊല്ലം സ്പിന്നിംഗ് മിൽ ഷെയർ 50 എണ്ണം (സർട്ടിഫിക്കറ്റ് നമ്പർ-867/26-05-83) | 5,000.00 |
| 11. | കെ.യു.ഡി.എഫ്.സി. 145 ഷെയർ നമ്പർ-245/20-11-92 | 14,500.00 |
| **ആകെ** | | **77,000.00** |

Local Fund Audit Department

## ഖണ്ഡിക 4(3) സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ

കേന്ദ്ര-സംസ്ഥാന സർക്കാറുകളിലേയ്ക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും, ഒടുക്കിയതും, ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് | പിരിച്ച തുക (ബില്ലിൽ കുറവു ചെയ്ത തുക ഉൾപ്പെടെ) | ആകെ | തന്നാണ്ടിൽ ഒടുക്കിയ തുക | വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ആദായ നികുതി | 0.00 | 3,23,568.00 | 3,23,568.00 | 3,16,723.00 | 6,845.00 |
| സേവന നികുതി (കേന്ദ്ര സർക്കാരിനുള്ളത്) | (-) 47,066.51 | 3,70,982.00 | 3,23,915.49 | 3,70,982.00 | (-) 47,066.51 |
| വിൽപ്പന/വാങ്ങൽ നികുതി | 5,21,722.50 | 10,09,436.00 | 15,31,158.50 | 10,07,216.00 | 5,23,942.50 |
| സർക്കാരിനുള്ള റോയൽറ്റി | 0.00 | 0.00 | 0.00 | 0.00 | 0.00 |
| ലൈബ്രറി സെസ് | 18,25,463.05 | 3,22,149.00 | 21,47,612.00 | 0.00 | 21,47,612.00 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | (-) 73,610.40 | 3,15,134.00 | 2,41,523.60 | 3,15,134.00 | (-) 73,610.00 |
| റിവർ മാനേജ്മെന്റ് ഫണ്ട് | 0.00 | 0.00 | 0.00 | 0.00 | 0.00 |

Local Fund Audit Department

ലൈബ്രറി സെസ്സ് ഇനത്തിൽ ₹ 21,47,612/- കേരളാ ഗ്രന്ഥശാലാ സംഘത്തിന് ഒടുക്ക് വരുത്തുവാൻ ഉണ്ട്. ലൈബ്രറി സെസ്സ് ഇനത്തിൽ ഈടാക്കുന്ന തുക വർഷത്തിൽ രണ്ട് തവണയായി ഒടുക്ക് വരുത്തേണ്ടതാണ്. ലൈബ്രറി സെസ്സ് ഇനത്തിൽ 2010-11 വരെ ഒടുക്ക് വരുത്തുവാനുള്ള ₹ 21,47,612/- അടിയന്തിരമായി അടവ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ മണൽ വരവ് ഉണ്ടായിരുന്നിട്ടും സർക്കാരിൽ അടയ്ക്കേണ്ട റോയൽറ്റി, റിവർമാനേജ്മെന്റ് ഫണ്ട് എന്നിവയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## ഖണ്ഡിക 4(4) ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം പഞ്ചായത്തിന് ഈയിനത്തിൽ തൻവർഷം വരവില്ല

## ഖണ്ഡിക 4(5) ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം:

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,05,46,756.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 16,34,82,377.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 8,16,314.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,09,626.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,09,379.00 |

Local Fund Audit Department

### (ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3(1) | 0.00 | 2,15,108.00 | ശ്രീ. പി. രാമകൃഷ്ണൻ, സെക്രട്ടറി ₹ 1,07,554/- |

| | | | |
|---|---|---|---|
| | | | ശ്രീ. പ്രേംലാൽ,<br>മുനിസിപ്പൽ എഞ്ചിനീയർ<br>₹ 1,07,554/- |
| 3(2) | 0.00 | 12,213.00 | ശ്രീ. പ്രേംലാൽ,<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3(4) | 0.00 | 1,70,861.00 | ശ്രീ. പ്രേംലാൽ,<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3(6) | 0.00 | 19,963.00 | ശ്രീ. എസ്. ജയകുമാർ,<br>സെക്രട്ടറി |
| 3(7) | 0.00 | 25,490.00 | ശ്രീ. എസ്. ജയകുമാർ,<br>സെക്രട്ടറി |
| 3(9) | 0.00 | 1,12,415.00 | ശ്രീ. എസ്. ജയകുമാർ,<br>സെക്രട്ടറി |
| 3(20) | 0.00 | 19,350.00 | ശ്രീ. എസ്. ജയകുമാർ,<br>സെക്രട്ടറി |
| 3(21) | 0.00 | 25,484.00 | ശ്രീമതി. നീന,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>₹ 11,080/-<br><br>ശ്രീമതി. ലീലാമ്മ. എൽ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>₹ 14,404/- |
| 3(22) | 0.00 | 8,382.00 | ശ്രീ. വിജയൻ,<br>കൃഷി ഫീൽഡ് ഓഫീസർ |
| 3(24) | 0.00 | 360.00 | ശ്രീ. പി. രാമകൃഷ്ണൻ,<br>സെക്രട്ടറി |

Local Fund Audit Department

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ: ഇല്ല

## (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീ. എസ്. ജയകുമാർ, സെക്രട്ടറി | സെക്രട്ടറി, ചെങ്ങന്നൂർ നഗരസഭ | നമ്പർ - 616, ലക്ഷ്മി ഗാർഡൻസ്, കാഞ്ഞിരംകുളം പി.ഒ, തിരുവനന്തപുരം |
| 2. | ശ്രീ. പി. രാമകൃഷ്ണൻ, സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തൃശൂർ കോർപ്പറേഷൻ | ഐശ്വര്യ, അരക്കുറിശ്ശി റോഡ്, മണ്ണാർക്കാട്, പാലക്കാട് |

Local Fund Audit Department

| | | | |
|---|---|---|---|
| 3. | ശ്രീ. പി.കെ. പ്രേംലാൽ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ,<br>പുനലൂർ നഗരസഭ | നന്ദിനി ഹൗസ്,<br>പിറവന്തൂർ,<br>പുനലൂർ പി.ഒ., |
| 4. | ശ്രീ. വി.എ. ബാബുജാൻ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ദാരിദ്ര്യ നിർമ്മാർജ്ജന<br>യൂണിറ്റ്,<br>പത്തനംതിട്ട | ലഭ്യമാക്കിയില്ല<br>*(ശ്രീ. വി. ബാബുരാജൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്ഥിരം മേൽവിലാസം ലഭ്യമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല)* |
| 5. | ശ്രീമതി. നീന.എസ്,<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്,<br>കൊല്ലം അർബൻ-1 | പ്ലാറ്റിനി,<br>മുല്ലുവിള,<br>വടക്കേവിള പി.ഒ.,<br>കൊല്ലം |
| 6. | ശ്രീമതി. എൽ. ലീലാമ്മ,<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്,<br>കൊല്ലം അർബൻ-1 | പ്ലാവിള കളീക്കൽ<br>പുത്തൻവീട്,<br>കുണ്ടറ പി.ഒ.,<br>കുണ്ടറ |
| 7. | ശ്രീ. വിജയൻ,<br>കൃഷി ഫീൽഡ് ഓഫീസർ | വിരമിച്ചു | രേവതി,<br>കുഴിമതിക്കാട് പി.ഒ.,<br>കൊല്ലം - 691 509 |

Local Fund Audit Department

## ഖണ്ഡിക 4(7) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1955-56 | എൽ.എഫ്(എസ്)/6/191/04-06-1995 | - |
| 1956-57 | എൽ.എഫ്(എസ്)/3(എ)/34153/17-06-1976 | - |
| 1964-65 | എൽ.എഫ്(എസ്)/5/4804/66/17-06-1976 | - |
| 1970-71 | എൽ.എഫ്.റ്റി.ഡി.എസ്/3/988/78/08-03-1976 | - |
| 1971-72 | എൽ.എഫ്.റ്റി.ഡി.എസ്/3(എ)/3503/73/07-06-2006 | - |
| 1972-73 | എൽ.എഫ്.റ്റി.ഡി.എസ്/303(എ)/75/17-06-1979 | - |
| 1973-74 | എൽ.എഫ്.റ്റി.ഡി.എസ്/3/2698/78/13-09-1977 | - |
| 1974-75 | എൽ.എഫ്.റ്റി.ഡി.എസ്/3/2921/76/06-02-1978 | - |
| 1975-76 | എൽ.എഫ്.റ്റി.ഡി.എസ്/3/1626/77/10-07-1977 | - |
| 1976-77 | എൽ.എഫ്.റ്റി.എസ്/3/1796/78/23-12-1978 | - |
| 1977-78 | എൽ.എഫ്.ക്യൂ/എം.എൽ./1174/79/19-11-1979 | - |
| 1978-79 | എൽ.എഫ്.ക്യൂ/എം.എൽ./1959/80/03-01-1982 | - |
| 1980-81 | എൽ.എഫ്.ക്യൂ/എം.എൽ./452/82/29-11-1982 | - |
| 1981-82 | എൽ.എഫ്.ക്യൂ/എം.എൽ./711/83/15-09-1984 | - |
| 1982-83 | എൽ.എഫ്.ക്യൂ/ എം.എൽ./817/84/21-03-1986 | - |
| 1983-84 | എൽ.എഫ്.ക്യൂ/ എം.എൽ./744/86/08-03-1986 | - |

Local Fund Audit Department

| | | |
|---|---|---|
| 1984-85 | എൽ.എഫ്.ക്യൂ/ എം.എൽ./619/93/12-06-1990 | - |
| 1985-86 | എൽ.എഫ്.ക്യൂ/ എം.എൽ./281/90/04-06-1990 | - |
| 1986-87 | എൽ.എഫ്.ക്യൂ/ എം.എൽ./1000/90/94/10-07-1991 | - |
| 1987-88 | എൽ.എഫ്.ക്യൂ/ എം.എൽ./1651/91/10-10-1998 | - |
| 1988-89 | എൽ.എഫ്.ക്യൂ/എം.എൽ./363/93/05/05-01-1994 | - |
| 1990-91 | എൽ.എഫ്.ക്യൂ/ എം.എൽ./1030/94/03-06-1995 | - |
| 1991-92<br>1992-93 | എൽ.എഫ്.ക്യൂ/എം.എൽ./902/96/13-12-1996 | - |
| 1993-94<br>1994-95<br>1995-96 | എൽ.എഫ്.ക്യൂ/എം.എൽ./572/97/10-12-1997 | - |
| 1996-97 | എൽ.എഫ്.ക്യൂ/എം.എൽ./692/98/19-06-1999 | - |
| 1997-98 | എൽ.എഫ്.ക്യൂ/എം.എൽ./108/00/23-09-2006 | - |
| 1998-99 | എൽ.എഫ്.ക്യൂ/എം.എൽ./1220/01/19-06-1992 | - |
| 1999-2000 | എൽ.എഫ്.ക്യൂ/എം.എൽ./658/04/12-01-2005 | - |
| 2000-01 | എൽ.എഫ്.ക്യൂ/എം.എൽ./1084/06/01-08-2007 | - |
| 2001-02 | എൽ.എഫ്.ക്യൂ/എം.എൽ./1084/06/01-08-2007 | - |
| 2002-03 | എൽ.എഫ്.ക്യൂ/എം.എൽ./3/2008/11-04-2008 | - |
| 2003-04 | എൽ.എഫ്.ക്യൂ/എം.എൽ./2/08/11-04-2008 | - |
| 2004-05 | എൽ.എഫ്.ക്യൂ/എം.എൽ./1524/08/10-06-2009 | - |
| 2005-06 | എൽ.എഫ്.ക്യൂ/എം.എൽ./855/2009/30-03-2010 | - |
| 2006-07 | എൽ.എഫ്.ക്യൂ/എം.എൽ./76/10/10-06-2010 | - |

Local Fund Audit Department

| | | |
|---|---|---|
| 2007-08 | എൽ.എഫ്.ക്യൂ/എം.എൽ./990/10/28-01-2011 | - |
| 2008-09 | എൽ.എഫ്.ക്യൂ/എം.എൽ./1259/11/20-12-2012 | - |
| 2009-10 | എൽ.എഫ്.ക്യൂ/എം.എൽ./995/12/06-12-2012 | - |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ്**
**ജില്ലാ ഓഫീസ്, കൊല്ലം**

Local Fund Audit Department

SHINE/10/05/2013

# അനുബന്ധം

## ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പരും, തീയതിയും | തുക (₹) | റവന്യൂ റിക്കവറി നടപടയിലൂടെ ഈടാക്കിയ തുക (₹) | ആകെ |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| | പുനലൂർ നഗരസഭ | 2010-11 | ഇല്ല | | | | |

ഒപ്പ്

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
ലോക്കൽ ഫണ്ട് ഓഡിറ്റ്
ജില്ലാ ഓഫീസ്, കൊല്ലം

SHINE/10/05/2013

Local Fund Audit Department

എൽ.എഫ്.ക്യൂ/എം.എൽ/332/2013 തീയതി: 09 ഏപ്രിൽ 2013

# സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994-ലെ കേരള കേരള നഗരപാലികാ നിയമത്തിന്റെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കൺട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പുനലൂർ നഗരസഭയുടെ 31-03-2011-ൽ അവസാനിച്ച വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ എന്റെ അഭിപ്രായത്തിൽ പുനലൂർ നഗരസഭയുടെ 2010-11 വർഷത്തെ ധനകാര്യസ്റ്റേറ്റുമെന്റ് വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

Local Fund Audit Department

ഒപ്പ്

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
ലോക്കൽ ഫണ്ട് ഓഡിറ്റ്
ജില്ലാ ഓഫീസ്, കൊല്ലം

അനുബന്ധം

## ന്യൂനതകളുടെ സംഗ്രഹം

ഒപ്പ്

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
ലോക്കൽ ഫണ്ട് ഓഡിറ്റ്
ജില്ലാ ഓഫീസ്, കൊല്ലം

SHINE/10/05/2013